
ഭാഗം 4



അക്ഷരവൃക്ഷം
കുട്ടികളുടെ അവധിക്കാല
സർഗ്ഗസൃഷ്ടികൾക്കൊരിടം

## കോവിഡ് 19

# കവിതകൾ

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായുള്ള
ലോക്ഡൗൺ പശ്ചാത്തലത്തിൽ
വീടുകൾക്കുള്ളിൽ അവധിക്കാലം ചെലവഴിച്ച
കുട്ടികളുടെ സർഗ്ഗാത്മക രചനകൾ



കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

## അക്ഷരവൃക്ഷം
കുട്ടികളുടെ അവധിക്കാല സർഗ്ഗസൃഷ്ടികൾക്കൊരിടം

# കോവിഡ് 19 കവിതകൾ

## ഭാഗം 4

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

പ്രസിദ്ധീകരണം
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

മേയ് 2020

*Pubilished by :* **State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scert@kerala.gov.in
Phone : 0471 - 2341883, Fax : 0471 - 2341869

*Technical Support :* **Kerala Infrastructure and Technology for Education (KITE)**
Poojappura, Thiruvananthapuram 695012, Kerala

**Cover:** N. T. Rajeev, GHSS, Thariode, Wayanad

**Layout:** Dileep R. S, Mahadevan C. and Sudheer A.
**Printed at** SCERT Press
CC - By - SA - 3.0 license
Department of Education, Government of Kerala



**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**കേരള സർക്കാർ**

**സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം-695 001**

നം.401/പ്രസ്/സി.എം.ഒ/2020. മെയ് 07, 2020.


## സന്ദേശം

'അക്ഷരവൃക്ഷം' രചനകളുടെ മൂന്നും നാലും ഭാഗങ്ങൾ പ്രസിദ്ധീകരിക്കുകയാണല്ലോ. കൊറോണ എന്ന മാരകവൈറസ് ലോകമാകെ പടരുന്ന ഘട്ടത്തിൽ അവധിക്കാലത്തിന്റെ ആഹ്ലാദകരമായ യാത്രകളും ഒത്തുചേരലും പാട്ടും കളിയുമൊക്കെ ഒഴിവാക്കി കുട്ടികൾ വീട്ടിലിരുന്നു തയാറാക്കിയ രചനകളാണ് ഈ ലക്കങ്ങളിലുള്ളത്. പലവിധ പ്രതിസന്ധികളെ അഭിമുഖീകരിച്ചും അവയെ അതിജീവിച്ചുമാണ് മാനവരാശി ഇതുവരെയെത്തിയത്. മനുഷ്യൻ ഇതുവരെ നേടിയ അറിവും അനുഭവവും സാങ്കേതികവിദ്യകളും കൈമുതലാക്കി നമുക്ക് ഇനിയും ഏറെ മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. നാം എത്ര അകലെയിരുന്നാലും അടുത്തു കാണാനും ആശയങ്ങൾ പങ്കുവയ്ക്കാനും അറിവുകൾ നേടാനും പുത്തൻ സാങ്കേതിക വിദ്യയിലൂടെ അവസരമുണ്ട്. നമ്മുടെ കുട്ടികൾ ഭാവനകൾക്ക് ചിറകു നൽകി കഥകളും കവിതകളും ലേഖനങ്ങളും തയാറാക്കി സ്കൂൾ വിക്കിയിൽ അപ്‌ലോഡു ചെയ്തു. അവയിൽ പ്രസിദ്ധീകരണ യോഗ്യമായവ കണ്ടെത്തി എസ്.സി.ഇ.ആർ.ടി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയാണ്. പുതിയ തിരിച്ചറിവുകൾ നേടാനുള്ള അവസരമാക്കി ഈ ആപത്തുകാലത്തെയും മാറ്റാൻ ഇതിലൂടെ കഴിയുന്നു. മറ്റു നാടുകളിലെ നമ്മുടെ കൂട്ടുകാർക്കു കൂടി അനുകരിക്കാവുന്ന മാതൃകയാണിത്.

ഇപ്പോൾ നാം നേടുന്ന ഈ മികവുകൾ നമ്മുടെ അധ്യയന പ്രവർത്തനങ്ങളിലേക്കും വ്യാപിപ്പിക്കേണ്ട കാലമാണ് മുന്നിലുള്ളത്. അതിനാവശ്യമായ മുന്നൊരുക്കങ്ങൾ വേണം. അടുത്തിരുന്നു പഠിച്ചതുപോലെ അകന്നിരുന്നും പഠിക്കാൻ നാം നിർബന്ധിതരായിരിക്കയാണ്. നിങ്ങളിൽ ചിലർ എഴുതിയതുപോലെ കൈകൾ കോർത്ത് മുന്നേറുന്നതിനുപകരം ആശയങ്ങൾകൊണ്ട് കരുതലുകൾ കോർത്ത് മുന്നേറാം. വിജയാശംസകൾ.

പിണറായി വിജയൻ

ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in



Break the chain

കൈവിടാതിരിക്കാം...
കൈ കഴുകൂ...

# ആമുഖം

മധ്യവേനലവധിക്കാലം കുട്ടികൾക്ക് കളിച്ചു തിമിർക്കാനുള്ളതാണ്. പക്ഷെ, ലോക്ഡൗൺ കാരണം കൂട്ടിലിട്ട കിളികളെപ്പോലെയായിരിക്കയാണല്ലോ നമ്മുടെ കുട്ടികൾ. വിരസതയിൽ നിന്ന് അവരെ രക്ഷിക്കാനും സർഗാത്മക പ്രവർത്തനങ്ങൾ വഴി മാനസികോല്ലാസവും ചിന്താപരമായ വളർച്ചയും അവരിലുണ്ടാക്കാനും പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയ **'അക്ഷരവൃക്ഷം'** പദ്ധതി ഏറെ ജനശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി. കോവിഡുമായി ബന്ധപ്പെട്ട ചിന്തകളും ഭാവനകളും കോർത്തിണക്കി കുട്ടികൾ കഥയും കവിതയും ലേഖനവുമൊക്കെയാക്കി എഴുതി. പതിനായിരക്കണക്കിന് കുട്ടികളാണിതിൽ പങ്കാളികളായത്. സ്കൂൾ വിക്കിയെ ഈ രചനകൾ സമൃദ്ധമാക്കി. ഇതിൽ നിന്നും വിദഗ്ദ്ധ സമിതി തെരഞ്ഞെടുത്ത് എസ്.സി.ഇ.ആർ.ടി പ്രസിദ്ധീകരിച്ച രചനകൾ പുസ്തകമായി ഇറങ്ങുകയും പൊതുസമൂഹത്തിന്റെ പ്രശംസ പിടിച്ചുപറ്റുകയും ചെയ്തു. ഇതിന്റെ മൂന്നും നാലും ഭാഗമാണിപ്പോൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നത്. നമ്മുടെ പൊതുവിദ്യാഭ്യാസത്തിന്റെ മികവിനുള്ള സാക്ഷ്യപത്രം കൂടിയാണീ രചനകൾ. ലോക്ഡൗൺ കാലത്തിന്റെ എല്ലാ പരിമിതികളെയും മറികടന്ന് ഇങ്ങനെയൊരു സംരംഭം വൻ വിജയകരമാക്കിയ പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ജീവനക്കാരെയും അഭിനന്ദിക്കുന്നു.

എഴുത്തുകാരായ കൊച്ചു കൂട്ടുകാർക്കും അഭിനന്ദനങ്ങൾ.

**പ്രൊഫ.സി. രവീന്ദ്രനാഥ്**
പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

**എ. ഷാജഹാൻ ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ സെക്രട്ടറി

**ജീവൻബാബു.കെ. ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

**ഡോ.ജെ.പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

**കെ.അൻവർസാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്

**ഡോ.എ.പി. കുട്ടിക്കൃഷ്ണൻ**
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ

# പരിസ്ഥിതിക്കൊരു തുണയാകൂ...

എനിക്കുവയ്യാ ചങ്ങാതീ,
വീട്ടിലിരുന്നു മടുത്തു ഞാൻ.
പഠിച്ചപാഠം മടിയാതെ
എടുത്തുനോക്കൂ കൂട്ടാളീ.
പഠിച്ചപാഠം തീരുമ്പോൾ
പിന്നെന്തുചെയ്യും ചങ്ങാതീ?
കളിച്ചുകൂടെ ചങ്ങാതീ,
മടുപ്പു മാറിപ്പോവില്ലേ?
കളിച്ചിടാനായ് പോകാമോ?
ലോക്ഡൗണായിപ്പോയില്ലേ?
തൊടിയിലിറങ്ങൂ ചങ്ങാതീ
വലിയൊരുപാഠം അവിടില്ലേ?
ചീര നടാനും പയറുനടാനും
പറമ്പൊരുക്കൂ വേഗം നീ.
പറമ്പൊരുക്കി പയറും പാകി
ചീരനടാൻ ഞാൻ നോക്കട്ടെ.
ശ്രമിച്ചുനോക്കൂ സഹപാഠീ,
പരിശ്രമിച്ചാൽ വിജയിക്കും.
വെള്ളംകോരി വലഞ്ഞൂഞാൻ,
കളകളറുത്തുമടുത്തൂ ഞാൻ.
എല്ലാം നന്നായ് വളരുമ്പോൾ
കരളുകുളിർക്കും ചങ്ങാതീ
നല്ലൊരു നാളേയ്ക്കായല്ലേ
ഭൂമീദേവി കനിഞ്ഞീടും
ചെടികൾ തളിർത്തു വളർന്നല്ലോ,
കണ്ണിനു കണിയായ്ത്തീർന്നല്ലോ.
മണ്ണിനെ നന്നായ് സ്നേഹിച്ചാൽ
മണ്ണുതരുന്നത് പൊന്നാകും.
വീടിനു ചുറ്റും കൃഷിയായി
പറവകൾ പലതും വരവായി

പറഞ്ഞതെല്ലാം ചെയ്തുണ്ടാൻ
ഇനിയെന്തുവേണം ചങ്ങാതീ
പണിയും ശീലം കൈമുതലായാൽ
മിടുക്കനായീ ചങ്ങാതീ.
പരിസ്ഥിതിക്കൊരു തുണയായി.
കരുത്തനായ് നീ മുന്നേറൂ.

**ഹരികൃഷ്ണൻ അശോക്**
10 ഹയർ സെക്കന്ററി സ്ക്കൂൾ, കൂത്താട്ടുകുളം
കൂത്താട്ടുകുളം ഉപജില്ല, എറണാകുളം

# കൊറോണ പാഠങ്ങൾ

കൊറോണ പുതിയ പാഠങ്ങളാണ്
നമ്മെ പഠിപ്പിക്കുന്നത്
ശരീരം അകലെയെങ്കിലും
ഹൃദയം കൊണ്ട്
നമുക്ക് അടുക്കാൻ കഴിയും
നമ്മൾ മലിനമാക്കിയ
പുഴകളേയും നദികളേയും
ശുദ്ധീകരിക്കാൻ കഴിയും
മാലിന്യക്കൂമ്പാരമാക്കിയ വീഥികളെ
ശുചികരിക്കാൻ കഴിയും
പുകയില്ലാതെ പൊടിയില്ലാതെ
ശുദ്ധവായു ശ്വസിക്കാൻ കഴിയും
ആർഭാടമില്ലാതെ വേഗതയില്ലാതെ
ജീവിക്കാൻ കഴിയും
പ്രകൃതി നൽകുന്നതാണ്
ഏറ്റവും വലിയ പാഠം
ഒറ്റ വൈറസിന്
നമ്മുടെ ജീവിതത്തെ മാറ്റാൻ കഴിയും

**ലയ മാർട്ടിൻ**
4 A എ എൽ പി എസ് നാട്ടക്കൽ
ചിറ്റാരിക്കാൽ ഉപജില്ല, കാസർഗോഡ്

# അറിവ്

അറിവിന്റെ അക്ഷരത്താളുകളിൽ എഴുതുന്ന
ഒരു നൂറു വരികളാണീ കവിത ....(2)
ഹൃദയത്തിൽ തൊട്ടു ഞാൻ എഴുതി തുടങ്ങട്ടെ ...
ഒരു നാളിൽ അറിവിന്റെ നേർക്കവിത ...(അറിവിന്റെ )
സ്വാർത്ഥമാം ജീവിത ധരണിയിൽ നിന്നും ഞാൻ
നിസ്വാർഥ സ്വപ്നങ്ങൾ കണ്ടിരിക്കെ .....(2)
പുലരിതൻ പൂമ്പട്ട് ചൂടിയ പ്രകൃതിതൻ
നെറുകയിൽ തലോടി കടന്നു എൻ ജീവിതം ...2
(അറിവിന്റെ )
ഇന്ന് നാം കാണുന്ന മഹിമകൾ
മത്സര ബുദ്ധിയായി മാറുന്ന ശ്മശാനങ്ങൾ ...(2)
ഒറ്റപ്പെടുത്തലും പഴിചാരലും പിന്നെ ....
അർത്ഥങ്ങൾ ഇല്ലാത്ത വാക്കേറ്റവും .....
(അറിവിന്റെ )
നന്മകൾ നേരിന്റെ വഴിതെളിച്ചുയരണം
തിന്മകൾ മാറ്റി നാം മുന്നേറണം ...(2)
നാളേയ്ക്ക് വേണ്ടി നാം ഇന്നേ കരുതണം
നേരിന് വേണ്ടി നാം പോരാടണം
നാളെയുടെ നന്മക്കു വേണ്ടി നാം പോരാടണം
(അറിവിന്റെ )

**അഭിരാമി.ആർ**
9 അ എൻ എസ് എസ് എച്ച് എസ് പാലോട്
പാലോട് ഉപജില്ല
തിരുവനന്തപുരം

# മുഖപടം മാറ്റവേ

ഭൂമി ഒരു കിതപ്പോടെ നിന്നു....
കരിംപുകയുടെ മുഖാവരണം മെല്ലെമാറ്റി...
ആളും ആരവവുമൊഴിഞ്ഞ തെരുവുകൾ..
ഭീതിയുടെ നിഴൽ ചൂഴ്ന്നുനില്ക്കുന്ന നഗരങ്ങൾ...
നിലച്ച പള്ളിമണികളും ഓംകാരനാദങ്ങളും..
ഉറങ്ങിക്കിടക്കുന്ന മൈതാനങ്ങളും നടവരമ്പുകളും..
പാതിപണിത കെട്ടിടങ്ങളുടെ അസ്ഥികൂടങ്ങൾ......
മാലിന്യങ്ങൾതേടി നിരാശയോടെ
ചില്ലകളിലൊതുങ്ങിയ കാക്കകൾ....
ഒട്ടിയവയറും ദീനമായ നോട്ടവുമായി
ചടഞ്ഞുകൂടിയ തെരുവുനായ്ക്കൾ.......
ബഹിരാകാശസഞ്ചാരികളെപ്പോലെ വേഷമണിഞ്ഞ്
മൃതദേഹങ്ങളുമായ് നീങ്ങുന്നവർ...
നിലവിളിയുടെയോ പ്രാർഥനകളുടെയോ അകമ്പടിയില്ലാതെ
എരിഞ്ഞടങ്ങുന്ന ശരീരങ്ങൾ.
വയ്യ.....ഈകാഴ്ചകൾ...
പക്ഷേ.....
കർമഫലം അനുഭവിച്ചല്ലേ തീരൂ.....

**എലിബത്ത് മാത്യു**
10 എ എ.എം.എച്ച്.എസ് കാളകെട്ടി
ഈരാറ്റുപേട്ട ഉപജില്ല, കോട്ടയം

# പാഠം-1 : കോവിഡ്കാലം

ഇത്തിരി പോന്നോരണുവിനാൽ നമ്മൾ
ഒത്തിരി കാര്യം പഠിച്ചു
അവനവന് വേണ്ടി ജീവിച്ചവർ
നമ്മളീ പ്രകൃതിയുടെ താളം മറന്നു
എല്ലാത്തിലും മുമ്പൻ ഞാനെന്നഹങ്കരിച്ച്
പേടിച്ചോടുന്നവൻ വീടിനുള്ളിൽ
പ്രകൃതി നമുക്കായി കരുതി വെച്ച
പ്രതികാരമെന്നതേ സത്യം...
ഓർക്കണം നമ്മൾ പണ്ട് നശിപ്പിച്ച
വിലയേറും ഭക്ഷണമെല്ലാം
അന്ന് മറന്നൊരാ കഞ്ഞിയും കപ്പയും
ചക്കപ്പുഴുക്കും തിരിച്ചു വന്നു
വായ മൂടിക്കെട്ടി കൈയ്യും കഴുകീട്ട്
പുതിയ സംസ്കാരം പഠിച്ചു നമ്മൾ
അയലത്തരവയർ നിറയാത്തവർക്കായി
അലിവോടെ ആവത് ചെയ്തു
തെളിനീര് നിറയുന്ന പുഴകൾ കണ്ടു
വിഷവാതമില്ലാത്തൊരാകാശവും
കാക്കിയുടുപ്പിലെ കരുതല് കണ്ടു നാം
വെള്ളയുടുപ്പിന്റെ സഹനം കണ്ടു
അമ്പലത്തിന്നും പള്ളിക്കും മേലെയാണ്
ആതുരാലയമെന്ന് കണ്ടു
ശാസ്ത്രം നയിക്കുന്ന പാതയിലൂടെ നാം
വീണ്ടുമൊരുമിച്ച് കൂടും
ഇതിലും വലിയവ കണ്ടവർ നമ്മളീ
നിമിഷവും താണ്ടി ജയിക്കും

**ശ്വേത സി**
5 E പി.സി.പാലം എ യു പി സ്കൂൾ
ബാലുശ്ശേരി ഉപജില്ല, കോഴിക്കോട്

# എന്ന് നിങ്ങളുടെ സ്വന്തം ഭൂമി

നിങ്ങൾക്കവൻ വില്ലൻ ആവാം....
ശത്രു ആവാം.
എന്നാൽ അവൻ കാരണം
നിങ്ങൾക്ക് ഞങ്ങളോടുള ക്രൂരത കുറഞ്ഞു.
ആരും മരങ്ങൾ മുറിക്കാതെയായി.
അനാവശ്യമായി വാഹനങ്ങളിൽ പുറത്തിറങ്ങി നടക്കാതെയായി.
ഇതുവരെ നിങ്ങളാൽ ശ്വാസംമുട്ടി ജീവിച്ച
എനിക്കും ഇപ്പോൾ ശുദ്ധവായു ശ്വസിക്കാൻ പറ്റി.
നിങ്ങൾ പിടിക്കാൻ നടന്ന പക്ഷികളും മൃഗങ്ങളും
നിങ്ങളെ പേടിക്കാതെ പുറത്തിറങ്ങി നടന്നു.
നിങ്ങൾ കീറിയ എന്റെ വസ്ത്രമായ ഓസോൺ പാളി
ഇപ്പോൾ പഴയപോലെ ആയി.
അങ്ങനെ ഒരുപാട് കാര്യങ്ങൾ
അവൻ എനിക്കുവേണ്ടി ചെയ്തു തന്നു
അതെ
അവനും എന്റെ മകൻ ആയിരുന്നു.
നിങ്ങൾ അവന് നൽകിയ പേര് കൊറോണ.
എങ്കിൽ എനിക്ക് വൻ രക്ഷകൻ.

**ഫിദ നസ്റി**
6 D എ.എം.യു.പി.സ്കൂൾ ക്ലാരി നോർത്ത്
താനൂർ ഉപജില്ല
മലപ്പുറം

# ശുചിത്വത്തോടെ

അങ്ങേ വീട്ടിലെ കണ്ണപ്പനുണ്ണി
കണ്ണും തള്ളിയിരിക്കുന്നു
കൈയും വായും കഴുകാതങ്ങനെ
മുഖവും കാലും കഴുകാതെ
തിന്നു നടന്നു കണ്ണപ്പൻ
വയറു നിറച്ചും കൂസാതെ
രോഗാണുക്കൾ പതിയെ പതിയെ
കണ്ണപ്പനെ പിടികൂടി
ഡോക്ടർവന്നു പരിശോധിച്ചു
രോഗം പലവിധമെന്നുപറഞ്ഞു
മരുന്ന് പലതും കൊടുത്തു പിന്നെ
സൂചീം കുത്തി പലവട്ടം
ഓർക്കുക നമ്മൾ ചങ്ങാതികളെ
ശുചിത്വമോടെ ജീവിക്കാൻ

**ദിലീന കെ പി**
1 ബി
അബ്ദുറഹിമാൻ സ്മാരകം യു പി സ്കൂൾ
പാനൂർ ഉപജില്ല, കണ്ണൂർ

# കടക്കൂ പുറത്ത് കോവിഡേ

കൊലയാളി കോവിഡിൻ കളികളൊന്നും
മലയാളനാട്ടിൽ വേണ്ടേ വേണ്ട.

കുറേയോണമുണ്ടവർക്ക്
എന്ത് കൊറോണ?
സോപ്പിട്ട് നിന്നെ പതപ്പിച്ച് കൊന്നിടും,
ആതുര സേവനത്തിൽ മാതൃക നൽകിടും,
മണ്ണിലെ മാലാഖമാരുള്ളൊരു നാട്.
കാക്കിയിൽ കർക്കശർ കരളലിവുള്ളവർ
കാക്കുന്നു എന്റെ നല്ല നാട്.

ചങ്കുറപ്പുള്ളൊരു നേതൃത്വവും,
ചങ്കുറപ്പുള്ളൊരു ടീച്ചറമ്മയും.
അതിജീവനത്തിന്റെ പാതയിൽ
അണപ്പൊട്ടി ഒഴുകുന്നു സ്നേഹം.

കടക്കൂ പുറത്ത് കോവിഡേ,
ഈ മലയാള മണ്ണിൽ നിന്ന്
കടക്കൂ പുറത്ത്.

**ഷഫ്ന ഷിഹാബുദീൻ**
4B അസംപ്ഷൻ ഹൈസ്കൂൾ പാലമ്പ്ര
കാഞ്ഞിരപ്പള്ളി ഉപജില്ല, കോട്ടയം

# കൊറോണ

ചൈനയിലെങ്ങോ
പിറന്ന കൊറോണ
ലോകം മൊത്തം
പടർന്ന കൊറോണ
ചെറുതിൽ ചെറുതാം
കുഞ്ഞു കൊറോണ
ലോകം മുഴുവൻ ചുറ്റി നടന്ന്
എല്ലാമെല്ലാം പൂട്ടികെട്ടി
നീ ചൊല്ലും പാഠം
എന്ത് കൊറോണ?

**അമീറ എ**
3 A ഗവ. എൽ. പി. എസ്സ്. ആലപ്പാട്
കരുനാഗപ്പള്ളി ഉപജില്ല, കൊല്ലം

# കോവിഡ്

നിന്റെ യുദ്ധ വീര്യമൊരു ജൈവ യുദ്ധം തീർത്തു
ലോക വിനാശത്തിൻ കരുവായിടുമ്പോൾ
കൈ വിറയ്ക്കില്ല കാൽ തളരില്ല എൻ
കൈ പിടിയ്ക്കുവാൻ ആയിരങ്ങൾ പിന്നിലായി.

മരണമലയുന്ന മുറിവിലേയ്ക്കൊരു കുഞ്ഞു
താങ്ങു നിൽക്കുവാൻ ചേർത്തു പിടിയ്ക്കുവാൻ
ഞങ്ങളായിരം കാവൽ മാലാഖമാർ
കയ്യൊപ്പ് ചാലിച്ച് പോരാടും....

**മനീഷ മനോഹരൻ**
9 A R S M H S Pazhangalam
കുണ്ടറ ഉപജില്ല, കൊല്ലം

# ഒത്തുപിടിക്കാം

കൊറോണയെന്നൊരു വൈറസാണേ
ലോകം മുഴുവൻ താണ്ഡവമാടും
ചൈനയിൽ നിന്നും വന്നവനിപ്പോൾ
ഉലകം മുഴുവൻ ചുറ്റീടുന്നു
കുട്ടികളെന്നോ മുതിർന്നവരെന്നോ
അവനൊരു നോട്ടവുമില്ലേയില്ല
ജാതിയുമില്ല മതവും ഇല്ല
ദേശവുമില്ല ഭാഷയുമില്ല.
വലിയവനെന്നോ ചെറിയവനെന്നോ
ഭേദവുമേതും അവനില്ലല്ലോ
കയ്യിൽ കയറിപ്പിടിക്കുകയാണേൽ
സോപ്പിട്ടങ്ങു പതപ്പിച്ചീടാം
മാസ്കും ഗ്ലൗസ്സും പോരാ
മീറ്റർ ദൂരം വേറെ വേണം
ഇങ്ങനെയെല്ലാം സൂക്ഷിച്ചീടിൽ
കൊറോണയെ നാം വിജയിച്ചീടും
ഒത്തുപിടിക്കാം ഒന്നിച്ചീടാം
ലോകത്തിന്റെ നന്മയ്ക്കായി....

**നീരജ് മനോജ് കെ**
5 A ആർ. സി. യു. പി. എസ്. കയ്പമംഗലം
വലപ്പാട് ഉപജില്ല, തൃശ്ശൂർ

# എന്റെ ചങ്ങാതി

ഒറ്റയ്ക്കിരിക്കുവാനൊക്കില്ലെനിക്കെന്റെ
കൂട്ടുകാരൊത്ത് കറങ്ങിനടക്കണം
വീട്ടുവിശേഷങ്ങൾ പങ്കിട്ടു ചെല്ലേണം
നാട്ടിലെ കാര്യങ്ങൾ കണ്ടറിഞ്ഞീടണം
പാടവരമ്പിലും തോട്ടിലിറമ്പിലും
പാഴ്ക്കിനാവൊത്തിരി നെയ്തു കൂട്ടീടണം
പാടും പുഴയെന്റെ വീട്ടിനടുത്തുണ്ട്
പണ്ടെ പഹയനെൻ ചക്കരച്ചങ്ങാതി
പാട്ടുമറന്നവൻ പാടെ മെലിഞ്ഞുപോയ്
പക്ഷെ ഇന്നുമെനിക്കവൻ നൊമ്പരചങ്ങാതി

**അയോണ ക്ലിന്റൻ**
4 A ഇൻഫന്റ് ജീസസ് എൽ പി എസ് തുണ്ടത്തുംകടവ്
ആലുവ ഉപജില്ല, എറണാകുളം

# കരുതാം അതിജീവനത്തിന്

ചിമ്മിനിക്കൊച്ചു വിളക്കുമേന്തി
അങ്ങിങ്ങുമെല്ലാം തിരഞ്ഞു നോക്കി
നാട്ടിലാരൊ പറഞ്ഞുകേട്ടു
കുഞ്ഞു കൊറോണ ഇങ്ങുമെത്തി
കൈകൾ സോപ്പിട്ട് കഴുകിടേണം
കൃത്യമായ് അകലം പാലിക്കണം
ഇത്തിരി കുഞ്ഞനെ ഞാനെന്തിന്-
പേടിക്കണം എന്ന് പുച്ഛിച്ചു ഞാൻ
വൈകാതെ വീട്ടിലെ അതിഥിയായി
കുഞ്ഞു കൊറോണയും ഓടിയെത്തി
വന്നതറിഞ്ഞില്ല;
വരുമെന്ന് ചൊന്നില്ല
പ്രാണന്റെ ചാവിയും കൊണ്ടുപോയി
ഇത്തിരിയൊന്ന് ശ്രദ്ധിച്ചിരുന്നേൽ രക്ഷപ്പെടാമായിരുന്നെനിക്ക്..
വീട്ടിൽ ഇരിക്കാം ജാഗ്രതയാവാം
അതിജീവനത്തിന്ന് കരുതലാകാം...

മുഹമ്മദ് റസിൻ. ടി

# അമൃത്

വാനിൻ മാറിൽ പാറിനടക്കും
പൂമ്പാറ്റ പെണ്ണോതുന്നു:
എന്തൊരു ചന്തം, എന്തൊരു ഭാഗ്യം,
എന്നെ പോലെ നിനക്കാമോ?
എന്നെ പോലെ പാറിനടക്കാൻ,
പൂവുകളിൽ പോയി തേൻ നുകരാൻ.
ഇല്ലേ മോഹം നിന്നുടെ ഉള്ളിൽ
പിച്ചനടക്കും പൊന്നുണ്ണി.
വാനിൽ പാറാൻ, പൂന്തേനുണ്ണാൻ
നീളെ പാറി നടന്നീടാൻ.
ആവില്ലെങ്കിലുമുണ്ടൊരു ഭാഗ്യം
അറിവിന്നമൃത് നുകർന്നീടാൻ.

**ഗായത്രി പി. രാജ്**
7A അസംപ്ഷൻ ഹൈസ്കൂൾ പാലമ്പ്ര
കാഞ്ഞിരപ്പള്ളി ഉപജില്ല, കോട്ടയം

# ജന്മാന്തരങ്ങൾ.....

ഭയക്കണം നാം നമ്മെ
ഊഴിയിൽ മറ്റാരെയും
ഭയക്കേണ്ടതില്ല നാം തെല്ലും
വരമായ് കിട്ടിയൊരു മർത്യജന്മം
പാരിന്നു വിനയായിത്തന്നെ തീർന്നു
പണിതുയർത്തി മാളികക്കോട്ടകൾ
പണവും അതിനായ് പണിതുയർത്തി
ജന്മങ്ങൾ ബന്ധങ്ങൾ വിലയില്ലാ നാണയത്തുട്ടുകൾ പോലവേ
ചിതറിത്തെറിക്കുന്നു മാറുന്നു കോലങ്ങൾ....
ഇത്തിരിപ്പോന്നൊരു കീടത്തിൻ ജല്പനം
ഗർജ്ജനമായി ഭവിച്ചിടുമ്പോൾ
ഇനിയുമെടുക്കാത്ത ജീവിതക്കോലങ്ങൾ
ആടുമോ നമ്മതൻ ഭാവപ്പകർച്ചകൾ....

Drisya.
IV.B എ.എം.എൽ.പി.സ്കൂൾ വളവന്നൂർ നോർത്ത്
താനൂർ ഉപജില്ല, മലപ്പുറം

# തേങ്ങുന്ന ഗംഗ

പുണരുന്ന നദിയായ ഗംഗേ നീ
തളരുന്ന നദിയായതെന്തേ?
മാനവസൃഷ്ടികൾകൊണ്ടോ അതോ മാറിലെ
ഛിന്നതകൾ കൊണ്ടോ
കാർമുകിൽ കാന്തിയാം ഗംഗേ
കരയുന്നതെന്തിനായ് ഗംഗേ
കാനനദുഖങ്ങൾ കേട്ടോ
അതോ കരിനാഗനേത്രങ്ങൾ കണ്ടോ?
അലിയുന്ന മനസ്സുള്ള ഗംഗേ
അലിവിനായ് കേഴുന്നു ഞങ്ങൾ
പവിത്രമീ ജന്മത്തിൽ മാപ്പു നല്കി
തീർത്ഥമായ് ഒഴുകട്ടെ നിൻ ധാര
ഒഴുകട്ടെ നിന്റെയാ പുണ്യജലത്തിലായ്
മരവിച്ച എന്റെയീ ശാപജന്മം...

**ശിവ പ്രീയ**
8 B എ ബി വി എച്ച് എസ് എസ്, മുഹമ്മ
ചേർത്തല ഉപജില്ല, ആലപ്പുഴ

# തോരാമഴ

ഇന്നും തോരാതെ
ഉള്ളിലൊരു മഴ പെയ്യുന്നുണ്ട്
ചിലപ്പോൾ വിശപ്പിന്റെ വിളിയിൽ
കണ്ണീർമഴയായിരിക്കും
അമ്മയുടെ മുഖത്ത്
എപ്പോഴും പെയ്യാത്ത കാർമേഘവും
അച്ഛൻ കലിതുള്ളി വീശും
തുലാവർഷക്കാറ്റുപോലെ
ഇന്നും മഴയാണ് ഓർമകളിൽ തോരാതെ

**സിയ ബിനോജ്**
4 A എ യു പി എസ് ദ്വാരക
മാനന്തവാടി ഉപജില്ല, വയനാട്

# അതിജീവിച്ചീടാം

കൊറോണ എന്നൊരു മാരി പടർന്നു.
ലോകത്തെല്ലാം ഭീതി പരന്നു.
ചൈനയിൽ നിന്നു പുറപ്പെട്ടു
ജനലക്ഷങ്ങൾ ബലിയാടായി
വൻകര താണ്ടി രാജ്യം താണ്ടി
ഇന്ത്യയിലും അത് വന്നെത്തി
ഇന്ത്യയിലാകെ പടർന്നീടുമ്പോൾ
കേരളം ഇതിനെ ചെറുത്തു നിർത്തി
ലോകത്തിനു മാതൃകയായി
ജാഗ്രതയോടെ മുന്നേറാം
മഹാമാരിയെ തളർത്തീടം
കരുതാം നമുക്ക് കൈകഴുകാം
കൊറോണയെ തുരത്തിടാം

**റിഷോഭ് രാജ് . കെ.വി**
7 A എ. യു. പി. എസ്. ആലന്തട്ട
ചെറുവത്തൂർ ഉപജില്ല, കാസർഗോഡ്

# വൃത്തി വൃക്ഷം

ശുചിത്വമെന്നത് മനസ്സിലുണ്ടായാൽ
ആരോഗ്യം താനെ നമുക്ക് കാക്കാം
വൃത്തിവൃക്ഷമെന്നൊരു വൃക്ഷത്തെ
സൃഷ്ടിക്കാം നമ്മുടെ മനസ്സിൽ
തുരത്തിടാം നമുക്കൊന്നിച്ച്
കോവിഡ് എന്ന ദുരന്തത്തെ
വൃത്തിയെ വെടിയാതിരുന്നാൽ
വിജയം നമുക്കിന്ന് കൈവരിക്കാം
ഒന്നായ് നമുക്ക് തുരത്തീടാം
വീട്ടിലിരുന്ന് തുരത്തീടാം
എന്നെന്നേക്കുമകറ്റീടാം
മാരക രോഗം നശിച്ചാലും
ശുചിത്വമെന്നതു മറക്കല്ലേ

**ഫാത്തിമ ഷബീഹ**
3 എ എ.എം.എൽ.പി.സ്കൂൾ ക്ലാരി പുത്തൂർ
താനൂർ ഉപജില്ല, മലപ്പുറം

# ഇനിയും പോകുന്നില്ലേ

കൊറോണ .മൂപ്പര് നാട്ടിൽ വന്നു
നാട്ടുക്കാരെല്ലാം ഭയപ്പാടിലായ്
മരുന്നുമില്ല വാക്സിനുമില്ല
ആളുകളാകെ കഷ്ടത്തിലായ്
വീട്ടിലിരുന്നു മടുത്തു ഞങ്ങൾ
കളികൾ കളിച്ചു മടുത്തു ഞങ്ങൾ
പാട്ടുകൾ പാടി മടുത്തു ഞങ്ങൾ
നാട്ടിലെ ചക്കയും മാങ്ങയുമായി
വിഭവങ്ങൾ പലതും ഒരുക്കി ഞങ്ങൾ
ചക്കക്കൂട്ടാനും ചമ്മന്തിയും
ചക്കക്കുരു കൊണ്ട് പായസവും
മാങ്ങ കൊണ്ട് മാങ്ങടയും
എല്ലാമൊരുക്കി സമയം നീക്കി
കൊറോണ എന്നിട്ടും പോകുന്നില്ലേ!

**ഹിന ഫാത്തിമ.എ**
4 എ.എം.എൽ. പി. സ്കൂൾ കന്മനം നോർത്ത്
താനൂർ ഉപജില്ല, മലപ്പുറം

# ഈ കാലവും കടന്നു പോകും

ഭൂമിയെ ഒട്ടാകെ അടക്കി ഭരിച്ചോരെ
അടക്കിയിരുത്തി ഒരു കുഞ്ഞു കീടാണു
കണ്ണിലുടക്കാത്ത ഇത്തിരി കുഞ്ഞൻ.
നക്ഷത്രമെണ്ണിച്ച് ലോകരെ മൊത്തമായ്
ആയിരമായിരം ജീവൻ പൊലിഞ്ഞിട്ടും
ആയുധമൊന്നില്ല തടുത്തു പിടിക്കുവാൻ
ഭൂമിയെ നോവിച്ച ദ്രോഹിച്ച നാളുകൾ
തിരിഞ്ഞ് കുത്തുന്നെന്ന് ഓർക്കാം നമുക്കിനി
ഭൗമദിനത്തിൽ പ്രതിജ്ഞ പുതുക്കിടാം
ഭൂമിക്ക് തണലാവാം മക്കൾ നാം ഏവരും
മണ്ണിലിറങ്ങിടാം കളകൾ നീക്കിടാം
വിത്തുകൾ പാകിടാം പുത്തൻ പ്രതീക്ഷയായ്
വിഷമില്ലാ പകയില്ലാ വിദ്വേഷമില്ല....
കറയില്ലാ മനസ്സുമായ് ഒന്നിച്ചു നീങ്ങിടാം
മാനം വെളുക്കും പൂക്കൾ തളിർക്കും
രാവുകൾ പലതും താണ്ടും ഇനിയേറെ
ഈ കാലവും കടന്നു പോകും....
മറക്കാതിരിക്കാം ഒന്നിച്ചു നേരിടാം....

**ഫാത്തിമ നിഹ പി**
6 L എ.എം.യു.പി.സ്കൂൾ അയ്യായ
താനൂർ ഉപജില്ല, മലപ്പുറം

# മടക്കം

ചിരിക്കുന്നു പാരിടം
കുളിരണിയുന്നു കൺനിറയെ
പാറി നടക്കുന്നിതാ ചുറ്റിലും
ഭയമേതുമില്ലാതെ പറവകൾ
വെട്ടാനോങ്ങുന്ന മഴുവിനെ നോക്കി
ഭയന്നൊരാ തണൽമരക്കാമ്പ്
ഭയന്നോടിയകന്ന മാനവനെ -
നോക്കിയന്തിച്ചു നിന്നു.
അന്ന് മലിനമായ് മലീമസമായ്
തട്ടി തടഞ്ഞൊഴുക്കിയിരുന്നൊരാറുകൾ
താനറിയാതെ തെളിനീരൂറി വരുന്നതു ക-
ണ്ടാനന്ദ പുളകിതയായി
പ്രാണവായുവും തെളിഞ്ഞു
കുടിനീരും തിളങ്ങി
ശകട ശബ്ദങ്ങളെല്ലാമൊതുങ്ങി
പഞ്ചഭൂതങ്ങളൊക്കെയും ചോദിച്ചു?
ആരിവൻ??? ആരിവൻ???
ഇത്രമേൽ കരുത്തൻ
മാനവരാശിയെ കിടുകിടാ വിറപ്പിപ്പോൻ
ആരാണാ ശക്തിമാൻ
ഇത്തിരി ക്കുഞ്ഞൻ കൊറോണയോ?

**ഫാദി മുഹമ്മദ്**
7c എ എം യു പി സ്കൂൾ അരീക്കാട്
താനൂർ ഉപജില്ല, മലപ്പുറം

# നേരറിവ്

നേരേ നടന്നൊന്നു നോക്കുന്ന നേരത്ത്
നേരിന്റെ ചെയ്തികൾ കാണുന്നുണ്ടോ
കനിവിനായ് കൈ നീട്ടി കരയുന്ന ഭൂമി തൻ
വിങ്ങുന്ന മാർത്തടം കണ്ടിടാതെ
കുന്നും മരങ്ങളും വെട്ടി നിരത്തിയും
പച്ചയാം പാടങ്ങൾ വാർപ്പിട്ടുയർത്തിയും
ഒരു തുള്ളി നീരുറവ വെട്ടിപ്പിടിച്ചും
കീടങ്ങളെ കൊന്ന് വിഷമയമാക്കിയും
സ്വന്തം സുഖത്തിനായ് കൊന്നും
പര സ്പരം കൊലവിളിച്ചും
കൊഞ്ചുന്ന ബാല്യങ്ങൾ തച്ചുടച്ചും
മാറ്റേണം നമ്മളീ ചിന്തകളെല്ലാം
മാറേണം മാറേണം നാമേവരും
ഞാനെന്ന ഒന്നിൽ തുടങ്ങി
നാം ഈലോകമൊന്നായ് വെടിപ്പാക്കണം
പേമാരിയും പ്രളയവും വേനലും വരൾച്ചയും
ലോകം വിഴുങ്ങുന്ന മഹാവ്യാധിയും
ഒന്നിച്ചു പൊരുതി നാം മാറ്റീടേണം
കളംകളം പാടും പുഴകളെ കാണണം
കിളികൾ തൻ മധുരമാം പാട്ടുകൾ കേൾക്കണം
പുഞ്ചിരി തൂകുന്ന പുക്കളെ കാണണം
ചാഞ്ചാടിയാടുന്ന വയലുകൾ കാണണം
ഇതിനായി നമ്മൾ മാറിടേണം
ആരോഗ്യത്തോടെ ഇരിക്കുവാനായി നാം
ഒരുമയോടൊന്നിച്ച് മുന്നേറണം
കനിവും കരുണയും തണലും കരുതലും
സ്നേഹത്തിൻ നിറവും കാത്തീടേണം
ഒരു മയിലൊന്നിച്ചു മുന്നേറണം ........
നാം നല്ലൊരു ലോകം പണി തീടേണം .

**ദേവിക .വി.പി**
7 G എ എം യു പി സ്കൂൾ ക്ലാരി നോർത്ത്
താനൂർ ഉപജില്ല, മലപ്പുറം

# ഭൂമിയുടെ കാവൽക്കാർ

അമ്മയാം ഭൂമിക്ക് കാവലാവാൻ
നമ്മളല്ലാതെ മറ്റാരുമില്ല
മലയില്ല മരമില്ല കിളികളില്ല
മഴയില്ല പുഴയില്ല പൂക്കളില്ല
മരുഭൂമിയാം മലനാട്ടിലിപ്പോൾ
മലകളായ്  മാലിന്യക്കൂമ്പാരങ്ങൾ
വെള്ളവും വായുവും വിഷമാക്കി നാം
കടലുപോലും വിഷമയമാക്കിടുന്നു
ഒരുതുള്ളി വെള്ളമില്ലാത്തകാലം
അധികം വിദൂരമല്ലപോലും
നേരമില്ല ഒട്ടും നേരമില്ല
ജീവന്റെ നന്മയെ വീണ്ടെടുക്കാൻ
നമ്മളല്ലാതെ മറ്റാരുമില്ല

**സാന്ദ്ര**
7 എ എം യു പി എസ് ക്ലാരി നോർത്ത്
താനൂർ ഉപജില്ല, മലപ്പുറം

# തുരത്തിയോട്ടാം വൈറസിനെ

ലോകം മുഴുവൻ ചുറ്റി നടക്കും
മനുഷ്യരെയെല്ലാം ജീവനെടുക്കും
കോറോണയെന്നൊരു മഹാമാരിയിവൻ
കടയിൽ പോയാൽ കൈ കഴുകേണം
പുറത്തിറങ്ങാൻ മാസ്ക്കും വേണം
കൂട്ടംകൂടാൻ പറ്റില്ല
എന്തൊരു വൈറസാണിവൻ
ഒറ്റക്കെട്ടായ് തുരത്തിടാം .......
നമുക്കൊറ്റക്കെട്ടായ് തുരത്തിടാം ..... വൈറസിനെ

**നശ്വാൻ സി**
1 A എ എം യു പി എസ് പാറക്കൽ
താനൂർ ഉപജില്ല, മലപ്പുറം

# കൊറോണ

ഭയന്നിടില്ല നാം ചേർന്നു നിന്നിടും
കൊറോണയെന്ന ഭീകരന്റെ കഥകഴിച്ചിടും
തകർന്നിടില്ല നാം കൈകൾ ചേർത്തിടും
നാട്ടിൽ നിന്നും ഇന വിപത്തകന്നിടും വരെ
കൈകൾ നാം ഇടക്കിടെ സോപ്പു കൊണ്ട് കഴുകണം
പുറത്ത് പോകും നേരത്ത് മാസ്ക്കെടുത്ത് ധരിക്കണം
കൂട്ടമായി പൊതുസ്ഥലത്തെ ഒത്തുചേരൽ നിർത്തണം
രോഗമുള്ള രാജ്യവും രോഗിയുള്ള ദേശവും
എത്തിയാലോ മറച്ചു വച്ചിട്ടില്ല നാം
രോഗലക്ഷണങ്ങൾ കാണുകിൽ
ദിശയിൽ നാം വിളിക്കണം
ചികിൽസ വേണ്ട സ്വന്തമായി
ഭയപ്പെടേണ്ട ഭീതിയിൽ
ഒറ്റക്കെട്ടായി നമ്മൾ ചേരണം
ഈ മഹാമാരിയെ തുടച്ചു നീക്കണം

**റിൻഷിദ ബാനു. K. P**
4 B എ.എം.യു.പി.സ്കൂൾ ജ്ഞാനപ്രഭ
താനൂർ ഉപജില്ല, മലപ്പുറം

# കിരീടം വെച്ച വൈറസ്

വന്നു മഹാമാരി കോവിഡെന്ന പേരിൽ
കിരീടം വെച്ചൊരു വൈറസാണേ
താണ്ഡവമാടുന്നു സർവ്വലോകത്തിലും
പാരിനെയാകെ തകർത്തിടുന്നു..
തുരത്തണം നമുക്കിതിനെ ഒന്നിച്ചു നിന്ന്
അതിനായി നമ്മൾക്കകന്നിരിക്കാം
വീട്ടിലിരിക്കാം കുറച്ചു ദിനങ്ങൾ
വീടൊന്നു തൂക്കാം ചെടി വളർത്താം
സ്നേഹ ബന്ധങ്ങൾ ദൃഢമാക്കി മാറ്റാം
സഹിക്കാം നമുക്കീ ബന്ധനത്തെ
നല്ല നാളേക്കായ്, വിജയത്തിനായി
പൊരുതാം തകർക്കാം കൊറോണയെ നീക്കാം
കഴുകിടാം കൈകൾ വൃത്തിയോടെത്തന്നെ
എഴുതാം വരയ്ക്കാം അകലങ്ങൾ തീർക്കാം
വെയിലേറ്റ് വാടുന്ന പോലീസ് മാമനും
പ്രാണൻ മറക്കുന്ന മാലാഖ മുത്തുകൾ
നെട്ടോട്ടമോടുന്ന നന്മ മനസ്സുണ്ട്
ആശങ്കയാർക്കുന്ന അമ്മ മുഖങ്ങളും
കഴിയും നമുക്ക് ,തടയാം നമുക്ക്
തുരത്താം വിപത്തിനെയകറ്റി നിർത്താം
സധൈര്യം പൊരുതാം പിടിച്ചുനിർത്താൻ...

**ഫാത്തിമ ലൈബ**
7 A എ എം യു പി എസ് പാറക്കൽ
താനൂർ ഉപജില്ല
മലപ്പുറം

# അമ്മ വാത്സല്യം

കാറ്റായ് പുഴയായ് തഴുകിയെത്തും അമ്മവാത്സല്യം
വാനിലെ നക്ഷത്രമായ് മിന്നിനിൽക്കും അമ്മവാത്സല്യം
മഴയായ് കുളിരായ് ഇളം തെന്നലായ്
ഓടിയെത്തും അമ്മവാത്സല്യം
നിത്യവും നീലനിലാവായ് കാത്തുനിൽക്കും സ്നേഹവാത്സല്യം
പൂവായ് പൂന്തേനായ് വിരിഞ്ഞുനിൽക്കും മലരായ്
മാനായ് മയിലായ് കുളിരുണർത്തി
ചെറുപക്ഷിയായി പറന്നുയരും
നിനവായ് കോരിയെടുക്കും അമ്മവാത്സല്യം
മഴത്തുള്ളിയായ് മഞ്ഞുതുള്ളിയായി തുയിലുണർത്തും
മണിമുകിലായ് നീലാകാശമായ് ഓടിയെത്തും അമ്മവാത്സല്യം
സ്നേഹവാത്സല്യം
ഈ കൊറോണ നാളിൽ നേടി ഞാൻ അമ്മവാത്സല്യം

**രേവതി**
7 എ.എം.യൂ.പി.എസ് ,അയിരൂർ
വർക്കല ഉപജില്ല
തിരുവനന്തപുരം

# ജീവിതം

ഒരു പുഴയായി എന്നും നിറഞ്ഞിടും
പുളവാർന്ന തിരകളിലേറി
നനവാർന്ന മണ്ണിനെന്നും
തുണയാങ്ങനെ ഒഴുകിടും.
ശ്രുതിലയ താള ലഹരിയിൽ
നിത്യസംഗീത വേദിയായ്

മൌനത്തിൻ നൃത്തച്ചുവടുകളുമായി
കണ്ണീരിന്റെ ഭാഷ തീർത്തു
അതങ്ങനെ ഒഴുകിടുന്നു
ദൈവത്തിൻ സ്തുതിയർപിച്
എൻ ജീവിതം..........

**നാജിസ് റഹ്മാൻ കെ**
6 M എ.എം.യു.പി.സ്കൂൾ അയ്യായ
താനൂർ ഉപജില്ല, മലപ്പുറം

# അല്ലിമുല്ല

അല്ലിലല്ലലം പാടി വരുന്നൂ
അല്ലി മുല്ല തൻ കാമ്യ സുഗന്ധം
അല്ല ദൈവമേ ആരൂ കൊടുത്തൂ !
അല്ലി മുല്ലയ്ക്ക് വിണ്ണിൻ പുടവ..

അമ്പിളിക്കുടം വെൺപാലു തൂകി
അല്ലി മുല്ല വളർന്നിട്ടുമാവോ
അഞ്ജനപ്പെണ്ണിൻ വാർമുടിക്കെട്ടിൽ
ആത്മഗന്ധം പകർന്നിരിക്കാനോ ?

അശ്രു വീണു കുതിർന്നൊരീ മണ്ണിൻ
അൻപിതല്ലയോ ഈ പുഷ്പവ്രതം
അനിലനരുമയായ് നിന്നെത്തലോടി
ആഗമിക്കും ഇതെത്ര സുഗന്ധം !

അങ്കണത്തിലെ നൈർമല്യമായി
അംഗമാകുന്നിതെൻ അല്ലി മുല്ല
ആർദ്ര ലോലമായുള്ളൊരീ ഭാവം
ആഭ ചൊരിയുന്നിതിന്നെന്റെയുള്ളിൽ !

അല്ലി തന്നിലൊരു നീഹാര ബിന്ദുവായ്
അല്പം മാറുവാൻ എന്തൊരുല്ലാസം
അല്ലുമല്ലലും കൂടാതെ നിന്റെ
അല്ലി കാണുവാൻ എന്തിഷ്ടമെന്നോ !

അംബരത്തിലെ വെൺതാരകം പോൽ
അങ്കണത്തിലെ വെൺമങ്കയോ നീ
ആത്മദളമാകുമെന്നല്ലിമുല്ലേ
ആരു തന്നു നിനക്കീ സുഗന്ധം ??

**അപർണ്ണാ രാജ്**
6 എ.എം.യൂ.പി.എസ് ,അയിരൂർ
വർക്കല ഉപജില്ല, തിരുവനന്തപുരം

# മിന്നലാട്ടം

കാട്ടാറു വഴിതെറ്റി ഇരമ്പിക്കുതിക്കയായ്
കാടകം ഞെട്ടിവിറയ്ക്കയായ്
വാനിതിൽ ഗർജ്ജിച്ചിതെത്തുന്നവൾ
വജ്രതേജസ്സുമായ് മിന്നൽപ്പിണർ

കാഞ്ചന വല്ലിപോൽ മിന്നൽപ്പിണർ
വാനിതിൽ മിന്നി മറയുന്നിതാ....
ഒത്തിരി ക്ഷമയേകൂ എന്റെ ദേവീ....
ഒത്തെങ്കിൽ പൈക്കളെ കൊണ്ടുപോകാം

കോപമിതെന്തിനാണെന്റെ ദേവീ....
കോപത്തിനിത്തിരി ശാന്തി നൽകൂ
അലറുന്നതെന്തിനാണെന്റെ ദേവീ ....
അല കടലാഴത്തിലേറുന്നതും.....

കേഴുന്ന പൈക്കിടാവെന്ന പോലേ....
ഉൾഭയം കൊള്ളുന്നിതെൻ നെഞ്ചകം
നിന്നമ്മയവിടെ കേഴുന്നിതാ.....
നെഞ്ചകം കേണു വിളിക്കുന്നിതാ....

പോരുക പോരുക എന്നരികിൽ
നേരം കളയാതെ പോരുക നീ....
നീയിങ്ങ് പോരുക എന്നരികിൽ
നീയതോ തുള്ളി രസിക്കുന്നുവോ...

വെള്ളിടിപ്പൊട്ടിച്ചു മിന്നൽപ്പിണർ
മിന്നി വരുന്നെന്റെ പൈക്കിടാവേ...
ചാടി രസിക്കേണ്ട നേരമല്ലിപ്പോൾ
നേരം പഴാക്കാതെ വായോ നീയും

**അപർണ്ണരാജ്**
6 എ.എം.യു.പി.എസ് ,അയിരൂർ
വർക്കല ഉപജില്ല
തിരുവനന്തപുരം

# മഴ

ചന്നം പിന്നം മഴ പെയ്തു
മുറ്റം നിറയെ മഴവെള്ളം
വയലുകൾ നിറയെ മഴവെള്ളം
പുഴകളിലെല്ലാം മലവെള്ളം
തോടുകൾ നിറയെ ചെളി വെള്ളം
പേക്രോം പേക്രോം തവളകൾ പാടി
മീനുകളയ്യാ തുള്ളിച്ചാടി
തുമ്പികളാകെ പാറിപ്പാറി
താറാക്കൂട്ടം നീന്തി രസിച്ചു
ചന്നം പിന്നം മഴ പെയ്തു
ഹാ ഹാ ഹാ ഹാ മഴ പെയ്തു

**ശ്രേയ കൃഷ്ണ കെ**
ഒന്നാം ക്ലാസ് വി കെ എസ് എൻ എം എ എൽ പി സ്കൂൾ
വെള്ളാമ്പുറം, വണ്ടൂർ ഉപജില്ല
മലപ്പുറം

# മഴയുടെ താളം

മുകളിൽ നീലാകാശത്ത്
ഉരുണ്ടുകൂടി കാർമേഘം,
താഴെ മണ്ണിൻ തീച്ചൂടെല്ലാം
അലിഞ്ഞുപോയി വേഗത്തിൽ
കുഞ്ഞു മനസ്സിൽ സന്തോഷം
തിരതല്ലുന്നു കടലോളം.
കർഷകരെല്ലാം ആഹ്ലാദത്തിൽ .
കുന്നിൻ ചെരുവിൽ കൈത്തോട്ടിൽ ,
കടലിൻ നടുവിൽ, കാടുകളിൽ
ഇടമുറിയാതെ പെയ്യുന്നു
മഴ മഴ മഴ മഴ താളത്തിൽ

**Shifin Mohammed**
2 B എ.എം.എൽ.പി എസ്. പടിഞ്ഞാറെകര
വേങ്ങര ഉപജില്ല
മലപ്പുറം

# എന്റെ സ്വപ്നം

ഞാനൊരു കൊച്ചുകിളിയായെങ്കിൽ
പാറിപ്പാറി നടന്നേനേ..
മലയുടെ മുകളിൽ പുഴയുടെ മുകളിൽ
പാറിപ്പാറി നടന്നേനെ.
ഞാനൊരു അണ്ണാൻക്കുഞ്ഞായെങ്കിൽ
ചാടിച്ചാടി നടന്നേനേ..
മരത്തിൻ മുകളിൽ ചില്ലകൾ തോറും
ചാടിച്ചാടി നടന്നേനെ.
ഞാനൊരു കൊച്ചുകിടാവായെങ്കിൽ
ചാടിത്തുള്ളി നടന്നേനേ..
വയലിൻ നടുവിൽ പുൽമേടുകളിൽ
ചാടിത്തുള്ളി നടന്നേനെ.
ഞാനൊരു കുഞ്ഞുമീനായെങ്കിൽ
നീന്തിത്തുടിച്ചു രസിച്ചേനേ..
കൈത്തോടുകളിൽ പുഴകളിലെല്ലാം
ചാടിത്തുള്ളി നടന്നേനെ.

**മുഹമ്മദ് സാബിത്ത്**
1 ആ എ.എൽ.പി.എസ് കാടാമ്പുഴ
കുറ്റിപ്പുറം ഉപജില്ല
മലപ്പുറം

# ചിറകറ്റ നൊമ്പരം

കൂടു കൂട്ടാൻ ഇനിയില്ല
താങ്ങായി നിന്ന മരച്ചില്ല
വെട്ടിയ ദുഷ്ടർക്കറിയില്ല
പൊട്ടിയ മുട്ടകൾ വിരിയില്ല
ഒഴുകിയ കണ്ണീരിനതിരില്ല
ചെയ്ത മർത്യനു മാപ്പില്ല
കടുത്ത ചൂടിനി കുറയില്ല
തണലൊരുക്കാൻ മരമില്ല
വെട്ടിമുറിച്ചു കളയുമ്പോൾ
വെച്ചുപിടിപ്പിക്കുന്നില്ല
ഇങ്ങനെ പോയാൽ ഈ ഭൂവിൽ
അധിക നാളാരും വാഴില്ല.

**ഐശ്വര്യ കൃപാൽ**
4 B എ.എൽ.പി.എസ്. മുള്ളമ്പാറ
മഞ്ചേരി ഉപജില്ല, മലപ്പുറം

# ഹരിതഭൂമി

ഹരിതാഭയേകി നിൽക്കുമീ പ്രകൃതി
ദൈവത്തിൻ വരദാനമോർക്കുക നാം
ക്രൂരനാം മനുഷ്യ മൃഗങ്ങൾ നിരന്തരം
വേട്ടയാടുന്നീ മാതാവിനെ...
കാലങ്ങളായുള്ള പീഡനമേറുമമ്മ
അവശയായ് മാറിയെന്നോർക്കുക നാം
ദുരന്തങ്ങളായ് നമ്മെ വേട്ടയാടുന്നത്
അമ്മതൻ സങ്കടമാണെന്നോർക്കൂ...
വെട്ടിമാറ്റില്ല വൃക്ഷങ്ങളൊന്നുമേ
ഇടിച്ചു നികത്തില്ല കുന്നും വയലും
ഇത്തരം പ്രതിജ്ഞയെടുക്കുക നാം
നെഞ്ചോടടക്കി പിടിക്കാം ആ അമ്മയേ...

**മുഹ്സീന എ**
8 A എ.കെ.എം.എച്ച്.എസ്. കുടവൂർ
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

# ഭീകരൻ

ജാതിയുമില്ല
മതവുമില്ല
നിറങ്ങളുമില്ല
കോവിഡിന്
വറുതിക്കാലം
അറിയാത്തവരെ
അറിയിച്ചു വന്ന
കോവിഡെ നീ
കളിയും ചിരിയും
അവധിക്കാലവും
തട്ടിയെടുത്ത
കൊലയാളി..

**നവാസ് ഷരീഫ് എൻ**
5 A കോട്ട് എ എം യു പി എസ് തിരൂർ,മലപ്പുറം,തിരൂർ
തിരൂർ ഉപജില്ല, മലപ്പുറം

# രക്ഷക്കായ്

നമ്മൾ കരുതിയാൽ
ഈ നമ്മളും രക്ഷപ്പെടും
ആ നിങ്ങളും രക്ഷപ്പെടും
ഈ നാട്ടാരും രക്ഷപ്പെടും
റോഡിൽ ഇറങ്ങി നടന്നിടാതെ നിങ്ങൾ വീട്ടിൽത്തന്നെയിരുന്നിടണേ
നമ്മളൊന്നായ് പൊരുതീടണേ
നാടിൻ വിജയം കണ്ടിടണേ

**റിൻഹ ഫാത്തിമ**
1 B എ.എം.എൽ..പി.എസ് .തൂമ്പോത്ത്പറമ്പ
വേങ്ങര ഉപജില്ല
മലപ്പുറം

# എൻ നോവ്

ഭൂമി തൻ മടിത്തട്ടിൽ അന്തിയുറങ്ങും മന്നവാ
നീ അറിയുക വിരഹത്തിൻ കഥകൾ
മഴയില്ല വെയിലില്ല ര്തുക്കൾ ക്രമത്തിലില്ല
കിളയില്ല ഉഴുത്തില്ല മണ്ണിൽ തൊട്ടതേയില്ല
തൊഴുത്തില്ല ചെറിയ വിളകൾ-
മെയ്യനങ്ങാതെ ഒട്ടുമേയില്ല
കേരത്തിൽ നാട്ടിൽ, കേളികേട്ട നാട്ടിൽ
കേമനായ് വർത്തിക്കേണ്ട ഞാനിന്നോ.....??
എൻ ഓമനപ്പേര് പോലും മറന്നീടുന്നു
രഹിതമാം കാലത്തിൻ രഥത്തിൽ......
ഇന്നാർക്കോ വേണ്ടി......
രമിക്കുന്നു ഞാനിന്ന്
ശോഷിച്ചു, സിരകൾ തളർന്നു ഒരു തുള്ളി -
ശുദ്ധ ജലത്തിനായി കേഴുന്നു.
ദൈവത്തിൻ സ്വന്തം നാട്ടിൽ
പച്ചപ്പിൻ കമ്പിളിപുതപ്പ് മാറ്റിയതാര്??....
ഇന്നെൻ ഓർമയിൽ തെളിനീർ വീഴ്ത്തുന്നു
കുത്തി വെച്ച് ഇന്നിതാ എന്നാത്മാവിൻ
പേമാരിപെയ്തീടുന്നു, പ്രളയം പെരും കളി-
യാടുന്നു കൂടെ കുറെ മഹാമാരികളും
ഭൂലോകമാകെ വിറകൊള്ളുന്നിപ്പോൾ
താണ്ടവ നടനം തുടരുന്ന ഇന്നീ വേളയിൽ
കൊറോണയും ഭീകരൻ വിനാശകാരി
ജാതിയേതുമില്ല, മതമേതുമില്ല,
പ്രാണനായ് കേഴുന്നു മർത്യകുലം
മാനുഷരെല്ലാരും ഒന്നുപോലെ....
ഓർമിപ്പാൻ വന്നൊരു സോജമോ....??
നീരില്ലാ കൺ കോണുകൾ അടച്ചിരുന്ന് മുറുകേ....
ഞാനിന്ന് സ്വപ്നങ്ങൾ മണ്ണിട്ട് മൂടി....

**ഫാത്തിമ നസ്വീഹ**
6 B എ എം എച്ച് എസ് എസ് പൂവമ്പായി
ബാലുശ്ശേരി ഉപജില്ല, കോഴിക്കോട്

# മഹാമാരി

ഭൂമിയാകെ നിശ്ശബ്ദമായി
ലോകമെങ്ങും വിതുമ്പുന്നു
തിരക്കാർന്ന ജീവിതം നിലച്ചു പോയി
പുഞ്ചിരികളെല്ലാം മാഞ്ഞുപോയി
ഇന്ന് ഞാൻ കേൾക്കുന്നു കിളികളേ നിൻസ്വരം
ഇലകളെന്തോ കാതിൽ ചൊല്ലിടുന്നു
ഇന്ന് ഞാൻ ശ്വസിക്കുന്നു ശുദ്ധവായു
കാണുന്നു ഇന്ന് ഞാൻ മനുഷ്യസ്നേഹം
ഭൂമിയാകെ നിശ്ശബ്ദമായി
കാലമെങ്ങും വിതുമ്പുന്നു
തിരക്കാർന്ന ജീവിതം നിലച്ചുപ്പോയി
പുഞ്ചിരികളെല്ലാം മാഞ്ഞുപ്പോയി
ആർഭാടമില്ലാതെ വിഷു വന്നുപോയ്
സമയം തികയാത്ത മനുഷ്യനിപ്പോൾ
സമയമെന്തെന്നു മറന്നുപോയി

**Nifal C**
4 B എ എം എച്ച്എസ് വേങ്ങൂർ മേലാറ്റൂർ ഉപജില്ല
മേലാറ്റൂർ ഉപജില്ല
മലപ്പുറം

# ലക്ഷ്മണ രേഖ

കറി വെക്കാൻ ഇനി കറിവേപ്പില മാത്രം
അടുക്കളയിൽ അമ്മ പിടയുന്നു
ഇനിയെന്തെന്ന ചിന്തയിൽ
ഉമ്മറപ്പടിയിൽ അച്ഛനിരിക്കുന്നു
സദാ മൊബൈലിൽ തോണ്ടുന്ന ഏട്ടനും
ഭംഗി കൂട്ടാനെന്ത് ചെയ്യുമെന്ന് ചേച്ചിയും
ഇത്ര മാത്രം വരച്ച വരയിൽ നിർത്താൻ
നീ എന്താ
ലക്ഷ്മണ രേഖയോ ....

**സൻഹ**
ഒന്ന് ബി എ എം എൽ പി സ്കൂൾ വേങ്ങര കുറ്റൂർ
വേങ്ങര ഉപജില്ല, മലപ്പുറം

# പൂച്ച

ഉണ്ണിക്കുണ്ടൊരു
പൊണ്ണൻ പൂച്ച
പൊണ്ണത്തടിയൻ
കണ്ണൻ പൂച്ച
മ്യാവു മ്യാവു
കരയും പൂച്ച
കരിമഷി പോലെ
കറുമ്പൻ പൂച്ച
കുറുമ്പ് കാട്ടും
കണ്ണൻ പൂച്ച
അഞ്ചികൊഞ്ചി
കുഴയും പൂച്ച
തുള്ളിച്ചാടി
നടക്കും പൂച്ച

**ജാസിം അക്മൽ**
2 B എ.എം.എൽ.പി എസ്. പടിഞ്ഞാറെകര
വേങ്ങര ഉപജില്ല

# ഹേ മനുഷ്യാ

ഹേ മനുഷ്യാ
നീ എന്താണിങ്ങനെ
എത്ര പറഞ്ഞിട്ടും
അനുഭവിച്ചറിഞ്ഞിട്ടും
നീ  പഠിക്കാത്തതെന്തേ
പാൽ മണമൂറും പുഞ്ചിരി വിടർത്തുന്ന പൈതലിൻ
കൊഞ്ചൽ നീ അറിയാതെ പോകുന്നുവോ...
വാർധക്യത്തിന്നാധിയിൽ
കോറോണയെന്നമഹാ മാരിയിൽ
വീണുഴലുന്ന ജന്മങ്ങളെന്തേ
നീ കാണാതെ പോകുന്നുവോ ...
വിടരാൻ കൊതിക്കുന്ന മൊട്ടുകളുണ്ടിവിടെ
അഹങ്കാരത്തിന്നഗ്നിയിലേക്ക്
എറിയരുതതിനെ ...
വിശപ്പടക്കാൻ പാടുപെടുന്ന
സഹജീവികളെയോർക്കുക നീ
കണ്ണുനീരിനാൽ കൈ കഴുകുന്ന
ജീവിതങ്ങളെയോർക്കുക  നീ...

**സൂര്യ കൃഷ്ണ**
രണ്ട് ബി എ എം എൽ പി സ്കൂൾ വേങ്ങര കുറ്റൂർ
വേങ്ങര ഉപജില്ല
മലപ്പുറം

# കൈ കോർക്കാം.... നല്ലൊരു നാളെക്കായ്....

പരിസ്ഥിതിയാണെൻ ജീവവായു....
കാത്തിടുകതിനെ നാം മടി കൂടാതെ
ഇല്ലായെങ്കിൽ....
കെഞ്ചിടും നാമൊരിറ്റ്
ദാഹജലത്തിനായ്..
ഓർക്കുവാൻവയ്യാകാലം....
മണ്ണില്ലാതെ....
മരമില്ലാതെ....
മാനസംതഴുകും
കാറ്റില്ലാതെ....
പ്ലാസ്റ്റിക്കെന്നൊരാ
വിഷജന്തു എറിയരുത്
ഒരിക്കലും
പ്രകൃതിതൻ മാറിടത്തിലേക്ക്
അടിഞ്ഞുചേർന്നാൽ നമുക്കേകും
വിഷമയമാർന്നൊരു തണ്ണീർ....
അഗ്നിക്കിരയാകിൽ
അവതൻ പുകമയം
അന്തരീക്ഷത്തിനാത്മാവിൽലയിച്ചു
മാനവനേകിടും
തീരാവ്യാധി....
പിന്നീടവയെ തടുത്തുനിർത്താനാവില്ലാർക്കും....
പരിലാളിക്കുക....
സ്നേഹപരിചരണങ്ങളേകുക....
ശുചിയാക്കുക....
നാം നമ്മുടെ പരിസ്ഥിതിയെ....

**Gaurinanda.M**
1 B എ എം എൽ പി സ്കൂൾ തിരുവാലി
വണ്ടൂർ ഉപജില്ല
മലപ്പുറം

# കൊറോണക്കാലം

ഓടിക്കളിച്ചു രസിച്ച അവധിക്കാലം തടങ്കലിലായി..
അക്ഷരമുറ്റം പാഠശാലകളെല്ലാം
ലോക്ക്ഡൗണിൽ..
നാടിനെ വിറപ്പിച്ച കോവിഡ് 19
ലോകജനതയെ ജീവനെടുത്ത-
രോഗാണുക്കൾ..
സോപ്പും ഹാൻഡ്‌വാഷും മാസ്ക്കുമാണു മുന്നോട്ടുള്ള പ്രയാണം..
സ്നേഹിച്ച മടിത്തട്ടു പോലും
കൈവിടുന്ന രോഗമേ -നീ വിടപറഞ്ഞാലും
രോഗാണുവേ -നീ വേഗം നശിച്ചാലും
രോഗമേ നീ വിടപറഞ്ഞാലും.

**മിജ്റാസ്**
2 B എ.എം.എൽ.പി.എസ്. ഓമാനൂർ
കിഴിശ്ശേരി ഉപജില്ല
മലപ്പുറം

# പ്രതീക്ഷ

ഇരുളിന്റെ മറനീക്കി ഭീതിയുടെ അതിർ നീക്കി
ഇനി വരും ഒരു ഉഷസ്സിന്റ തൂവെളിച്ചം
നാടും നഗരവും ഇടനാട്ടു വഴികളും
ഇനി തുറന്നിടാം പുതിയ പുലരിക്കായ്
പുതിയ ചിന്തകളും പുതിയ പ്രതീക്ഷകളുമായ്
തിരികെയെത്താം നല്ല നാളേക്കായ്
പലതും പഠിച്ചു നാം പലതും തളച്ചു നാം
പല മനം കോർത്തൊരാ അദൃശ്യ പോരാളിയെ

**ഹിഷാം അലി പി**
3 B എ എം എൽ പി സ്കൂൾ ചെങ്ങര
അരീക്കോട് ഉപജില്ല
മലപ്പുറം

# ലോക്ഡൗണില്ല

സൂര്യനുദിക്കാൻ ലോക്ഡൗണില്ല
സ്നേഹം പകരാൻ ലോക്ഡൗണില്ല
ഫുഡ് കഴിക്കാൻ ലോക്ഡൗണില്ല
പ്രാർത്ഥിക്കാനും ലോക്ഡൗണില്ല

ചിത്രം വരക്കാൻ ലോക്ഡൗണില്ല
കഥകളെഴുതാൻ ലോക്ഡൗണില്ല
വെള്ളമൊഴിച്ചും കള പറിച്ചും
പരിസ്ഥിതി കാക്കാൻ ലോക്ഡൗണില്ല

കോവിഡ് 19 ബന്ധന കാലം
വാഹനമില്ല തിരക്കുകളില്ല
സാമൂഹിക അകലം പാലിക്കാം
കൈകൾ രണ്ടും കഴുകീടാം
ഫോണിൽ ബന്ധം ചേർത്തീടാം
അതിജീവിക്കാം നമുക്കൊന്നിക്കാം

**മുഹമ്മദ് മുസമ്മിൽ ടി**
2 B എ.എം.എൽ.പി.എസ്. ഓമാനൂർ
കിഴിശ്ശേരി ഉപജില്ല, മലപ്പുറം

# പൂമ്പാറ്റ

പൂക്കൾ തോറും പാറി നടക്കും
പാറ്റേ പാറ്റേ പൂമ്പാറ്റേ
പുത്തനുടുപ്പിട്ട പൂമ്പാറ്റേ
പുള്ളിയുടുപ്പൊന്നു കാണട്ടെ
ചെറുചിറകുള്ളൊരു പൂമ്പാറ്റേ
പുള്ളികളുള്ള പൂമ്പാറ്റേ
പൂന്തേനുണ്ണും പൂമ്പാറ്റേ
പാറി നടക്കും പൂമ്പാറ്റേ

**ഫാത്തിമ ഹുസ്ന. കെ**
1 എ എ എം എൽ പി സ്ക്കൂൾ ചെരക്കാപറമ്പ്, വെസ്റ്റ്
മങ്കട ഉപജില്ല
മലപ്പുറം

# കൊറോണക്കാലം

വിശപ്പിൻ വിലയറിഞ്ഞ കാലം
ഭീതിയെന്തെന്നറിഞ്ഞ കാലം
കൂട്ടമരണം നടന്ന കാലം
കൂട്ടരെക്കാണാൻ കൊതിച്ച കാലം
പള്ളിക്കൂടങ്ങൾ അടച്ച കാലം
പഠനങ്ങളെല്ലാം നിലച്ച കാലം
ആഡംബരങ്ങളൊഴിഞ്ഞ കാലം
പണമൊന്നുമല്ലെന്നറിഞ്ഞ കാലം
ഫാസ്റ്റുഫുഡ്ഡുകൾ മരിച്ച കാലം
ജൈവ വിഭവം പിറന്ന കാലം
പഴയതിലേക്കൊന്ന് തിരിഞ്ഞു നോക്കാൻ
ദൈവമേ നീ തന്ന 'നല്ല'
'കഷ്ട കാലം'

**ആദിൽ ഹഖ് കെ**
1അ എ എം എൽ പി സ്കൂൾ പണിക്കർകുണ്ട്
മലപ്പുറം ഉപജില്ല, മലപ്പുറം

# നാളേയ്ക്കു വേണ്ടി

നാളേയ്ക്കു വേണ്ടി
ഒരു തൈ നടാം
നമുക്കമ്മയ്ക്കു വേണ്ടി
ഒരു തൈ നടാം കൊച്ചു
മക്കൾക്കു വേണ്ടി
ഒരു തൈ നടാം നൂറു
കിളികൾക്കു വേണ്ടി
ഒരു തൈ നടാം നൂറു
ജീവനു വേണ്ടി
ഒരു തൈ നടാം
നല്ല ശ്വാസത്തിനായി
ഒരു തൈ നടാം
ഈ ലോകത്തിനായി..

**ഫഹദ്. എം. പി**
1 D എ. എൽ പി എസ് മുണ്ടംപറമ്പ,
കിഴിശ്ശേരി ഉപജില്ല, മലപ്പുറം

# ഹൃദയത്തുടിപ്പ്

ഞാനും ഇവിടെ ഉണ്ടായി പാരിടത്തിൻറെ
ദുഃഖ ഭംഗങ്ങൾ ഏകയായി.........
അലക്കടൽ തിരമാല പോൽ അലറുന്ന
ജീവൻറെ ഹൃദയത്തുടിപ്പു മായി............
സമ സ്വച്ഛമായൻ അനന്തവിഹായസിൽ
ഏത് കോണിൽ നീ നിരോഭവിച്ചു ............
ചിത്ര വർണം ചേർത്ത് അനർക്കമായെന്റെ
നന്മയത്വം എന്തേ തച്ചുടച്ചു ..........

**അശ്വജിത്ത് ടി**
4 A എ.എം.എൽ.പി. എസ് .വടക്കുമ്മല
അരീക്കോട് ഉപജില്ല
മലപ്പുറം

# രോഗപ്രതിരോധം

ചൈന എന്ന നാട്ടിൽ നിന്ന് ഉയർന്നു വന്ന ഭീകരം. .......
ലോകമാകെ ജീവിതം തകർത്തു കൊണ്ടു നീങ്ങവെ..
നോക്കുവിൻ ജനങ്ങളെ കേരളത്തിൽ ആകെയും.......
ഒത്തുചേർന്നു തീർത്തിടുന്ന കരുതലും കരുണയും...
ജാഗ്രത.. ജാഗ്രത... ജാഗ്രത..

ഉച്ചയേറും ആയുധങ്ങളല്ല ജീവൻ ആശ്രയം..
ഒന്ന് ചേർന്നു മാനസങ്ങളാണ തെന്ന് തന്നെ ഓർക്കണം
കൊറോണയാൽ മരിച്ചിടാതെ കാക്കണം പരസ്പരം
നാടണഞ്ഞ കൂട്ടരും കരുതണം ജയത്തിനായ്..
നാട്ടിലാകെ ഭീതിയായ് പടർന്നിടുന്നതാ വസൂരി
കുത്തിവെപ്പിലൂടെ തീർത്തു കേരളം ചരിത്രമായ്
സ്വന്തം ജീവൻ വിലകൊടുത്തും നേടിയതാ....
ജാഗ്രത... ജാഗ്രത... ജാഗ്രത..

**മുഹമ്മദ് ഷമീം. കെ**
2D എ. എൽ. പി. എസ് മുണ്ടംപറമ്പ,
കിഴിശ്ശേരി ഉപജില്ല
മലപ്പുറം

# മാലാഖ

ഞാൻ കണ്ടൊരു മാലാഖ
വെള്ളയുടുപ്പിട്ട മാലാഖ
മഹാമാരിതൻ കാലത്തും
വിശ്രമമില്ലാത്ത മാലാഖ

**ആദിത്യ**
2 A എ എം എൽ പി സ്കൂൾ കൊടുമുണ്ട
പട്ടാമ്പി ഉപജില്ല
പാലക്കാട്

# എന്റെ ആദ്യ വിദ്യാലയം

കരഞ്ഞു ഞാൻ കയറിയോരാ പടികൾ
ഇന്നു ദുഖമൊതുക്കി ഞാൻ പിന്നിടുന്നൂ
കൂട്ടുകൂടാനും കളിക്കുവാനും
പാട്ടു പാടാനും പഠിക്കുവാനും
അക്ഷരത്തിരിവെട്ടമുള്ളിൽ കൊളുത്തിയ
അദ്ധ്യാപകരേയുമോർത്തിടുന്നൂ
ഞെട്ടറ്റു വീഴുന്ന പൂവുപോലെ
വീണുടയും മഴത്തുള്ളിപോലെ
ഒരു സ്വപ്നം കണ്ടുണരുന്നപോലെ
തീർന്നുപോയാനല്ലദിനങ്ങളിന്ന്
വിടചൊൽകയാണെൻ വിദ്യാലയമേ
മായത്തൊരോർമ്മയും പേറി ഞാനും

**നിദ ഫാത്തിമ കെ എച്ച്**
4 A എ എം എൽ പി സ്കൂൾ കൊടുമുണ്ട
പട്ടാമ്പി ഉപജില്ല, പാലക്കാട്

# നാടിൻ നന്മ

വൃത്തിയായ് നടക്കണം
കൈ ഇടയ്ക്കു കഴുകണം
വായമൂടി വെക്കണം
ദൂരമിട്ടു നിൽക്കണം
വീട്ടിനുള്ളിൽ കഴിയണം
നല്ലപോൽ ഉറങ്ങണം
ശുദ്ധമായ വെള്ളവും
നല്ലതായ ഭക്ഷണോം
നിത്യവും കഴിക്കണം
ശക്തരായിത്തീരുവാൻ
ശക്തരായി നിൽക്കണം
നാടിൻ നന്മ ചേർക്കുവാൻ

**ബാദുഷ**
3 A എ എം എൽ പി സ്കൂൾ കൊടുമുണ്ട
പട്ടാമ്പി ഉപജില്ല, പാലക്കാട്

# മാനത്തെ പൂന്തോട്ടം

മാനത്തയ്യട കണ്ടില്ലേ
ചേലേറുന്നൊരു
പൂന്തോട്ടം .
അന്തിയുറങ്ങും നേരത്ത്
പൂക്കൾ വിരിയും പൂന്തോട്ടം
ചന്ദ്രനുദിക്കും നേരത്ത്
കൂടെ വിരിയും പൂന്തോട്ടം

**Nazal TC**
2 B എ.എം.എൽ.പി എസ്. പടിഞ്ഞാറെകര
വേങ്ങര ഉപജില്ല, മലപ്പുറം

# നല്ല നാളേയ്ക്ക്

ഒരു നല്ല നാളേക്ക്
അനുസരിക്കാം അകന്നു നിൽക്കാം
സർക്കാർ നിയമം പാലിക്കാം
തൊടതിരിക്കാം കണ്ണും മൂക്കും
കൈകൾ കഴുകാം ഇടയ്ക്കിടെ
വീട്ടിലിരിക്കാം യാത്ര കുറയ്ക്കാം
ഒരുമ വളർത്താം മനസുകളിൽ.
നന്ദിയോടെ സ്മരിച്ചീടാം
ആരോഗ്യത്തിൻ കാവൽക്കാരെ
അതിജീവിക്കാൻ പോരാടാം
സുന്ദരമായൊരു നാളേയ്ക്കായ് '

**ശ്രീലക്ഷ്മി എം**
3 എ എ.എം.എൽ.പി.സ്കൂൾ അയ്യായ
താനൂർ ഉപജില്ല, മലപ്പുറം

# തകർക്കണം തകർക്കണം നമ്മളീ കൊറോണ തൻ കണ്ണിയെ

തകർക്കണം തകർക്കണം നമ്മളീ
കൊറോണ തൻ കണ്ണിയെ
തുരത്തണം തുരത്തണം നമ്മളീ
ലോക ഭീതിയെ
ഭയപ്പെടേണ്ടാ കരുതലോടെ
ഒരുമയോടെ നീങ്ങിടാം
മുന്നിൽ നിന്ന് പട നയിച്ച്
കൂടെയുണ്ട് പോലീസും
ഒരുമയോടെ കൂടെ നിന്നീ
വിപത്തിനെ ചെറുത്തിടാം
മുഖത്ത് നിന്ന് പുഞ്ചിരി
മാഞ്ഞിടാതെ നോക്കിടാം
മാസ്ക് കൊണ്ട് മുഖം മറച്ച്
അണുവിനെ അകറ്റിടാം
കൈകഴുകി കൈ തൊടാതെ
തകർച്ചയെ മുറിച്ചിടാം
വേറൊരാൾക്കും നമ്മളാൽ
രോഗം വരാതെ നോക്കിടാം
തകർക്കണം തകർക്കണം
നമ്മളീ കൊറോണയെ
തുരത്തണം തുരത്തണം
ഈ രോഗ ഭീതിയെ
ഈ മരണ ഭീതിയെ

**FATHIMA RIYA K**
3 B എ.എം.എൽ.പി.എസ്.പൂന്താവനം
മേലാറ്റൂർ ഉപജില്ല
മലപ്പുറം

# ഇന്നത്തെ നാട്

കൊറോണ പോകുന്നതുവരെ
നമുക്കൊപ്പം ഒരുമയോടെ നിൽക്കാം
ഹോട്ടലിൽ നിന്നു കഴിച്ചിരുന്നവർ
കഞ്ഞിയും ചമ്മന്തിയും കഴിക്കുന്നു
കാറിലും ബൈക്കിലും ചീറിപാഞ്ഞവർ
വീട്ടിൽ കാവലിരിക്കുന്നു
ഇറച്ചിയും മീനും തിന്നിരുന്നവർ
ചക്കയിലും മാങ്ങയിലും രസമറിഞ്ഞു
വീട്ടിൽ നൂറുതരം ഭക്ഷണങ്ങൾ
ഇന്നതു രണ്ടു വീതമായി.

**മുഹമ്മദ് റാഷിദ്. എ**
4 എ. എ.എം.എൽ.പി.എസ്.പൂന്താവനം
മേലാറ്റൂർ ഉപജില്ല, മലപ്പുറം

# കേരളം

കേരവൃക്ഷങ്ങൾ നിറഞ്ഞ നാട്
കേളീകലകൾ ഉണർന്ന നാട്
കുന്നും മലയും നിറഞ്ഞ നാട്
കുയിലുകൾ പാടി നടന്ന നാട്
മയിലുകൾ പീലി വിടർത്തും നാട്
തുഞ്ചൻ കിളി പെണ്ണ് കൊഞ്ചും നാട്
തിരുവാതിരപ്പാട്ടുണർന്ന നാട്
ഒപ്പന പാടി കളിച്ച നാട്
പൊൻകണി കണ്ട് ഉണർന്ന നാട്
പൊന്നോണ പൂക്കളമിട്ട നാട്
കഥകളി പദങ്ങളാടും നാട്
പച്ചപ്പ് മൂടിയ പൊന്നു നാട്
മലയാള ഭംഗി നിറഞ്ഞ നാട്
കേരളം എന്നുടെ സ്വന്തം നാട്

**ദേവപ്രിയ. ടി**
4ബി എ.എം.എൽ.പി.സ്കൂൾ അയ്യായ
താനൂർ ഉപജില്ല, മലപ്പുറം

# തള്ളക്കോഴി

തള്ളക്കോഴി കൊ കൊ കൊ
പുള്ളിക്കോഴിക്കുഞ്ഞുങ്ങൾ
ചപ്പും ചവറും ചിക്കി ചിക്കി
ചുറ്റി നടക്കും മുറ്റത്ത്
കോഴിക്കുഞ്ഞിനെ റാഞ്ചാനെത്തും
കാക്ക പരുന്ത് പൂച്ചച്ചാർ
ആരും അരികെ ചെല്ലേണ്ട
കൊത്തിയകറ്റും തള്ളച്ചി

**ഫാത്തിമ ശിഫ എ.പി**
1 ബി എ.എം.എൽ.പി.സ്കൂൾ അയ്യായ
താനൂർ ഉപജില്ല, മലപ്പുറം

# അയ്യോ വേണ്ട !

തത്തമ്മ പെണ്ണിനെ താലികെട്ടാൻ
കോങ്കണ്ണൻ കാക്ക വിരുന്നു വന്നു
മാവിൻ കൊമ്പിലിരുന്നു കാക്ക
ചാഞ്ഞും ചരിഞ്ഞുമൊളിഞ്ഞു നോക്കി
തത്തമ്മ കണ്ട് മുഖം തിരിച്ചു
എന്തൊരു കോങ്കണ്ണനെന്നു ചൊല്ലി.
കാക്ക കരഞ്ഞു പറന്നു പോയി–
മാവതുകണ്ടു ചിരിച്ചു പോയി !

**ഫാത്തിമ സന .C P**
4 എ എ.എം.എൽ.പി.എസ്. ആദ്യശ്ശേരി
താനൂർ ഉപജില്ല
മലപ്പുറം

# ഭൂമിക്കുമുണ്ട് സന്തോഷം

ലോകത്തിനിന്ന്
ഭവിഷ്യത്തായ
കോവിഡെ നന്ദി
ഭൂമിയുടെ ഒരുപാടു
നന്ദി!
കടലിനും കായലിനും
സന്തോഷം!
കാടിനും വയലിനും
സന്തോഷം!
പക്ഷിമൃഗാദികൾക്കും
സന്തോഷം!
മനുഷ്യജന്മങ്ങൾക്ക് മാത്രം
ദു:ഖം!
വേസ്റ്റ് കൂനകളില്ല..
പ്ലാസ്റ്റിക് കുമ്പാരമില്ല..
മരം മുറിക്കുന്നില്ല..
സിമന്റ് സ്തൂപങ്ങളില്ല....
വായുമലിനീകരണമില്ല....
എവിടെയും ശുദ്ധജലവും
പ്രകൃതി മൊത്തം സന്തോഷത്താലാറാടുന്നു!
മനുഷ്യരെ ഈ തിരിച്ചറിവ് തുടരുക.
ഭൂമി തന്നായുസ്സു കാത്തീടുക.
എന്നാലും കോവിഡെ
നിനക്കിവിടെ സ്ഥാനമില്ല.
മനുഷ്യനാപത്തായ നീ
ഭൂമി വിട്ട് പോയീടുക.
പാവപ്പെട്ടവനും
പണക്കാരനെന്നുമില്ലാതെ
ഒറ്റക്കെട്ടായി പ്രതികരിക്കുന്നു.
മനുഷ്യന്റെയീ തിരിച്ചറിവ്
എന്നുമുണ്ടായിടണേ നാഥാ.....!

**Ayisha Maha.P**
4 എ എ.എം.എൽ.പി.സ്കൂൾ അയ്യായ
താനൂർ ഉപജില്ല, മലപ്പുറം

# ദുരിതകാലം

ഭൂവിലാകെ കൊറോണ പടർന്നുയർന്ന കാലം..
ജനമാകെ ദുരിതത്തിൻ
തീച്ചൂളയിലകപ്പെട്ടു,
ഭൂവിതൻ മാറിൽ
പിടഞ്ഞമർന്നൊരോരുത്തരും....
മനുഷ്യർ തമ്മിൽ അകലങ്ങളായി മാറാനും ..
അഹങ്കാരമില്ലാതായിത്തീരാനും വന്നണഞ്ഞ മാരി
ആഡംഭരങ്ങളേതുമില്ല .. ആഘോഷത്തിമർപ്പുകളുമില്ല..
നിലമറന്നു കഴിഞ്ഞവർ വീടിന്റെ അകത്തളങ്ങളിൽ ഒത്തുകൂടുന്നു...
രോഗത്തിൽ നിന്ന് കരക.റ്റാൻ കൺകണ്ട ദൈവങ്ങളുമില്ല...
പൂവിട്ട ദൈവങ്ങളും കൈവിട്ടു പോയി...
കൈപിടിച്ച് കരകയറ്റാൻ
ദൈവമല്ലേയോ ഒരിടം..
ഇനിയുമോരു ജീവൻ
പൊഴിയാതിരിക്കാൻ
കരുതലായി കാവലായ്
നിയമങ്ങൾ പാലിച്ച് നാമൊന്നായ് മുന്നേറാം,
അകലങ്ങളിൽ നിന്നായി പൊരുതാമകറ്റീ കൊറോണയെ...
കൈകൾ കഴുകീടുന്നതിലൂടെ
സുരക്ഷ കൈവരിക്കുവിൻ ...
കരുതലായി കഴിഞ്ഞീടാം ..
നന്മ നിറഞ്ഞൊരു നാളേയ്ക്കായ്..

**മുഹമ്മദ് ഖിദാശ് . P**
1 എ എ.എം.എൽ.പി.എസ്. ആദൃശ്ശേരി
താനൂർ ഉപജില്ല
മലപ്പുറം

# മഹാമാരി

ലോകം മുഴുവൻ കൊറോണാ വൈറസ്
പടർന്നുപിടിക്കുകയാണല്ലോ...
അതിനെപ്പേടിച്ചുള്ളോരെല്ലാം
വീട്ടിലിരിക്കുകയാണല്ലോ....
തേരാ പാരാ കറങ്ങി നടന്നാൽ കൊറോണ നമ്മെ പിടികൂടും....
കൈകൾ രണ്ടും സോപ്പു തേച്ചിട്ടെല്ലാ നേരവും കഴുകേണം...
ശുചിത്വ ശീലം പാലിച്ചെന്നാൽ കൊറോണ പോലും തോറ്റോടും...
കൊറോണ കാലം സുരക്ഷിതമാക്കാൻ നമ്മൾ ഇതെല്ലാം ചെയ്തല്ലോ....
കഥാപുസ്തകം വായിച്ചും.,
പാട്ടുകൾ പാടി രസിച്ചല്ലോ,
ചെടിയും നട്ടുനനച്ചല്ലോ....!
ഒന്നായ് നിന്നാൽ, ഒത്തു പിടിച്ചാൽ,
പെട്ടെന്നിതിനെ തോൽപ്പിക്കാം...'

**ഫഹ്മിദ .E**
1 ബി എ.എം.എൽ.പി.എസ്. ആദൃശ്ശേരി
താനൂർ ഉപജില്ല
മലപ്പുറം

# കാണാത്ത ഗുരു

കോവിഡ് ഒരു രോഗം മാത്രമല്ല
മുഖം മറച്ച ഒരു ഗുരു നാഥൻ കൂടിയാണ്
ഈ ഗുരുവിന് മുന്നിൽ
മതമോ ജാതിയോ വർഗ്ഗമോ പൗരത്വമോ ഇല്ല
വലിയവനെന്നോ ചെറിയവനെന്നോ നോക്കാതെ
മനുഷ്യൻ ആരെന്നും മനുഷ്യത്വം എന്തെന്നും
പഠിപ്പിക്കുന്ന ഗുരുനാഥൻ
ഈ ഗുരുവിന് മുന്നിൽ
നാമിന്ന് ശിഷ്യരാണ്
ജീവന് മൂല്യം കൽപ്പിക്കുന്ന വെറും ശിഷ്യർ മാത്രം.

**മുഹമ്മദ് സുറൂർ പി**
3 B എ.എം എൽ പി സ്കൂൾ കടുവള്ളൂർ
താനൂർ ഉപജില്ല, മലപ്പുറം

# കൊറോണ പടർത്തിയ പാഠം

അകന്നിരിക്കാം തത്കാലം,
പിന്നീടടുത്തിരിക്കാൻ വേണ്ടി..
പകർന്നിടുന്നൊരു രോഗമിത്,
പക്ഷേ ജാഗ്രത മാത്രം മതിയല്ലോ...

കൈകൾ കൈഴുകാം നന്നായി,
കരുതലാവാം ഒന്നായി...
പുറത്തിറങ്ങാൻ നോക്കാതെ,
അകത്തിരുന്ന് കളിച്ചീടാം...!

കൊറോണയെ നാം തുരത്തീടാം
സമൂഹവ്യാപനം ഒഴിവാക്കി...,
കൊറോണക്കാലം ഇനിയെന്നും,
ഒരോർമ്മക്കാലമായി മാറീടും ...!
നമ്മിൽ ഒരോർമ്മക്കാലമായ് മാറീടും ....

**റിൻസി.പി**
1 ബി എ.എം.എൽ.പി.എസ്. ആദൃശ്ശേരി
താനൂർ ഉപജില്ല
മലപ്പുറം

# തോറ്റോടില്ലീ നാട്

പച്ചപ്പുതപ്പണിഞ്ഞൊരീ കേരളം
ഒറ്റക്കെട്ടായി പൊരുതുമീ കേരളം
രാക്ഷസക്കണ്ണുമായ് വന്നൂ ഒരാളിവൻ
പലനാട് താണ്ടിയെത്തിയവൻ
കേരളജനതയെ ഊറ്റിക്കുടിക്കാനായ്
എത്തി അവനൊരു പേടി സ്വപ്നമായ്
ലോകം വിറച്ചു ആടിയുലഞ്ഞു
പക്ഷേ തോറ്റോടില്ല മലയാളി
വ്യക്തി ശുചിത്വവും പ്രതിരോധ മാർഗവും
കൂട്ടുപിടിച്ചു ആട്ടിയോടിക്കുമീ
രാക്ഷസനെ
ഒറ്റക്കെട്ടായ് പൊരുതുമീ കേരളം
പ്രളയത്തിൽ ഉയിർത്തെണീറ്റ കേരളം
തോൽക്കില്ല തോൽക്കില്ല
തോറ്റു കൊടുക്കില്ല
ഓർത്തോ കൊലയാളി
വൈറസേ നീ

**നിദ ഫാത്തിമ പി.പി**
4 C എ.എം.എൽ.പി.സ്കൂൾ കളത്തിങ്കൽപാറ
പരപ്പനങ്ങാടി ഉപജില്ല
മലപ്പുറം

# പരിസ്ഥിതിക്കവിത

കാവും കുളങ്ങളും കായലോളങ്ങൾ തൻ
കാതിൽ ചിലമ്പുന്ന കാറ്റും
കാടുകൾക്കുള്ളിലെ സസ്യവൈവിധ്യവം-
ഭൂകാലത്തിന്റെ സാക്ഷ്യം!
അമ്മയാം വിശ്വപ്രകൃതിയീ നമ്മൾക്ക്ജ്
തന്ന സൗഭാഗ്യങ്ങളെല്ലാം
നന്ദിയില്ലാതെ തിരസ്കരിച്ചു നമ്മൾ
നന്മ മനസ്സിലില്ലാത്തോർ
മുത്തിനെപ്പോലും കരിക്കട്ടയായ് കണ്ട
ബുദ്ധിയല്ലാത്തവർ നമ്മൾ;
കാരിരുമ്പിന്റെ ഹൃദയങ്ങളെത്രയൊ
കാവും വെട്ടിത്തെളിച്ചു;
കാതരച്ചിഞ്ഞമന്നെത്രയൊ പക്ഷികൾ
കാണാമറയത്തൊളിച്ചു!
വള്ളികൾചുറ്റിപ്പിണഞ്ഞു പടർന്നൊരാ
വന്മരച്ചില്ലകൾ തോറും
പൂത്തു നിന്നൊരു ശതകാലസൗരഭ്യ
പൂരിത വർണ്ണപുഷ്പങ്ങൾ
ഇന്നിനി ദുർലഭം-മാമരച്ചില്ലക-
ളൊന്നാകെ നാം വെട്ടിവീഴ്ത്തി!
എത്ര കുളങ്ങളെ മണ്ണിട്ടു മൂടി നാ-
മിത്തിരി ഭൂമിക്കുവേണ്ടി
എത്രയായാലും മതിവരാറില്ലാത്തൊ-
രത്യാഗ്രഹികളെപ്പോലെ!
വുസ്തൃതനിലജലാശയങ്ങൾ
ജൈവ വിസ്മയം കാണിച്ച് നാട്ടിൽ
ഇന്നില്ലിവിടെ ജലാശയം,മാലിന്യ-
ക്കണ്ണുനീർപ്പൊയ്കകളെത്രെ!
പച്ചപ്പരിഷ്കാരത്തേൻ കുഴമ്പുണ്ടു നാം
പുച്ഛിപ്പു മാതൃഗദ്ഗദത്തെ

**ഷഹീം അഫ്രാസ്.വി**
4 C എ.എം.എൽ.പി.സ്കൂൾ കളത്തിങ്കൽപാറ
പരപ്പനങ്ങാടി ഉപജില്ല, മലപ്പുറം

# അകത്തിരിക്കാം അകലാതിരിക്കാൻ

വിഷു വന്നു റംസാൻ വന്നു.
ഈസ്റ്ററും കടന്നു പൊയ്
കൊന്നപ്പൂവിന്റെ വെന്മക്കും
മുല്ലപ്പൂവിന്റെ സുഗന്ധത്തിനും
കൊച്ചുപൂക്കളുടെ നൈർമല്യത്തിനും
ഒരു മാറ്റവുമില്ല
പതിവുപോലെ
ശലഭങ്ങൾ ആർത്തുല്ലസിച്ചു
തുമ്പികൾ നൃത്തമാടി
പറവകൾ ആനന്ദതുന്തിലരായി
ഞാനും നീയും നമ്മളും
അകത്തെ ഇരുളിലിങ്ങനെ
ചിലപ്പോഴൊക്കെ അകന്നിരിക്കലാവും
അടുത്തിരിക്കുന്നതിനെക്കാൾ ഉചിതം

**ഷാൻ. കെ. പി.**
3 A എ.എം.എൽ.പി.സ്കൂൾ കോരങ്ങത്ത്
താനൂർ ഉപജില്ല
മലപ്പുറം

# അണിചേരാം

അനുവാദം ഇല്ലാതെ..
അകത്തുവരും നീ
അനുഭവം പുതിയൊരു..
ഗൃഹം പണിയും
അരക്ഷിതാവസ്ഥയാം..
വേലിപണിയും
കോശംങ്ങളിൽ നീ..
ഭീകരനാം
കോശംങ്ങളാൽ നീ..
സാമ്രാജ്യം പണിയും
തച്ചുടയ്ക്കും നിന്റെ
സാമ്രാജ്യമൊക്കെയും ..
പോരാട്ടത്തിനിറങ്ങീടും.
നമ്മുടെ ധീര ശാസ്ത്രജ്ഞർ
രൂക്ഷമാമീ പോരാട്ടത്തിൽ.
എത്ര ജീവനെടുത്താലും
ആതുരസേവക ധീരർക്കൊപ്പം..
പോരാട്ടത്തിൽ അണിചേരാം.

**മുഹമ്മദ് ഷാദിൻ**
1 B എ.എം.എൽ.പി.സ്കൂൾ കോരങ്ങത്ത്
താനൂർ ഉപജില്ല, മലപ്പുറം

# പൂമരം

ഇന്നെന്റെ മുറ്റത്ത് അഞ്ചിതൾ പൂക്കളായ്
കുങ്കുമപ്പൂവിരിഞ്ഞു...
ഇന്നുഞാൻനോക്കുമ്പോൾ
ചുറ്റിലും തുമ്പികൾ
പാറിപ്പറന്നിടുന്നു...
എന്തോരു കൗതുകം,
എത്ര മനോഹരം!
തുമ്പികൾ പാറിടുമ്പോൾ...
ചെന്നു ഞാനടുത്തേയ്ക്കാ–
പ്പൂവിനെ നുള്ളുവാൻ,
മറ്റാരും കണ്ടിടാതെ...
അന്നേരം പിറകിൽ നി–
ന്നമ്മ വിളിക്കുന്നു...
'ചെയ്യരുതോമനേ,
പൊന്നു കുഞ്ഞേ....
തുമ്പികൾക്കും, പൂമ്പാറ്റകൾക്കും കൂടി
ഉള്ളതാണീ മരം, കുഞ്ഞു മരം '..

**ദിയ.എ.പി.**
3 C എ എം എൽ പി എസ് കോരങ്ങത്ത്
താനൂർ ഉപജില്ല
മലപ്പുറം

# കണിക്കൊന്നകൾ പൂത്തുലഞ്ഞ മേടമാസപ്പുലരികൾ...

വർണ്ണങ്ങൾ വാരിവിതറിയ
കുഞ്ഞരിപ്പൂക്കൾ..
തിരക്കിട്ട് ഓടിയകലുന്ന
പകലുകൾ..
പൂത്തുമ്പിയെയും പൂങ്കാറ്റിനെയും
ചേർത്തുപിടിച്ച നാളുകൾ..
ഇന്ന്,
പുതിയൊരു
ക്വാറന്റീൻ ലോകം..
ബന്ധങ്ങളില്ലാത്ത
ബന്ധനങ്ങളുടെ ലോകം..
കിളികളുടെ കലപില
നാദം മാത്രം..
തിരക്കിട്ട പകലുകളും
മങ്ങിയവെളിച്ചത്തിൽ നുരയുന്ന
ലഹരികളുമില്ല,
മുന്നിലെത്താൻ
കുതിക്കുന്ന
വാഹനങ്ങളുടെ ഗർജ്ജനങ്ങളുമില്ല..
എനിക്ക് ഭയമാകുന്നു..
കോവിലുകളിൽ ദേവന്മാരും
തനിച്ചായിപ്പോയോ?
മൂകമീ നിരത്തുകളിൽ,
തൊട്ടടുത്ത്
എത്തിയൊരീ
ദുരന്തത്തിൻ
ഇരമ്പലുകളോ ?
മറ്റൊരു കൊടുങ്കാറ്റിൻ
മുൻപുള്ള
ഭീകരമാം ശാന്തതയോ ?
നാളെ,
വീണ്ടും എല്ലാം പഴയതുപോലെ..

നേടിയതിന്റെയും
നഷ്ടങ്ങളുടെയും
നാൾവഴികൾ മാത്രം..
രാഷ്ട്രീയഭ്രാന്തിന്റെയും
മതഭ്രാന്തിന്റെയും
ജയപരാജയങ്ങൾ വീണ്ടും,
ഇനിയുമൊരു കോവിഡ്
ആവർത്തിക്കില്ലയെന്ന്
ആശ്വസിക്കാനാവുമോ ?

**Zalfa kareem. C**
2 B എ.എം.എൽ.പി.സ്കൂൾ കോഴിച്ചെന
താനൂർ ഉപജില്ല
മലപ്പുറം

# യുദ്ധം

പടയാളികൾ ഇല്ലാത്ത യുദ്ധം .....
പടനായകരില്ലാത്ത യുദ്ധം .......
ലോകപോലീസും തോറ്റ യുദ്ധം ...
ലോകം മൊത്തം വ്യാപിച്ച യുദ്ധം ...
ആരോഗ്യ വകുപ്പ് തോറ്റ യുദ്ധം ....
ആദ്യമായ് ലോകം കണ്ട യുദ്ധം ....
പ്രകൃതിയെ ഇല്ലാതാക്കിയവരെ
പ്രകൃതിയാൽ സൃഷ്ടിച്ച യുദ്ധം ...
ഒറ്റയാൾ പോരാട്ടം കൊണ്ട്
ഒറ്റുകാർ തോറ്റോടിയ യുദ്ധം ...
ലോകജനത അവന്റെ മുന്നിൽ
തോറ്റോടിയപ്പോൾ ......
ജനം ആർത്തു വിളിച്ചു പറഞ്ഞു ...
-ഇത്
'കൊറോണ യുദ്ധക്കാലം '

**നിഹില നൗഫൽ കെ കെ**
4 ആ എ എം എൽ പി എസ് കോർമന്തല
താനൂർ ഉപജില്ല, മലപ്പുറം

# വൈറസാണ് ശത്രു

കാലമേ നീ എങ്ങോട്ടാണ് നീളുന്നത് ?
ഓരോ രാവിലും പകലിലും കാത്തുനിൽക്കവേ
കാണാത്തതെന്തേ നിരാശനായ് ഞാൻ
ഐസൊലേഷൻ ഭീകര വൈറസാണ് ശത്രു

മാസ്കിട്ട മാലാഖ പാത്തുനോക്കി
പുറത്തിറങ്ങാൻ കഴിയാതെ
പട്ടിണി വീട്ടിൽ കയറിക്കൂടി
ഓരോ ദിനവും കടന്നുപോകവേ

പ്രതീക്ഷയിലായ് ഓരോ ദിനവും
എത്ര നാൾ കാത്തുനിൽക്കേണ്ടിവരും
എങ്കിലുമില്ല നിരാശയൊട്ടും
വിജയം വരുമിനി ഓരോ ദിനത്തിലും

**അൻഷിദ എം**
3 B എ എം എൽ പി എസ് കോർമന്തല
താനൂർ ഉപജില്ല
മലപ്പുറം

# അകലാതെ അകലാം

അകലാതെ അകലാൻ നമ്മെ പഠിപ്പിച്ചു
കൊറോണ വ്യാപന കാലം
വിരൽ കോർക്കാതെ
കരം കോർക്കാതെ
മനം ചേർക്കാമിനി
വൈറസ് പഠിപ്പിച്ചു
ആർഭാടമില്ലാതെ ജീവിച്ചിടാൻ
കൈവിട്ടുപോയ നല്ല ശീലങ്ങൾ
തിരികെയെടുക്കാൻ മർത്യനോടുന്നു
ആഡംബര പ്രേമികൾ നെട്ടോട്ടമോടുന്നു
താഴ്മയോടൊന്നു ജീവിച്ചിടാൻ
ഇങ്ങനെയൊരു ധുർവിധി
കേട്ടുകേൾവിയിലില്ലെന്ന്
പുലമ്പുന്നു വൃദ്ധജനങ്ങളും
ആരാധനാലയങ്ങൾ കൊട്ടിയടച്ചു
ഭക്തരാം വിശ്വാസികൾക്കു മുന്നിൽ
വീടുകൾ ദേവാലയങ്ങളായി -
വരും! നല്ല കാലം എന്നോർത്തു കൊണ്ട്
നൽകാം കരഘോഷം
ഭരണാധികാരികൾക്കും
സ്വയം മറന്ന് പ്രവർത്തിക്കും
ആരോഗ്യപ്രവർത്തകർക്കും
എല്ലാ ജനങ്ങൾക്കും കാവലാകുന്ന
ഭാരതഭൂവിനെ നമിക്കാം മടിക്കാതെ
പ്രാർത്ഥിക്കാം നമുക്കേകമനസോടെ
ലോകാ സമസ്താ സുഖിനോ ഭവന്തു.

**ആൻലിയ എം എസ്**
7 A എച്ച്.എഫ്.സി.യു.പി.എസ്.ബമുണ്ടക്കുന്ന്
മണ്ണാർക്കാട് ഉപജില്ല, പാലക്കാട്

# കൊറോണയെ തകർത്തിടാം

തകർക്കണം തകർക്കണം
നമ്മളീ കൊറോണയെ
ജയിക്കണം ജയിക്കണം
നമ്മളീ മഹാമാരിയെ
ഭയപ്പെടേണ്ട മാന്യരേ
കൂടെയുണ്ട് രാജ്യവും
ഒരുമയോടെ നിൽക്കാം
തുരത്തിടാം ലോക ഭീതിയെ
മാസ്കുകൊണ്ട് മുഖം മറക്കാം
സോപ്പുകൊണ്ട് കൈ കഴുകാം
അണുവിനെ തകർത്തിടാം
തകർക്കണം കൊറോണയെ
നാട്ടിൽ വരും പ്രവാസികൾ
വീട്ടിൽത്തന്നെ നിൽക്കണം
വെറുതെയുള്ള യാത്രകൾ
വേണ്ട എന്ന വയ്ക്കണം
ഇനിയൊരാൾക്കും നമ്മളാൽ
രോഗം വരാതെ നോക്കണം
വൃദ്ധരും കുഞ്ഞുങ്ങളും
വീട്ടുതന്നെ നിൽക്കണം
ഒരുമയോടെ കരുതലോടെ
തകർത്തിടാം കൊറോണയെ
തുരത്തിടാം തുരത്തിടാം
നാട്ടിൽ നിന്ന് കൊറോണയെ

**ആൻ മരിയ**
7 എച്.എഫ്.സി.യു.പി.എസ്.ബമുണ്ടക്കുന്ന്
മണ്ണാർക്കാട് ഉപജില്ല, പാലക്കാട്

# പുതുജീവൻ

നിനച്ചിരിക്കാതെ ഒരു നാൾ കടന്നെത്തി
കോവിഡാം മഹാമാരി പെയ്തിറങ്ങാൻ
ആർത്തലച്ചു പെയ്തിതു ലോകമാകെ
നിശ്ചലമാക്കി മനുഷ്യജീവിതത്തെ
ആകാശം മുട്ടെ പറന്നുല്ലസിച്ചീടുന്ന
മാനവനിന്ന് ബന്ധനസ്ഥൻ
പാരതന്ത്ര്യ രുചി നുകരവെ
സ്വതന്ത്രരായി പക്ഷിമൃഗാദികൾ
വിദ്യാലയങ്ങൾ പൊതുസ്ഥാപനങ്ങൾ
ആരാധനാലയം,സിനിമകോട്ടകളും
മാളുകൾ,ബീച്ചുകൾ,പാർക്കുകളും
എന്തിനേറെ പൊതുവീഥിയും പാതയും
വിജനമായ് ശ്മശാനമൂകമായി
ഏകരായ് മൂകരായ് നിരാശരായ്
ചുമരുകൾക്കുള്ളിൽ നിയന്ത്രിതരായ്
മാനവലോകം ഭയചകിതരായ്
അലയുന്നു കോവിഡ് ഭീതിയിലും
ഒടുവിൽ പരീക്ഷാക്കാലവും കടന്നുപോയി
പരീക്ഷകൾ മാത്രം ബാക്കിയായി.
ഭൂലോകം മുഴുവൻ വലഞ്ഞിടുമ്പോൾ
ഭാരതാംബ തൻ കാര്യങ്ങളായി വന്നെത്തി
ഭാരത മണ്ണിൽ പിറന്ന മക്കൾ
ശുഭവസ്ത്രത്തിന്റെ ശോഭയോടെ
അമ്മയ്ക്ക് താങ്ങായ് തണലുമായി
മാതൃകയാം ആരോഗ്യ സേവനത്താൽ
മുന്നേറുന്നു ലക്ഷ്യമോടെ ,മകളാം കേരളവും
ഈ മഹാ കോവിഡ് പ്രതിസന്ധിയിൽ
അതി ജീവനത്തിനായി പ്രയത്നിച്ചീടും
ഡോക്ടർമാർ,നഴ്സുമാർ,പോലീസുകാർ
ആരോഗ്യ പ്രവർത്തകർ തൻ പരിശ്രമത്താൽ
അതിജീവിച്ചിടും നാം കോവിഡിനെ
പരസ്പര സ്നേഹ സംരക്ഷണത്തിൽ
പുതുകരങ്ങൾ തൻ താങ്ങുമായി
ഉയർത്തീടും നാം ഭാരതത്തെ

**ആത്മിക കെ മനോജ്**
10 B എച്ച്.എം.വൈ.എസ്.എച്ച്.എസ്.കൊട്ടുവള്ളിക്കാട്
വടക്കൻ പറവൂർ ഉപജില്ല, എറണാകുളം

# നല്ലൊരു നാളേക്കായി

ഈ ഭൂമിയിൽ പിറന്നൊരീ ഞാൻ
എൻജന്മ സുകൃതമാണെന്നതോർക്കാം
എൻ സ്വന്തം നാടിനെ മലിനമായ് മാറ്റുന്ന
എൻ പ്രിയ കൂട്ടുകാർക്കായി ഇതാ-
ഒരു പുതിയ ഗാനം
ഒരു നവ സംഗീതമെന്നപോലെ
നമ്മുടെ തെളിനീരു നൽകും ജലാശയങ്ങൾ
ചപ്പുചവറുകൾ തൻ കൂമ്പാരമായി
ദൈവത്തിൻ നാടെന്ന നമ്മുടെ കേരളം
മിഴികൾ തുറന്നു ഞാൻ നോക്കുന്ന നേരത്ത്
ആകെ തകർന്നു തരിപ്പണമായ്
നമ്മുടെ വീടുകൾ ശുചിയായി സൂക്ഷിക്കാൻ
നമ്മുടെ പരിസരം മലിനമാക്കേണമോ?
കേരളമെന്നതു കേട്ടാലഭിമാനപൂരിത-
മാകണമെന്നതോ പഴയ വാക്യം
കേരളമെന്നതു കേട്ടാലോ
ശിരസ്സു കുനിക്കും അവസ്ഥയല്ലോ
സ്ക്കൂളുകൾ, ആശുപത്രികൾ എന്നു വേണ്ട-
എവിടെയും മാലിന്യം മാത്രമല്ലോ
പട്ടിയും, പൂച്ചയും, കാക്കയും
തിന്നു മരിക്കുന്നു വിശപ്പടക്കാൻ
ചത്തതോ, ചീഞ്ഞതോ പ്ലാസ്റ്റിക്കോ എന്നുവേണ്ട
റോഡിൽ വലിച്ചെറിയുന്നു ജനം
ശുചിത്വ വാരമാഘോഷിക്കുന്ന
കൊച്ചു കേരളത്തിലെ ജനങ്ങൾ
ശുചിത്വമെന്തെന്നറിയാതെ
സ്വയം ജീവിതം തന്നെ മലിനമാക്കി
മഴ പെയ്തു മാനം തെളിഞ്ഞ നേരം
രോഗങ്ങൾ പലതും തെളിഞ്ഞു വന്നു
എന്തുചെയ്യേണമെന്നറിയാതെ നമ്മൾ
നെട്ടോട്ടമായി ആശുപത്രിതോറും
നിപ വന്നു, കൊറോണ വന്നു ഇനിയെന്താണാവോ,കാത്തിരിക്കാം
നല്ലൊരു നാളെയെ സ്വപ്നം കാണുവാൻ
നല്ലൊരു നാടിനായ് നമുക്കൊരുമിക്കാം

രോഗം വരുന്നതിനു മുൻപു തന്നേ
രോഗ പ്രതിരോധം തീർക്കണം നാം
മറ്റുള്ളവർക്കു രോഗം കൊടുക്കാതെ
ശുചിത്വം പാലിച്ചു ജീവിക്കണം നാം
വ്യക്തി ശുചിത്വം പാലിച്ചു നാം
ഒരു നവയുഗത്തിനായ് കാത്തിരിക്കാം
രോഗമുണ്ടെന്നറിയുന്ന നിമിഷത്തിൽ
സ്വയം ചികിത്സ നമുക്കൊഴിവാക്കാം
പോവുക നിങ്ങൾ ആരോഗ്യകേന്ദ്രങ്ങളിൽ
ഓർക്കുക നമ്മളെന്നുമെന്നും
നാളെയുടെ വാഗ്ദാനങ്ങളായ നമ്മൾ
കരുതി വയ്ക്കേണ്ടത് ഇത് മാത്രമോ
നാട്ടിൽ ശുചിത്വം പാലിക്കാൻ
പങ്കുചേരേണം നാം
തുടച്ചു നീക്കേണം മാലിന്യത്തെ നാം
നമ്മുടെ സാക്ഷരകേരളത്തിൽ
നാടെന്ന സമ്പത്ത് കൈവിടല്ലെ
മാറ്റുക, ഈ ദുഷ്യസ്വഭാവങ്ങൾ
വരിക, വരിക പ്രിയ ജനമേ
നമുക്കൊത്തു ചേർന്ന് മാലിന്യം തുടച്ചു നീക്കാം
ഒത്തു ചേർന്ന് മാലിന്യം തുടച്ചു നീക്കാം.

**മരിയ ബേബി**
7 A എച്ച്. സി. സി. ജി. യു. പി. എസ്, ചെർളയം
കുന്നംകുളം ഉപജില്ല, തൃശ്ശൂർ

# കൊറോണ

ചൈനയിൽ നിന്നും
മാരകമായൊരു
രോഗം വന്നതറിഞ്ഞില്ലേ
കൊറോണ എന്നൊരു മഹാ വൈറസെത്തി
മരണം നീളെ വിതയ്ക്കുന്നു
ചങ്ങാതികളെ നിങ്ങളാരും
പുറത്തിറങ്ങി നടക്കരുതേ
കളിയും ചിരിയും എല്ലാം
നിങ്ങളുടെ വീട്ടിൽ തന്നെ ആയ്ക്കോളൂ
പലപ്രാവശ്യം സോപ്പ് കൂട്ടി
കൈകൾ നന്നായ് കഴുകേണം
വീടും പരിസരവും
വൃത്തിയാക്കാൻ നോക്കേണം
അന്യൻ വന്നാൽ നിങ്ങളാരും അടുത്ത് നിൽക്കാൻ നോക്കരുതേ
ഇത്തിരി അകലം പാലിക്കേണം
മാസ്ക്കും കെട്ടി പോകേണം
ദിനരാത്രങ്ങൾ കഴിയുന്തോറും ഭീതി പടർത്തും വാർത്തകൾ
കേട്ട് ഞെട്ടിവിറയ്ക്കുന്നു നാം
പൊരുതി നിൽക്കാൻ കഴിയാതെ മുട്ടുമടക്കി വൻ രാഷ്ട്രങ്ങൾ
ജാതി മതാദികളില്ലാതെ ഒറ്റക്കെട്ടായ് നിന്നൂ നമ്മൾ ഭാരത മക്കൾ
രാജ്യം മുഴുവൻ അടച്ചു പൂട്ടി
ഒത്തൊരുമിച്ചു ഭരണാധികാരികളും
കൊറോണ എന്നൊരു കൊലയാളിയെ
നാട്ടിൽ നിന്നും ഓടിക്കാനായ്
ഒന്നായ് ചേരാം കൂട്ടുകാരെ
ഒന്നിച്ചൊന്നായ് ചങ്ങല പൊട്ടിക്കാം

**ശിവ സംഗീത്**
IV A എടത്തുംകര എൽ .പി. സ്കൂൾ
തോടന്നൂർ ഉപജില്ല, കോഴിക്കോട്

# ഈ ലോകനന്മയ്ക്കു വേണ്ടി

പോരാടുവാൻ നേരമാവുന്നു കൂട്ടരെ
പ്രതിരോധ മാർഗത്തിലൂടെ
കണ്ണിപൊട്ടിക്കാം നമുക്കീ ദുരിതത്തിൻ
അലയടികളിൽനിന്നും മുക്തി നേടാം
ഒഴിവാക്കീടാം സ്നേഹസ്പർശനം
നമുക്കൊഴിവാക്കീടാം ഹസ്തദാനം
അല്പകാലം നാം അകന്നിരുന്നാലും
പരിഭവിക്കേണ്ട പിണങ്ങിടേണ്ട
കളിയാക്കി കരുതലില്ലാതെ നടക്കുന്ന
സോദരെ കേട്ടുകൊൾക
നിങ്ങൾ തകർക്കുന്നതൊരു ജീവനല്ല
ഒരു ജനതയെ തന്നെയല്ലേ?
ആരോഗ്യരക്ഷക്കു നൽകും നിർദേശങ്ങൾ
പാലിച്ചിടാം മടിക്കാതെ
ആശ്വാസമേകുന്ന ശുഭവാർത്ത കേൾക്കാൻ
നമുക്കൊരുമനസ്സോടെ ശ്രമിക്കാം
ജാഗ്രതയോടെ ശുചിത്വബോധത്തോടെ
മുന്നേറിടാം ഭയക്കാതെ
ശ്രദ്ധയോടെയീ നാളുകൾ സമർപ്പിക്കാം
ഈ ലോക നന്മയ്ക്കുവേണ്ടി.

**മീനാക്ഷി ടി എ**
3 എ എസ് എൻ എൽ പി എസ് വെൺമണി
അറക്കുളം ഉപജില്ല, ഇടുക്കി

# കൊറോണ

പേടി വേണ്ട ഭീതി വേണ്ട
പ്രതിരോധിക്കാം ഒന്നായി
കൈകഴുകി പ്രതിരോധിക്കാം
ദിവസവും രണ്ട് നേരം
കുളിച്ചിടേണം കൂട്ടുകാരേ
കണ്ണിലും മൂക്കിലും വായിലും
കൈകൾ കൊണ്ട് സ്പർശിക്കരുതേ
സോപ്പ് കൊണ്ട് കൈ കഴുകി
കൈകഴുകി തോൽപ്പിച്ചിടേണം
വീടിന് പുറത്തിറങ്ങിടാതെ
ഇരുന്നിടേണം കൂട്ടുകാരേ
ഒരുമയോടെ കൂടെ നിന്ന്
ഈ വിപത്തിനെ തോൽപ്പിച്ചിടാം

**ആഷിത് വി എസ്**
1 എസ് എൻ എൽ. പി. എസ്. കൊടുവഴങ്ങ
ആലുവ ഉപജില്ല, എറണാകുളം

# ശുചിത്വഭൂമി...സുന്ദരഭൂമി

പേടിച്ചിടേണ്ട നാം, പേടിച്ചിടേണ്ട നാം
പേടിച്ചു നിൽക്കേണ്ട സമയമല്ല
പൊരുതിത്തുരത്തുവിൻ രോഗത്തിൻ വേരിനെ
പരിസരം വൃത്തിയായ് സൂക്ഷിക്കുവിൻ.

നാടിന്റെ വീടിന്റെ എല്ലായിടത്തും
നിത്യവും ശുചിയായി സൂക്ഷിക്കണം.
നമ്മുടെ നാടാണ് നമ്മുടെ വീടാണ്
നമ്മൾ വസിക്കും പ്രകൃതിയാണ്.

ഇന്നലെക്കണ്ടൊരാ ഭൂമിയേയല്ലിത്
ഇന്നിന്റെ ചായങ്ങൾ ചാലിച്ചതാ...
ഇനിയെത്ര നാളുകൾ ഭൂമിയിൽ ജീവിക്കും
ഇനിയുള്ള നാളുകൾ വൃത്തിയോടെ.

കണ്ണുതുറന്നു നാം നോക്കൂകീ ഭൂമിയെ...
കണ്ടോ അവിടെയാ വൃത്തിഹീനം
കണ്ണുകൾ കെട്ടി നാം വൃത്തികേടാക്കുന്നു
കണ്ടവയെല്ലാം വലിച്ചെറിഞ്ഞ്.

മണ്ണിന്റെ മുകളിലാ പ്ലാസ്റ്റിക് കത്തിച്ച്
മിണ്ടാതെ നിന്നു ശ്വസിച്ചിടുന്നു
മുറ്റത്തെ വൃത്തിയല്ലവിടെ വലുതെന്ന്
മറ്റുള്ളവർക്കവർ കാട്ടിടുന്നു.

ശുചിത്വമാണേറ്റവും വലുതെന്ന് ഭൂമിയിൽ
ശങ്കയില്ലാതെ പറഞ്ഞിടുവിൻ
ശാന്തമാം ഭൂമി സുരക്ഷിതയാകട്ടെ
ശുചിത്വമാമോരോ പ്രവൃത്തിയോടെ
ശാന്തമാം ഭൂമി സുരക്ഷിതയാകട്ടെ
ശുചിത്വമാമോരോ പ്രവൃത്തിയോടെ...

**കൃഷ്ണപ്രിയ.പി.എസ്**
8 B എസ്.എൻ.വി.ജി.എച്ച്.എസ്, പരവൂർ
ചാത്തന്നൂർ ഉപജില്ല
കൊല്ലം

# കൊറോണ കാലം

മാറുന്നു കാലം മാറുന്നു ലോകം
മാറുന്നു ജീവിതചര്യകളെല്ലാം
കൂടുന്നു കൂടുന്നു കുന്നുപോലെ
നാടെങ്ങും മാലിന്യക്കൂമ്പാരങ്ങൾ
പല പല രോഗങ്ങൾ വന്നിടുന്നു
മനുഷ്യന്റെ ജീവിതചര്യകളാൽ
ഇപ്പോൾ നമ്മെ ഭീതിയിലാഴ്ത്തി
വന്നിടുന്നു പുതിയ വൈറസുകൾ
ഇനിയെങ്കിലും നമ്മളുണർന്നില്ലെങ്കിൽ
മാനവരാശിക്ക് തന്നെ നാശം
മാറണം നമ്മൾ മാറണം നമ്മൾ
ശുചിത്വം പാലിച്ചിടേണം നമ്മൾ
അങ്ങിങ്ങായി എറിയുന്ന മാലിന്യമെല്ലാം
നമുക്കുതന്നെ വിനയായീടും
വ്യക്തിശുചിത്വം പാലിച്ചിടേണം
പരിസരം നമ്മൾ ശുചിയാക്കിടേണം
ഇല്ലെങ്കിൽ നാളെ വീണ്ടും വന്നിടും
പുതിയ രോഗങ്ങൾ പുതിയ വിപത്തുകൾ
ഇടക്കിടെ നമ്മൾ ഓർമിച്ചിടേണം
ഭയപ്പെടുത്തുമീ കൊറോണക്കാലത്തെ.

**ജോവാൻ റോയ്**
4 A സേക്രഡ് ഹാർട്ട് യു പി സ്കൂൾ അങ്ങാടിക്കടവ്
ഇരിട്ടി ഉപജില്ല, കണ്ണൂർ

# ശുചിത്വ കാലം

കൂട്ടുകൂടുവാൻ ആരുമില്ലെനിക്ക്
കൂടെ നടക്കുവാൻ ആരുമില്ല
നല്ലൊരു നാളെക്കായി ഒറ്റക്കിരുന്ന് ഞാൻ
നാളുകൾ തള്ളിനീക്കിടുന്നു
തൊടിയിലെ ചെത്തിയിൽ പൂവുകളുണ്ട്
നാട്ടുമാവിൽ ഒത്തിരി മാമ്പഴമുണ്ട്
ഞാവലുംചാമ്പയും നിറഞ്ഞ പഴങ്ങളും
വർണങ്ങൾ പൂശി നിറഞ്ഞു നിൽക്കുന്നു
ആരുണ്ട് കൂട്ടിനായി കൂടെ വരുവാൻ
ആരുണ്ട് കൂട്ടുകൂടി പഴങ്ങൾ പറിക്കുവാൻ
കാലമിത് ശുചിത്വ കാലം
കാലമിത് പരസ്പരം മുട്ടാതെ തട്ടാതെ
തോളുകൾ തമ്മിൽ ചേരാതെ നിൽക്കും കാലം
മുറ്റത്തു വീഴുന്ന പൈതലിനെ
ഓടിച്ചെന്ന് എടുക്കാൻ തുനിഞ്ഞിടുമ്പോൾ
കൈ കഴുകുവാൻ പിന്തിരിയണം
കളിപ്പന്ത് കളിക്കുവാൻ ഓടിപ്പിടിക്കുവാൻ
അക്കു കളിക്കുവാൻ ആശയുണ്ട്
ഒറ്റക്കിരുന്നു ഞാൻ ഓർക്കുന്നു
ഒത്തിരി ആശകൾ നിറഞ്ഞീടുന്നു
കാലമിത് ശുചിത്വ കാലം
അഴുക്കുകൾ കഴുകിക്കളയും കാലം
നാളെയുടെ സ്വയം തിരഞ്ഞെടുത്ത കാലം
നാളെയുടെ പുലരി വൃത്തിയുള്ളത്
നാളെയുടെ ദിനങ്ങൾ അണുവിമുക്തമായത്
ഒരുമിച്ചുനിന്ന് നമുക്കിത് നേടാം
ഒരുമിച്ചുനിന്ന് നമുക്കിത് ചെയ്യാം
ശുചിത്വം ശുചിത്വം എവിടെയും ശുചിത്വം.

**ആൽഫ ജോർജ്**
5 C സേക്രഡ് ഹാർട്ട് യു പി സ്കൂൾ അങ്ങാടിക്കടവ്
ഇരിട്ടി ഉപജില്ല, കണ്ണൂർ

# അരങ്ങിൽ വിരിഞ്ഞ വൈറസ്

നാം ഒന്നായ് നമ്മൾ ഒന്നായ്
നമ്മിൽ ജീവനൊന്നായ്
രോഗിണീ നീയെകീല്ലെന്നിൽ
കോവിഡിൻ മൃത്യുവാം അസ്ത്രരാഗം.........
നിൻ ഗന്ധമെൻ ജീവനാദമെഴുതി
തിരുത്തിയതാണോ............
നീ തൻ വിധിയെഴുതിയതോ
നിൻ രോക്ഷമെന്നിൽ തളിച്ചതോ.........

എനിക്കാകില്ല........എനിക്കാവില്ല........
നിന്നിലേക്ക് മടങ്ങീടാൻ...........
അകന്നീടുവിൻ .........
നാഭിതൻ ജീവനേകുവിൻ
വൈദ്യനായ് വന്നവൻ രോഗിയായ് .....
മൊഴിയേകി...........
വെള്ളില വള്ളി പടർന്നതു പോൽ നീ
മനുഷ്യദേഹത്തിൽ പന്താടുകയോ........
ശമി തൻ ഗന്ധമറിഞ്ഞതും മാഞ്ഞതും
ക്ഷണ പ്രഭപോലെ........
ലോകമാകെ നിൻ പാദങ്ങളേകിയില്ലെ..........

എനിക്കാകില്ല........എനിക്കാവില്ല........
നിന്നിലേക്ക് മടങ്ങീടാൻ...........
അകന്നീടുവിൻ .........
നാഭിതൻ ജീവനേകുവിൻ..........

**ദീപ ഡി**
10 A എസ് എസ് വി ജി എച്ച് എസ് എസ് ചിറയിൻകീഴ്
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

# ഭയന്നിടില്ല നാം

ഭയന്നിടില്ല നാം ചെറുത്തു നിന്നിട്ടും
കൊറോണ എന്ന ഭീകരരെ കഥ കഴിച്ചിട്ടും
തകർന്നിട്ടില്ല നാം ചേർത്തിടും
നാട്ടിൽ നിന്നും ഈ വിപത്ത് അകന്നിട്ടും വരെ
കൈകൾ നാം ഇടയ്ക്കിടെ സോപ്പ് കൊണ്ട്
കഴുകണം തുമ്മിടുന്ന നേരവും ചുമച്ചിടുന്ന
നേരവും കൈകളാലൊ തുണികളാലോ
മുഖം മറച്ച് ചെയ്യണം
കൂട്ടമായി പൊതുസ്ഥലത്തെ ഒത്തുചേരൽ നിർത്തണം
രോഗമുള്ള രാജ്യവും രോഗി ഉള്ള ദേശവും എത്തിയാലോ
താണ്ടിയാലോ മറച്ചുവച്ചിടില്ല നാം
രോഗലക്ഷണങ്ങൾ കാൺകിൽ ദിശയിൽ നാം വിളിക്കണം
ചികിത്സ വേണ്ട സ്വന്തമായി ഭയപ്പെടേണ്ട ഭീതിയിൽ
ഹെൽത്തിൽനിന്നും ആംബുലൻസും
ആളുകളും ഹെൽപ്പിനായി
ഓഖിയും സുനാമിയും പ്രളയവും കടന്നുപോയി
ധീരമായി കരുത്തരായി നാം ചെറുത്തതോർക്കണം
ചരിത്ര പുസ്തകത്തിൽ നാം കുറിച്ചിടും കൊറോണയെ
തുരത്തി വിട്ട് നാട് കാത്ത് നന്മയുള്ള ഭക്തരായി

**ജുവൽ മരിയ എം എ**
7B എസ് എൻ എം വി എച്ച് എസ് എസ് വണ്ണപ്പുറം ഇടുക്കി
തൊടുപുഴ
തൊടുപുഴ ഉപജില്ല
ഇടുക്കി

# MAN V/S VIRUS

I am a man,a common man
I hear about the news about
an unknown disease
spreading in china
I even don't know from where it comes
or where it goes
I thought it doesn't comes here
but it also came
Then i realise
Man is a social animal
I wear mask for first time
I use sanitizer for first time
our country came to lock down
We all help the poor
I don't sit in my house for these long times
but it happens now
when i heard the
news of health workers
news of police
news of government
I sit in my house
and.....
I being a superb hero
stay at home to stay safe
we must maintain social distance
we must maintain personal hygiene
Isolation is the best way to prevent
prevention is better than cure
we want freedom from this pandemic
we should overcome this
because it is just a virus
and we are humans.

**ആദിത്യ മനോജ്**
10 B എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്. കാരംവേലി
കോഴഞ്ചേരി ഉപജില്ല, പത്തനംതിട്ട

# ഒരു വെള്ളപ്പൊക്കത്തിന്റെ ഓർമ്മകൾ

നേരം പുലർന്നു ഞാൻ തൊടിയിൽ ഇറങ്ങവേ
കണ്ടു ചെറിയൊരു നദിയവിടെ
ജാതികളില്ല മതങ്ങളില്ല അന്ന്
'രക്ഷിക്കണം'എന്ന ചിന്ത മാത്രം
വർണ്ണഭേദങ്ങളില്ലാത്തൊരാ നാളുകളെൻ,
മനസ്സിലാനന്ദം നിറച്ചിരുന്നു.
നഷ്ടപ്പെടാനിനിയൊന്നുമില്ലെങ്കിലും
നഷ്ടമായില്ലയെൻ ജീവനെന്ന്
ചിന്തിച്ച മാനുഷൻമാർക്ക് പിന്നെയത്
നല്ല നാളേക്കൊരു കാൽച്ചുവടായ്.......
പാദങ്ങളിൽ സ്പർശിച്ചൊരാ നീര്
എവിടെ നിന്നെന്നു ഞാൻ ശങ്കിച്ചു പോയ്
ഞാൻ അറിഞ്ഞീല്ലതാ മഹാപ്രളയത്തിന്റെ
അംശങ്ങളിലൊന്നതായിരുന്നു
ഏതോ ഭഗീരഥൻ തുറന്നുവിട്ടത് പോലെ
ജലമെൻ കുടിയിലിരച്ചു കേറി
അറബിക്കടലുപോൽ സംഗമിച്ചീടുന്നു-
ഇവിടെ പല നദി നാടുനീളെ
എന്റെ കുടിലിലുമെത്തിയൊരാ വിപത്തെ-
ന്തെന്ന് ഞാനുമറിഞ്ഞിരുന്നു.
ജാതികളില്ല മതങ്ങളില്ല
അന്ന് 'രക്ഷിക്കണം' എന്ന ചിന്ത മാത്രം
വർണ്ണഭേദങ്ങളില്ലാത്തൊരാ നാളുകളെൻ,
മനസ്സിലാനന്ദം നിറച്ചിരുന്നു.
നഷ്ടപ്പെടാനിനിയൊന്നുമില്ലെങ്കിലും
നഷ്ടമായില്ലയെൻ ജീവനെന്ന്
ചിന്തിച്ച മാനുഷൻമാർക്ക് പിന്നെയത്
നല്ല നാളേക്കൊരു കാൽച്ചുവടായ്.......

**സൂര്യഗായത്രി.എസ്**
9H എസ് എൻ ഡി പി എച്ച് എസ്എസ്,ഉദയമപേരൂർ
തൃപ്പൂണിത്തുറ ഉപജില്ല
എറണാകുളം

# മഹാമാരി

വിയർപ്പുമുട്ടിക്കുന്ന കാലം വന്നേ
ഒരു മഹാമാരിയുടെ കാലം വന്നേ
കോവിഡ് 19 എന്ന ചെല്ലപ്പേരുമായി
കൊറോണയെന്ന അതിഥിയാമെന്നെ
ലോകം മുഴുവൻ സൽക്കരിച്ചു
ആദ്യം ചൈനയിലെ വുഹാനിൽ വന്നുകേറി
അവിടത്തെ കൂട്ടരെ കൊന്നുതിന്നു
പിന്നെ ഓടി ഞാൻ ഇറ്റലീലെത്തി
അവിടെയും ഒന്നു ഞാൻ ഓടിക്കളിച്ചു
ലോകരാഷ്ട്രങ്ങളായ അമേരിക്കയും
സ്പെയിനും എന്റെ മുന്നിൽ മുട്ടുകുത്തി
എന്നെ തുരത്തുവാൻ എല്ലാവരും
കൈമെയ് മറന്ന് ശ്രമിച്ചുവല്ലോ
ആലിംഗനവും ഹസ്തദാനവും
കൂട്ടം കൂടലുമാണെനിക്കിഷ്ടം
അങ്ങനെ ഞാൻ ഇന്ത്യയിലും
ഈ കൊച്ചു കേരളത്തിലും എത്തിയല്ലോ
എന്നെ തുരത്തുവാൻ ലോകം തന്നെ
ലോക്ഡൗണിലും ആയല്ലോ
അങ്ങനെ നമ്മുടെ കേരളത്തിലും
കർശന നിയന്ത്രണം വന്നുവല്ലോ
ബസ്സില്ല ട്രെയിനില്ല ഫ്ളൈറ്റുമില്ല
കടകളും ഹോട്ടലും ഒന്നുമില്ല
ഇറച്ചിയും ഫാസ്റ്റ്ഫുഡും ഒന്നുമില്ല
കഞ്ഞിയും ചമ്മന്തിയും ചക്കവിഭവവു -
മായി ഓരോ ദിനവും കടന്നുപോയി
ഈ കൊറോണ കാലം പഴമയിലേക്ക്
എത്തി നോക്കുകയാണോ എന്നു തോന്നും
മാസ്ക്കും ഗ്ലൗസും സാനിറ്റൈസറും
ഉപയോഗിക്കാം സാമൂഹ്യ അകലംപാലിക്കാം
ഒരുമയോടെ പൊരുതിടാം
നല്ലൊരു നാളേക്കായ്

**സാധിക.കെ**
5B എസ്.എൻ.യു.പി.സ്കൂൾ നന്നമ്പ്ര
താനൂർ ഉപജില്ല, മലപ്പുറം

# NATURE

Oh, my dear trees
Oh, my dear trees
You're the beauty of nature
You are the kindest things
You do not harm, you are the best

I know you are grow simply
and you spread a shade for sleepy
and gather birds among your branches
How wonderful you are !!!

I know, you help the people
And woods to make our houses
and leaves to burn hallow
and new buds grown in the Spring

You are the last to hold the light
When the evening changes into night
And when a moon floats in the sky
Grow trees and be like them to shine everywhere

God created trees
So, don't kill the trees
Go to the woods and hills ! No tears
Dim the sweet look that Nature wears.......

**ബിജിന .പി**
9 c എസ് കെ വി എച്ച് എസ് എസ് നന്ദിയോട്
പാലോട് ഉപജില്ല
തിരുവനന്തപുരം

# മൂക വിലാപം

ഭൂമിമാതാവേ, നീ തളർന്നീലയോ
ഇന്നിന്റെ യാഘാതമേറ്റപോലെ
നിൻ സുതരേവം നിന്നോട് ചെയ്തൊരു
നീചനികൃഷ്ട പ്രവർത്തിയാലെ !

പൊള്ളുന്നു നിന്നകം കാലത്തികവിലും
ഉച്ച പരിഷ്ക്കാരക്കോടിയിലും
കാലങ്ങളേറെ കഴിയുകിൽ നിന്മുഖം
ഭീകരദൃശ്യമതാവുകില്ലേ?

പച്ചപരിഷ്ക്കാരജീവിത വ്യഗ്രത
പൊള്ളിച്ചു നിന്നകക്കാമ്പിനേയും
ഇന്നിന്റെ ജീവനും ആസക്തമല്ലയോ
ഭൗതികാതി പ്രസരങ്ങളാലെ !

അമ്മേ, ധരിത്രിയാം കാരുണ്യ ശാലിനീ
കുത്തിപ്പിളർന്നു നിൻമാറിടവും !
ചോരകിനിയുന്നു നിൻമേനി തന്നിലും
മൂകവിലാപം നിൻ ഹൃദന്തത്തിൽ,

**ആബിദ് നാസ്സർ**
8 D എസ് ജി എച് എസ് എസ് മുതലക്കോടം
തൊടുപുഴ ഉപജില്ല
ഇടുക്കി

# ഇന്ന്

ആദിത്യ കൺകളിൽ കോപമേറി
അഗ്നിനേത്രങ്ങളാൽ ഭൂവിതോതി
സ്വാർത്ഥമാംപാരിലെ മാനുഷവർഗ്ഗമേ
കർമണാ കുത്തിനോവിക്കുന്നതെന്തിനാ
പണമല്ല വലുതൊത്തൊരുമയാണ്
ആരോഗ്യമുള്ളൊരു മേനിയാണ്
രോഗത്തിൻകൈകളിൽ ,
ലോകവും പെട്ടുപോയി
ചവർപ്പുസ്വാദാൽ
മടുത്തുപോയി ജീവിതം
ബാല്യത്തിൽ നീന്തിക്കളിക്കും പുഴകളിൽ
കോരുവാനൊരുനാഴി വെള്ളമില്ലാതെയായ്
മാവിന്മേൽ  തൂങ്ങിനിന്നാടുന്ന മാങ്കനി പറിച്ചു
കടിക്കുവാനാരുമില്ലാതെയായി
മരത്തിന്റെചോട്ടിലിരുന്നു പറഞ്ഞൊരാ
കഥകളൊന്നോർക്കുവാൻ തണലുമില്ലാതെയായി
പണ്ടു നീ നട്ടൊരാ മഹാഗണിവിത്തിന്നു
മരമായി നീയതുവെട്ടിനീക്കി
കായ്ക്കുന്നമാങ്കനി കടിക്കുന്നമാനുഷാ
യെരിച്ചുനീയെന്നുടെ കാടുംമലകളും
ഫലങ്ങളിൽമായംകലർത്തിവിറ്റു
പച്ചക്കറികളും ദുഷിച്ചതാക്കി
അകലങ്ങളിൽ പൂത്ത
കുസുമ ഗന്ധങ്ങളെ
ചുറ്റും പരത്തുന്ന കാറ്റിനിപ്പോൾ,
കറുത്ത നിറത്തിനാൽ കാണുന്നു ഞാനിന്ന
പുകയുംവിഷവും നിറഞ്ഞകാറ്റ്
ദാഹമകറ്റുവാൻ ഒരുതുള്ളിനീരിനായി
നാവുകൾ നീട്ടി അലയുന്നു മാനുഷ്യർ
വെറുമൊരു ജീവൻ- തുടിക്കും ജഡങ്ങളായി-
കിടക്കുവാൻപോകുന്നു ജീവജാലങ്ങളും
വിളയേണ്ടകാലം വരണ്ടുപോയി
ലോകാന്ത്യമാണോയിതാ-ർക്കറിയാം ?

**VINAYAK P P**
6 C എസ്.വി.വി.എച്ച്.എസ്.എസ്. പാലേമാട്
നിലമ്പൂർ ഉപജില്ല, മലപ്പുറം

# പ്രകൃതി

കാവും കുളങ്ങളും കായലോളങ്ങൾ തൻ
കാതിൽ ചിലമ്പുന്ന കാറ്റും
കാടുകൾക്കുള്ളിലെ സന്ധ്യവൈവിദ്യവും
ഭൂതകാലത്തിന്റെ സാക്ഷ്യം
അമ്മയാം വിശ്വപ്രകൃതിയി നമ്മൾക്കു
തന്ന സൗഭാഗ്യങ്ങളെല്ലാം
നന്ദിയില്ലാതെ നിരസിച്ചു നമ്മൾ
നന്മ മനസില്ലാത്തവരും
മുത്തിനെപ്പോലും കരിക്കട്ടയായ്ക്കണ്ട
ബുദ്ധിയില്ലാത്ത നമ്മൾ
കാരിരുമ്പിന്റെ ഹൃദയങ്ങളെത്രയോ
കാവുകൾ വെട്ടിതെളിച്ചു
വള്ളികൾ ചുറ്റിപ്പിണഞ്ഞു പടർന്നൊര
വന്തരചില്ലകൾതോറും
പൂത്തുനിന്നൊരു ശതകാലസൗരഭ്യ -
പൂരിത വർണ്ണ പുഷ്പങ്ങൾ
എത്ര കുളങ്ങളെ മണ്ണിട്ടുമൂടി നാം
ഇത്തിരി ഭൂമിക്കുവേണ്ടി
എത്രയായാലും മതിവരാറില്ലാത്തൊ-
രത്യാഗ്രഹികളെപ്പോലെ
വിസ്തൃതനീലജലാശയങ്ങൾ ജൈവ
വിസ്മയം കാണിച്ച നാട്ടിൽ
ഇന്നില്ലിവിടെജജലാശയം മാലിന്യ-
ക്കണ്ണു നീർപ്പോയ്കകളെന്യേ
പച്ചപ്പരിഷ്കാർമത്തൻ കൂഴമ്പുണ്ടു നാം
പുച്ഛിപ്പു മാതൃദുഗ്സത്തെ..

**ജാമിയ**
9C എസ്.എൻ.ഡി.പി.എച്ച്.എസ്.കിളിരൂർ
കോട്ടയം വെസ്റ്റ് ഉപജില്ല, കോട്ടയം

# പ്രതീക്ഷയോടെ

അവൾ മരിച്ചുകൊണ്ടിരിക്കുകയാണ്
നമ്മുടെ ഭ്രാന്തിനാൽ മുറിവേൽക്കപ്പെട്ട
അവൾ മൃതിയുടെ വക്കിലാണ്
കാലം കഴിയുന്തോറും ആ മുറിവിന്റെ
ആഴം ഇന്നവൾക്കറിയില്ല
മുറിവേറ്റു കരയുന്ന അവളുടെ നിലവിളി
എങ്ങും പ്രതിധ്വനിക്കുന്നു
അവൾക്ക് ആശ്വസിക്കാൻ ഒന്ന് മാത്രം
കഴിഞ്ഞ ഏതോ കാലത്തിൽ
അവൾ എല്ലാവരാലും സ്നേഹിക്കപ്പെട്ടിരുന്നു.
അവളെ ആക്രമിച്ചുകൊണ്ടിരിക്കുന്ന
നമ്മൾ അവളുടെ മഹത്വം
തിരിച്ചറിയുന്ന നാൾ വിദൂരമല്ല
അവൾ കരയുകയാണ് ............

ഇത് തുടർന്നാൽ ഒരു നാൾ
ഒരു വലിയ നദി അവളുടെ
കണ്ണുനീരിൽ നിന്ന് വെളിപ്പെടും
അത് പിന്നീട് രക്തം കലർന്ന് ചുവപ്പാകും
ആ ചുവന്ന നദി
അവശേഷിക്കുന്ന അവസാന ജീവനെയും ആഹരിക്കും
ഇതുസംഭവിക്കരുതെങ്കിൽ അവളുടെ
കണ്ണുനീർതുടക്കണം
നമ്മുടെ സ്നേഹത്താൽ ആ മുറിവുണക്കണം
അവളെ അങ്ങനെ ആ പഴയ
ജീവിതത്തിലേക്ക് കൊണ്ടുവരണം
മൃതിയുടെ വക്കിലാണെങ്കിലും
ഇപ്പോഴും അവൾ ആ പഴയ
ജീവിതത്തിൽ തിരിച്ചെത്തും എന്ന
പ്രതീക്ഷയിലാണ് .................

നമ്മളാൽ മുറിവേറ്റിട്ടും നമ്മെ
തിരിച്ചു സ്നേഹിക്കുന്ന അവളെ
ഇനിയെങ്കിലും അവളുടെ ആ
പഴയ കാലത്തിൽ എത്തിക്കും എന്ന
പ്രതീക്ഷയോടെ ..................

**ലിതിൻ ബിജു**
9 ബി , എൻ എസ് എസ് ഹൈസ്കൂൾ കുടശ്ശനാട്
മാവേലിക്കര ഉപജില്ല, ആലപ്പുഴ

# GOODNESS-MADE IN CHINA

...lines by an optimistic wordsmith
More than a storm........
More than an earthquake.......
You changed the world !
You changed a lot !
You're so small, yet so huge
We can't see you
In fact you are everywhere
We realised the snatching power
The world withdrew into silence
Only because of you...
But still we find something good in You
You showered blessings in "God's own country"
More..... social distancing
But less..distancing... between...
Rich and poor
Dark and fair
Life and death
Weak and strong
Corridors and compounds filled with joy
Waves of love overflowing above boundaries
The birds flying and fluttering over the clear skies
Dark smoke from roaring engines replaced with snow white clouds
In every nest fibres of love made strong
Dusty green leaves freshen up in summer shower
Rays of hope coming down through shades...
These times too shall pass....

**Frejil M J**
10H നാഷണൽ ഹയർ സെക്കന്ററി സ്കൂൾ ഇരിങ്ങാലക്കുട
ഇരിങ്ങാലക്കുട ഉപജില്ല, തൃശ്ശൂർ

# മറവി

മറവിയാണോ?
അല്ല , മറന്നതായി നടിച്ചു
അറുത്തുമാറ്റിയ
വേരിലെൻ ജീവനുണ്ടെന്ന്!
ഭാരമെന്നോതി
മുറിച്ചൊരാ ചില്ലകൾ,
ഭാരമായേന്തിയത്
എന്നെയെന്ന് !
ഉറച്ചുനിന്നുയരാനായ്
തൂക്കിവിറ്റ മൺതരികൾ,
കാൽക്കീഴിലേതാണെന്ന് !
എന്നാലിത് മറക്കാതെവച്ചോളു,
മറന്നത് നീ മാത്രം !
ചിതലരിക്കാതിരുപ്പുണ്ട്,
പ്രകൃതിയുടെ കണക്കുപുസ്തകത്തിൽ !
ചിതയൊരുക്കീടും
വിധി നിനക്കായ്,
വെട്ടിയ ചില്ലയാൽതന്നെ !
ഓർത്തുവച്ചോളു ,
മറക്കാതെ നില്പുണ്ട് കാലം
മറുപടിയേകേണ്ടിവരും
ഓരോരോ മറവിക്കും !

**ശ്രീലക്ഷ്മി കെ ജി**
10 H നാഷണൽ ഹയർ സെക്കന്ററി സ്കൂൾ ഇരിങ്ങാലക്കുട
ഇരിഞ്ഞാലക്കുട ഉപജില്ല, തൃശ്ശൂർ

# കാലം

പ്രപഞ്ചമുഖത്തേറെ കോലമെഴുതി -
കാലം;വികൃതികളങ്ങനെ കാട്ടി വളർന്നു
അതിശയക്കൂട്ടുകളൊക്കെ കൂട്ടി,
കോലം - കുത്തിത്തീരാനായപ്പോൾ..
ബുദ്ധിയും ശക്തിയുമൊക്കെ കൂട്ടിച്ചേർത്തു -
കലക്കിയ ചായം കൊണ്ടൊരു ചിത്രം തീർത്തു
മന്നിലെ മാനവനെന്നു പേരും നൽകി,
കാലം; മുന്നിൽ നിന്നു നയിച്ചു
ബുദ്ധിയുദിച്ചു - ചിന്തയുണർന്നു
മാനവനതിശയം കാട്ടി.........
പിന്നെയും വളർന്നവൻ, കാല-
ക്കടിഞ്ഞാണുകളൊക്കെയറുത്തു
കോപം കൊണ്ടു ജ്വലിച്ചു കാലം;
പിന്നെ പ്രപഞ്ചമിളെക്കിയാടി.........
മഹാമാരികൾ വാരിത്തൂകി ....... കാലം;
മാനവക്കോലമഴിക്കാൻ
വസൂരിയായും
കോളറ യായും
അങ്ങിനെ പല പലതായും
കാലം നൽകിയ മാരികളൊക്കെയും
ചെറുത്തൂ മനുഷ്യൻ സഹനത്താൽ
ഇപ്പഴും നാമും കാലവുമായൊരു -
ചെറു, ചങ്ങാത്തപ്പിണക്കം
ചെറുക്കാം നമുക്കൊന്നി-
ച്ചൊരുമിച്ചൊന്നായ് ചെറുക്കാം
കോർക്കാം കൈകൾ കോർക്കാം
അകലത്തിലരികയായ് കോർക്കാം കൈകൾ
സൗഹൃദ അകലം തീർത്തു ജയിക്കാം
നമുക്കീ വ്യാധിയെ തോൽപ്പിക്കാം
കാലം കണ്ടു ചിരിക്കും
തന്നുടെ സൃഷ്ടിയെ മാനിക്കും
അനുഗ്രഹം നൽകി സ്നേഹ-
പ്പെരുമഴ തീർക്കും........
പെരുമഴ തീർക്കും

**ദേവിക കൃഷ്ണൻ എ**
10 A എൻ.എസ്.എസ്.എച്ച്.എസ്. എസ്.മടവൂർ
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# പോരാട്ടവീഥിയിൽ

വെളിച്ചമേ നീ എവിടെയീ ലോകത്തു
കൂരിരുട്ടിൻ കൂരമ്പിൻ മുനയിലോ നാം,
വിജനമീ വഴിയോര വീഥികൾ
എവിടെങ്ങു പോയൊരാ ജീവിതം, ദുസ്സഹം!
കാർന്നുതിന്നുന്നു, കാലം ഭയക്കുന്നു
ഭീതിയാളുന്ന കണ്ണുകൾ സർവ്വവും!
മാനവരാശിയെ മണ്ണിൽ കുഴിച്ചിടാൻ
കച്ചകെട്ടുന്നൊരു വൈറസു വന്നിതാ,
ഭൂഗോളമിന്നവൻതൻ കൈക്കുള്ളിലോ?
മണ്ണും മനുഷ്യനും ഇന്നിതാ ചേരുന്നു
ഈ പരമാണു തൻ മാന്ത്രികവിദ്യയിൽ.
തോൽക്കുകയില്ല, നാം പോരാടുമെന്നെന്നും,
ഈ ലോകജാലകം കാത്തുസൂക്ഷിച്ചിടാൻ.
മാനമെങ്ങും മേഘാവൃതമെങ്കിലും
അകലെയല്ലയീ അരുണവർണ്ണങ്ങളും.
മണ്ണും മനുഷ്യനും, മരവും മരുഭൂമിയും
ഒന്നിച്ചു നിന്നിതാ യുദ്ധത്തിലാണ്ടു പോയ് !
വിശ്രമമില്ലാതെ പായുന്നു ഡോക്ടർമാർ,
ആതുരാലയങ്ങളിൽ തിക്കും തിരക്കുമോ?
ഹിന്ദുവും മുസ്ലിമും ക്രിസ്ത്യനുമല്ല നാം
ഒന്നാണു നാമിന്നു പോരാട്ട വീഥിയിൽ.
യുദ്ധം ജയിച്ചിടും !
യുവ സൂര്യനുദിച്ചിടും !
വെളിച്ചമേ നീ എവിടെയീ ലോകത്തു
ഭൂമിയെ കാക്കാൻ സമയമാകുന്നിതാ !
എന്ത് ജീവിതം, എന്തെന്തു സൗഹൃദം !
എല്ലാം നശിപ്പിച്ചു വൈറസു വന്നിതാ,
കാലചക്രമേ പിന്നോട്ടു പോകുമോ

കാത്തിരിപ്പിന്നറുതി വരുത്തുമോ?
യുദ്ധം ജയിച്ചിടും, യുവ സൂര്യനുദിച്ചിടും.
വെളിച്ചമേ നീ എവിടെയീ ലോകത്തു
ഭൂമിയെ കാക്കാൻ സമയമാകുന്നിതാ.
പോരാട്ടവീര്യവും ധൈര്യവും ചോരാതെ
മുന്നോട്ടുതന്നെ നാമിനിയും നടന്നിടും.
നാടുമോർത്തിടും, നാട്ടാരുമോർത്തിടും
വിജയഗാഥകൾ ചരിതമായ് വാഴ്ത്തിടും.
വെളിച്ചമേ നീ എവിടെയീ ലോകത്തു
കൂരിരുട്ടിൻ കാരമ്പിൻ മുനയിലോ .
വിജനമീ വഴിയോര വീഥിയികൾ
ജനഹൃദയങ്ങളോ പോരാട്ട വീഥിയിൽ... !

**കാർത്തിക ആർ എസ്**
പ്ലസ് ടു സയൻസ് എൻ എസ് എസ് എച് എസ് എസ് മടവൂർ
കിളിമാനൂർ ഉപജില്ല
തിരുവനന്തപുരം

# പ്രതീക്ഷ

തളരുന്നു കാലുകളെങ്കിലും നീയെനിക്കീ
കാലിന് ശക്തി നൽകിയാലേ മതിയാകൂ
പടരുന്ന അഗ്നിയയാണെന്നുടെ ചുറ്റിലും
പൊള്ളലേൽപ്പിക്കുന്നുമുണ്ടതെന്നാലും
ആ ചാരം നീ വളമാക്കിയേ മതിയാകു
കരകാണാക്കടലാണ് ചുറ്റിലെങ്കിലുമെന്നാലും
നീ സാന്ത്വനം നൽകിയയാലേ മതിയാകൂ
ആ വിശ്വാസം കരതൊട്ട് അരികിലാണെന്നാലും
ഓടിത്തളർന്നു കിതക്കയാണെങ്കിലും
നീ പുനരൂർജ്ജം നൽകിയാലേ മതിയാകൂ
കൊടുങ്കാറ്റിൽ ആടിയുലയുകയാണെങ്കിലും
സാന്ത്വനം നീ നൽകിയാലേ മതിയാകൂ
ആത്മവിശ്വാസം കൊടുങ്കാറ്റിനെക്കാൾ വേഗത്തിൽ
എത്താൻ ആ ലക്ഷ്യ സ്ഥാനത്തിലേക്ക്
തീച്ചൂളയിലാണെങ്കിലും തീജ്ജ്വാലയായി ഉയർന്നേ മതിയാവൂ
എന്നെ നയിക്കുന്ന ചെറുവെട്ടമാണ് നീ
കെടാതെനിക്ക് നീ വഴികാട്ടിയായാലും

**രേവതി ഡി ജി**
പ്ലസ് ടു ഹ്യൂമാനിറ്റീസ് എൻ എസ് എസ് എച് എസ് എസ് മടവൂർ
കിളിമാനൂർ ഉപജില്ല
തിരുവനന്തപുരം

# തടവിൽ

ലോക്ഡൗൺദിനത്തിൽ നീലൻകാക്ക
പാറിപ്പാറി നടക്കുന്നേരം
താഴെക്കാണും കാഴ്ചകൾകണ്ട്
അന്തിച്ചങ്ങനെ നിന്നേപോയ്...
ആളുകളില്ലാ,വാഹനമില്ലാ
എന്തൊരു ശാന്തം പട്ടണമെല്ലാം!
ചന്തകളില്ലാ,വാണിഭമില്ലാ
എന്തൊരു മാറ്റം നാടെങ്ങും!
നൂറു തിരക്കുമായോടിനടന്നോ-
രാളുകളെല്ലാം എവിടെപ്പോയ്?
എന്തൊരു വിജനത,എന്തൊരു മൂകത
എന്തൊരു മാറ്റം അമ്പമ്പോ!

**അഖിൽ കെ.മേനോൻ**
3 A
ജി.എൽ.പി.എസ്. വട്ടേനാട്
തൃത്താല ഉപജില്ല, പാലക്കാട്

# ഒന്നു പുഞ്ചിരിക്കാമോ...

"ഭൂമിക്കരികിലെ അമ്മാവാ
വാനിലിരിക്കുന്നൊരമ്മാവാ
മാസ്ക്കൊന്ന് മാറ്റി നിൻ
പുഞ്ചിരി കാണുവാൻ
ഏറെ കൊതിയുണ്ടെന്റെമ്മാവാ"

"മാറ്റില്ല ഞാനെന്റെ മാസ്ക് കുഞ്ഞേ
ഭൂമിയിൽ ആകെ കൊറോണയല്ലേ
മാസ്ക് ധരിച്ചു ഹാൻഡ്‌വാഷ് ചെയ്ത്
പ്രതിരോധം തീർക്കൂ നീയെന്റെ കുഞ്ഞേ"

**നഷ കെ.**
2 B
ജി.യു.പി.എസ്. കടുങ്ങല്ലൂർ
കിഴിശ്ശേരി ഉപജില്ല, മലപ്പുറം

# വൃത്തി

മുറ്റം കൊത്തി മിനുക്കിയെടുക്കും
കാ....കാ....പാടും കാക്കമ്മ
മുറ്റത്തുള്ളൊരു ചെറുപ്രാണികളെ
കൊത്തിത്തിന്നും പൂങ്കോഴി
പാടവരമ്പിൽ വീണുകിടക്കും
നെൻമണി കൊത്തുമരിപ്രാവ്
ദേഹം നക്കി വൃത്തിയാക്കും
കുഞ്ഞിപ്പൂച്ചയുമുണ്ടല്ലോ
അമ്മപ്പശുവിൻ കീടശല്യം
തിന്നുതീർക്കും കുരുവികളും
തുമ്പിക്കൈയാൽ വെള്ളംചീറ്റി
ദേഹം കഴുകുന്നൊരു കൊമ്പൻ
വൃത്തിയാണ് വലുതെന്ന്
ജീവികൾക്കെല്ലാമറിയാലോ!

**തീർത്ഥ**
3A
ജി.എൽ.പി. സ്കൂൾ വട്ടേനാട്
തൃത്താല ഉപജില്ല, പാലക്കാട്

# തത്തമ്മ

"പറയൂ പറയൂ തത്തമ്മേ...
എങ്ങനെ കിട്ടി പച്ചനിറം?"
"ഇല്ലിക്കാട്ടിൽ പോയപ്പോൾ
ഇലകൾ തന്നൂ പച്ചനിറം."
"പറയൂ പറയൂ തത്തമ്മേ...
എങ്ങനെ കിട്ടി ചോപ്പുനിറം?
ചുണ്ടിനു നല്ല ചോപ്പുനിറം?"
"നാലുംകൂട്ടിത്തിന്നപ്പോൾ
കൊക്കിനു കിട്ടി ചോപ്പുനിറം."

**നവനീത് കെ.**
1 A
ജി.യു.പി.എസ്. കടുങ്ങല്ലൂർ
കിഴിശ്ശേരി ഉപജില്ല, മലപ്പുറം

# കൊറോണക്കാലം

ഈ കൊറോണക്കാലത്ത് അമ്മ-
മാത്രമൊന്ന് പുഞ്ചിരിച്ചിട്ടുണ്ടാകും...
മനസ്സുതുറന്ന പുഞ്ചിരി...
വർഷങ്ങളായുള്ള ഐസൊലേഷനിൽ
നിന്ന് മുക്തമായതിന്റെ പുഞ്ചിരി
ജോലിത്തിരക്കിൽ അകപ്പെട്ട്
തന്റെ ഇഷ്ടങ്ങളെ മനസ്സിലാക്കാൻ കഴിയാത്ത
അച്ഛനെ തിരിച്ചുകിട്ടിയതിന്റെ...
പഠനത്തിന്റെ പേരിൽ വീടുവിട്ടിറങ്ങുന്ന
മക്കളെ അരികിൽ കിട്ടിയതിന്റെ പുഞ്ചിരി
ആഗ്രഹങ്ങളൊന്നും പൂവണിയില്ലെങ്കിലും
താൻ ഒറ്റയ്ക്കല്ലെന്നൊരു തോന്നൽ
ആ സ്നേഹപ്പൂങ്കാവനത്തിന്റെ
മനസ്സിൽ ഒരായിരം വട്ടം തോന്നീട്ടുണ്ടാവും,
വാസ്തവം...

**മുഹമ്മദ് അൻസിൽ**
8 ഡി
ജി.ജി.എച്ച്.എസ്.എസ്. കല്ലടത്തൂർ
തൃത്താല ഉപജില്ല, പാലക്കാട്

# ആൾഔട്ട്

കൂട്ടിലിരിക്കുന്ന പക്ഷികൾ
ചിരിക്കുന്നു,
വീട്ടിലകപ്പെട്ട മനുഷ്യനെ കണ്ട്
എന്നിട്ടും പഠിച്ചതില്ലവൻ
അഹന്തയൊട്ടും കുറച്ചില്ല

**സിനാൻ എം.പി.**
7 C
ജി.യു.പി.എസ്. കടുങ്ങല്ലൂർ
കിഴിശ്ശേരി ഉപജില്ല, മലപ്പുറം

# ETERNITY

When the soul starts soaring
When the eyes start closing
When the ears stop hearing
And when the words start ending

When light becomes darkness
When love comes eternal
When the tears begin flowing
Would you place me where I was made?

The death I foretell is inevitable
The life after that is immortal
What I will see then is ineffable
Maybe it would be incredible

I will travel as far as my fate takes me
And when it dies, what is life?
When I saw a rose I tried to pluck it
But it's thorns stopped me

Even then I plucked the rose, it was so beautiful
I saw the thorns, my fate, and the rose, my happiness
Never look for fate, it always follows you
Seek happiness, it always comes behind fate

When the soul stops soaring
When the heart stops beating
I will be immortal
The world I see would be still incredible.

**ദിൽന**
10 K
ജി.ബി.എച്ച്.എസ്.എസ്. മഞ്ചേരി
മഞ്ചേരി ഉപജില്ല, മലപ്പുറം

# I AM THE EARTH

And the earth is me
Each blade of grass
Each honey tree,
Each bit of mud
And stick and stone
Is blood and muscle
Skin and bone

And just as!
Need every bit
Of me to make
My body fit
So earth needs
Grass and stone and tree
And things that grow here
Naturally.

**സാബിത്ത്**
6 A
ജി.യു.പി.എസ്. ചീക്കോട്
കിഴിശ്ശേരി ഉപജില്ല, മലപ്പുറം

# THE TERMINATOR

Oh! Monstrous corona virus,
The crowned head who now overrule us!

The beast, whom with his lightening speed,
Infects even the mighiest to bleed.

Some say he is the spikiest of them all,
For healers, he is formidable of all.
Young, old, or small
Prince, powerful or poor,
He doesn't care at all.
He spread fast as a perilous fire
He crumbles our hopes like a vampire.
Streets and roads, empty and clear.
For he spreads time to time in air.
Oh my goodness! Can anyone hear?
The pitty cries of people echoing a round my ears!
And I feel my words fade
By thoughts of ones who grieve.
The arrival of this enemy,
Is a rebuff to human vainglory
Mark this, corona, you may be clever,
But once we will chain you forever.
Thank to the doctors, nurses and para medicos,
The warriors real who risks their lives for us.
And lights the lanterns of hope in our hearts...

**നന്ദ ഒ.പി.**
11
ശബരി എച്ച്.എസ്.എസ്. പള്ളിക്കുറുപ്പ്
മണ്ണാർക്കാട് ഉപജില്ല, പാലക്കാട്

# ഇരുട്ട്

മനസ്സിന്റെ തീരാനോവ്
അകറ്റിനിർത്താത്തവൻ
രാത്രിയിലെ അന്ധനെ പോലെയാണ്
ഞാൻ മാത്രമെന്ന് കരുതുന്നവനും
ഞാൻ മാറില്ല എന്ന് കരുതുന്നവനും
രാത്രിയിലെ തടവുകാരാണ്
വെളിച്ചംകൊണ്ട് മനുഷ്യൻ
ഉണരുന്നില്ലെങ്കിൽ
ഇരുട്ട് അവനെ
വിഴുങ്ങിക്കൊണ്ടേയിരിക്കും
ചെറുചുവടുവെപ്പുകളെ
വൻപരാജയമായി
കരുതുന്നവനും
വെളിച്ചത്തിലേക്കുള്ള
വാതിൽ തുറക്കാതെ
ഇരുട്ടിലേക്ക് മടങ്ങുന്നവനും
ചരടുപൊട്ടിയ പട്ടത്തെപ്പോലെയാണ്
ദൈവത്തോടാക്രോശിച്ചു
നടക്കുന്നവൻ പറയും
ഇരുട്ട്
ഇരുട്ട്
ഇരുട്ട്...!

**ശ്രീനന്ദ ശ്രീനിത്ത്**
7 A
മുണ്ടേരി സെൻട്രൽ യു.പി. സ്കൂൾ
കണ്ണൂർ നോർത്ത് ഉപജില്ല, കണ്ണൂർ

# അകലം...അവധിക്കാലം

എന്നും വരുമൊരു വേനൽക്കാലം
കൂടെയുണ്ടൊരു അവധിക്കാലം
ആഘോഷിപ്പിൻ ആഹ്ലാദിപ്പിൻ
കൂട്ടൊരുമൊത്തൊരു അവധിക്കാലം
മാങ്ങപറിച്ചും ചക്കപറിച്ചും
പാടവരമ്പത്തോടിനടന്നും
ആടിപ്പാടിച്ചാടി രസിച്ചും
ഓർമ്മകളങ്ങനെ മധുരിക്കുന്നു
ഒത്തുകളിക്കാൻ നാടൻകളികൾ
ഒത്തൊരുമിക്കാൻ നാടൻപാട്ടുകൾ
ഒന്നിച്ചാടാൻ ഊഞ്ഞാലുകളും
അങ്ങനയല്ലോ അവധിക്കാലം
എന്നാൽ വന്നു ഈ വർഷം
അവധിക്കാലം നേരത്തേ
വിടപറയാനും പറ്റാതെ
കൂട്ടരെ വേർപിരിഞ്ഞില്ലേ
ലോകം മുഴുവനും ഭയത്തോടെ
നോക്കിക്കാണും നേരത്ത്
മാരകമായൊരു വൈറസ്
പടർന്നുപടർന്ന് പിടിക്കുന്നു
ചൂടുസഹിച്ചും വീട്ടിലിരുന്നും
അകലം പാലിച്ചവധിക്കാലം
അകറ്റിനിർത്തുക കൂട്ടരേ
തുരത്തിവിടുക കൂട്ടരേ
കൊറോണയെന്നൊരു ഭീകരനെ
നാടുമുഴുക്കെ പാടുന്നു,
മാസ്ക് ധരിച്ചു നടക്കേണം
കൈകൾ കഴുകിയിരിക്കേണം
അകലം അകലം പാലിച്ച്
ജാഗ്രതയോടെ നടക്കേണം

**ഫാത്തിമത്ത് സജ പി.**
4
മുണ്ടേരി എൽ.പി. സ്കൂൾ
കണ്ണൂർ നോർത്ത് ഉപജില്ല, കണ്ണൂർ

# പുനർജനി

ദുരന്തമല്ലിതൊരു പാഠമാകാം
ജീവിതം നൽകിയ പാഠം
സൂര്യനു മുന്നേ ഉണർന്നെഴുന്നേറ്റവന്
നൂലിന്മേലിന്ന് തൂങ്ങുന്നു ജീവൻ
ജനിച്ച നാടിനെ, സ്നേഹിച്ച പ്രിയരെയും
അകറ്റിനിർത്തി ഏകാന്തതയിലേക്ക്
ഭയപ്പെടാതിന്നും നാം പൊരുതി
നേടിടും പുനർജനി വൈകിടാതെ
ആത്മധൈര്യം കരുത്താക്കി മുന്നേറാം
പ്രതിരോധ സ്വർഗം നമുക്കിവിടെ തീർക്കാം
ദുരന്തമല്ലിതൊരു പാഠമാകാം
പുത്തനനുഭവം നൽകിയ പാഠം...

**ദേവാംഗന ജഗദീഷ്**
VI A
മുണ്ടേരി സെൻട്രൽ യു.പി. സ്കൂൾ
കണ്ണൂർ നോർത്ത് ഉപജില്ല, കണ്ണൂർ

# ഇന്നും...

കൊട്ടിയടച്ച പടിവാതിലുകൾ
കാൽപ്പാടുറങ്ങുന്ന മൈതാനികൾ
നിഴലുകൾ തേടുന്ന വഴിയോരങ്ങൾ
ആരെയോ കാത്തിടും പീടികത്തിണ്ണകൾ
ശബ്ദങ്ങൾ നിലച്ച അക്ഷരമുറ്റങ്ങൾ
വർണം കൊതിച്ചിടും പുസ്തകത്താളുകൾ
വഴിമറന്നും ചില ചെരുപ്പുകൾ
എങ്കിലും....
വെള്ളയും കാക്കിയും
കത്തുന്ന സൂര്യനും
ഇന്നും തിരക്കേറിയോടുന്നു
പിന്നെയും.......

**ജിൻഷിൻ കെ.പി.**
4 C
യു.സി.എൻ.എൻ.എം.എ.യു.പി. സ്കൂൾ, പോരൂർ
വണ്ടൂർ ഉപജില്ല, മലപ്പുറം

# ലോക്ഡൗൺലോക്ക്

താഴിട്ടുപൂട്ടിയാൽ പോലുമിരിക്കാത്ത
നമ്മളിന്നീവിധം പെട്ടുകിടക്കുന്നു
വൈറലാം വൈറസോ നാടൊട്ടു നീങ്ങുന്നു
വെറുതെവിടില്ലെന്ന ഭാവമാവാം

വീട്ടിലിരുന്നു മുഷിഞ്ഞ പുരുഷനും
വീടു മടുത്തിരിക്കും കിടാങ്ങൾക്കും
വെള്ളമനത്തിക്കൊടുത്ത് കൊടുത്തെന്റെ
വെളിവു നശിച്ചെന്ന് വീട്ടമ്മയും...

പണിയില്ല, പണമില്ല, പണ്ടമെടുക്കില്ല,
പണിയില്ല, പണമുണ്ട്, പുല്ലുവിലയാണ്
പഴഞ്ചൊല്ലിൽ പതിരൊട്ടുമില്ലല്ലോ,
അടിതെറ്റിയാൽ ആനയും വീഴും....

സെൽഫിയെന്നോതി ഒട്ടിനടന്നവർ
ഒരു മീറ്ററകലത്തിലായതെന്തിങ്ങനെ?
കോട്ടിട്ട മാലാഖ കൂട്ടിനുണ്ടെന്നാലും
കൂട്ടുകാരെന്തേ ഈ വഴി വന്നില്ല?

പെറ്റമ്മപോലും വരില്ലെന്റെ വൈറസേ
പേടിയാണെല്ലാർക്കുമോർക്ക നീയും
എഴുതി മടുത്തങ്ങു പറമ്പിലിറങ്ങട്ടെ,
ചക്ക മണക്കുന്നു, പഴുത്തിട്ടാണോ?
പലവിധം തിന്നു രസിച്ച നാവിങ്ങനെ
പരിചയമാക്കുന്നു ചക്കയും ചേനയും
ലോക്ഡൗൺ നീളുമെങ്കിലും, നേരുന്നു
ലോകാ സമസ്ത സുഖിനോ ഭവന്തു....

**ഷാൻസാ ഫാത്തിമ**
1 A
മൗവ്വഞ്ചേരി യു.പി. സ്കൂൾ
കണ്ണൂർ നോർത്ത് ഉപജില്ല, കണ്ണൂർ

# CORONA - THE MURDERER

When you, Corona, came into my life,
Out of nowhere, perhaps from the shadows,
I, a poor foolish man,
Invited you in.

Now I'm regretting,
As my chest aches,
My lungs are being torn into pieces,
As you slowly kill me with your spreads.

As I lay in my hospital bed,
Gasping for my now dear oxygen,
I can hear the chirping of the birds,
The murmur of the gentle leaves,
And songs of nature.

I can't see my beloved ones,
I can't talk to them,
You spread from me to them,
From them to others,
I watch as you build your kingdom,
Out of pain, misery, fear and death

We stand two metre apart,
Or buried two metre beneath
Wearing masks,
Cleaning hands with soap and water

You who brought destruction,
Who will tie you up?
The world stands still, but the time is still running,
who will chain your hands...

**നീരജ നരേന്ദ്രൻ**
10 ഡി, റിപ്പബ്ലിക്കൻ വി.എച്ച്.എസ്.എസ്, കോന്നി
കോന്നി ഉപജില്ല, പത്തനംതിട്ട

# വെള്ളിലവള്ളി

കമ്മലിനൊക്കും പൂവുകൾ ചാരേ നിർമ്മലവെള്ളപ്പട്ടിലകൾ,
ചില്ലകൾതോറും നൂറുകണക്കിനു നല്ല പതുക്കെരു പച്ചിലകൾ,
വെള്ളിലവള്ളിയിതെല്ലാം ചർത്തിത്തുള്ളിരസിച്ചു തിമർക്കുമ്പോൾ
ഉള്ളിലസൂയപ്പെട്ടു വാടിക്കുള്ളിലനേകം പൂച്ചെടികൾ

മന്ദമണഞ്ഞു വനികയിലേക്കൊരു സുന്ദരിയാം ചെറുപൂമ്പാറ്റ
ചേതോഹരമായ് വായുവിൽ നീന്തീടുമേതോ ദേവതയെന്നോണം,
മന്നിതിലേക്കു വിരുന്നുവരുന്നൊരു മഴവില്ലിന്മകളെന്നോണം
'വരികവരികെ'ന്നവളെ വിളിച്ചു, വീശും ചെറുചില്ലകളാൽ പൂച്ചെടികൾ.

അവളോ, വെള്ളിലവള്ളിയിലത്രേ അതിലോലം ചെറുകാലൂന്നി.
പുളകംപൂണ്ടു വെള്ളിലവല്ലരി പുണ്യത്താലിതു കൈവന്നൂ
'പവിഴച്ചുണ്ടിൽ ചുംബിച്ചൂട്ടീയവളെത്തേനും പൂംചൊടിയും
വെള്ളിലവള്ളിക്കെത്ര കൊടുക്കിലുമുള്ളിൽ തൃപ്തിവരുന്നീല.

മരതക വരണപ്പച്ചില തോറും പരതീ പിന്നെപ്പൂമ്പാറ്റ
മുത്തുകൾ പോലിലകൾക്കിടയിൽ ചെറുമുട്ടകളിട്ടൂ പൂമ്പാറ്റ
ആയിലകൾക്കടി ഭാഗം മുട്ടകളായിരമായിരമായപ്പോൾ
ചിറകുവിരത്തി' റ്റാറ്റാ' കാട്ടി ചിറകന്നവൾ പോയ് മറവായീ.

**അമൽഹന്ന എസ്.എസ്.**
9 വി
കെ. കാണി ഗവ. എച്ച്.എസ്. പനയ്ക്കോട്
പാലോട് ഉപജില്ല, തിരുവനന്തപുരം

# മുറ്റത്തെ മുല്ല

ഇന്നെന്റെ മുറ്റത്തു ഞാൻ നട്ട മുല്ലയിൽ
ആദ്യമായ് നാലഞ്ചു പൂക്കൾ വന്നു
ആരുമറിയാതെ പൂവിട്ട മുല്ലയെ
മാറോടണച്ചു ഞാനുമ്മവച്ചു
എന്നുള്ളിലാ മുല്ലകൾ ചിരിക്കുന്നു
എന്നും സുഗന്ധം നിറച്ചിരുന്നു
എന്തു സുഗന്ധമാണീ നറുംപൂക്കൾക്ക്
മാറ്റുരയ്ക്കാനില്ല മറ്റൊരെണ്ണം
സന്ധ്യാംബരത്തിന്റെ വിസ്മയം കാണുന്ന
മുല്ലമലർ കുടങ്ങൾ തലോടാൻ
മുറ്റത്തഴകായ് വിരിയണം മുല്ലകൾ
വേണം നമുക്കു നല്ലുദ്യാനവും

**അരുൺ എ.**
7 A , സെന്റ് മേരീസ് എച്ച്.എസ്.എസ്. കമുകിൻകോട്
നെയ്യാറ്റിൻകര ഉപജില്ല, തിരുവനന്തപുരം

# ഹരിതവിദ്യാലയം

മാവുകൾ പൂത്തു മണം പരന്നു
പച്ചക്കുടയായ് ബദാംമരങ്ങൾ
അണ്ണാറക്കണ്ണന്മാർ കാക്കകളും
വിദ്യാലയത്തിൽ വിരുന്നുവന്നു
ടീച്ചറും കുട്ട്യോളും മാന്തണലിൽ
പാടിപ്പഠിക്കുവാനൊത്തുകൂടി
ചക്കപ്പഴത്തിൻ മധുരഗന്ധം
ദിക്കെല്ലാം വാരിവിളമ്പി തെന്നൽ
അണ്ണാനും കാക്ക കുയിലുകളും
തമ്മിൽ കലഹമായ് ചക്കയുണ്ണാൻ
താലോലമാടും മുരിങ്ങകളും
താളം പിടിക്കുന്ന നെല്ലികളും
കാണുന്നോർക്കെല്ലാം രസം പകരും
ഹായ് നല്ല സുന്ദരമെൻ വിദ്യാലയം

**അബിഷ ആർ.എസ്.**
മൂന്ന് എ സെന്റ് മേരീസ് എച്ച്. എസ്. എസ്. കമുകിൻകോട്
നെയ്യാറ്റിൻകര ഉപജില്ല, തിരുവനന്തപുരം

# നിഴലിനാശ...

നിഴലുമോഹിച്ചു വെളിച്ചമേ...
നിഴലാശിച്ചു വെളിച്ചമേ...
ഒരു മാത്ര നിന്നെ കാണുവാൻ
ഒരു വേള നിന്നെ പുണരുവാൻ
തൂവൽപ്രകാശത്തിൽ മധുരം
നുണഞ്ഞതിലലിയാൻ
മുന്നിൽ നീയെത്തുമ്പോൾ പിന്നിലായ്
മറഞ്ഞിരുന്നു കൗശലം കാണിച്ചും
പിന്നെ നീ പിന്നിലെത്തിയാൽ
മുന്നിൽ തെളിഞ്ഞു നടന്നും
നിഴലതിനാശയെ നശിപ്പിച്ചിടും
ആശ മരവിച്ചുവെന്ന് നടിച്ചിടുന്നു.
നിഴലിനറിയാ സത്യമതു മിഥ്യയല്ല
വെളിച്ചവും നിഴലിനെ പ്രണയിച്ചുവെന്ന്
നിഴലിനായെന്നും അലയുന്നുവെന്ന്
നിഴലിനറിയുന്നൊരു സത്യമതു സത്യമാണ്
വെളിച്ചം നിഴലിനപ്രാപ്യമെന്ന്
വെളിച്ചമേ നീ നിഴലിന്നവകാശമല്ലെന്ന്

**ട്രിനിറ്റാ മോൾ രാജു**
9 എ
സെൻറ് ആഗ്നസ് ഹൈസ്കൂൾ മുട്ടുചിറ
കുറവിലങ്ങാട് ഉപജില്ല, കോട്ടയം

# കേരളക്കാഴ്ചകൾ

പൈതൃകങ്ങൾ പുസ്തകത്താളിൽ ഒളിപ്പിച്ച്
ഓണവും വിഷുവും പടിയിറങ്ങി.
ഇനി വരില്ലെന്ന് വാശിപിടിച്ച്...
ഋതുഭേദങ്ങളിലെ വസന്തകാലവും.
പൈക്കളും കിടാക്കളും അറവുശാലയിൽ
ഊഴം കാത്തു തല അനക്കാതെ...
നാക്കിലയിലെ ഉരുളയ്ക്ക് കണ്ണീരിന്റെ
ഉപ്പു കൂടിപ്പോയെന്ന്
ബലിക്കാക്കയ്ക്ക് പരാതി!
വിശ്രമമില്ലാതെ വർണലോകം തീർത്ത്...
കൈയിലെ ഐഫോൺ പൊട്ടിച്ചിരിച്ചു.
സമൃദ്ധിയുടെ ഓണവും വിഷുവും കക്കാടിന്റെ
കവിതയിൽ കണ്ണീർപൊഴിച്ചു.

**ദേവദയാൽ പി.**
8 A , സെന്റ് ജോർജ് ഹൈസ്കൂൾ ചെമ്പന്തൊട്ടി, തളിപ്പറമ്പ
ഇരിക്കൂർ ഉപജില്ല, കണ്ണൂർ

# ക്ലാസ്മുറികൾ

യുദ്ധങ്ങൾ അവശേഷിപ്പിച്ച പടനിലങ്ങളാണ്
കുട്ടികളൊഴിഞ്ഞുപോയ ക്ലാസ്മുറികൾ.
കൈപ്പിടി ഒടിഞ്ഞ വാളുകളെപ്പോലെ
ചിതറിവീണ ചോക്കുകഷണങ്ങളും,
പ്രാണത്യാഗം വരിച്ച പടയാളികളെപ്പോലെ
കീറിയെറിഞ്ഞ കടലാസ്തുണ്ടുകളും,
അമ്പേറ്റ് വീണുപോയ ബ്ലാക്ക്ബോർഡും,
ദുശ്ശാസനനെ പോലെ വലിച്ച് കീറിയെറിയപ്പെട്ട ഡസ്റ്ററും,
അംഗഭംഗം വന്ന കുതിരകളെപ്പോലെ
ആടിയുലയുന്ന ബെഞ്ചും ഡെസ്കും.
അടുത്ത യുദ്ധത്തിനായി പടയാളികളെ
കാത്തിരിക്കുകയാണ് – ഓരോ പടനിലങ്ങളും.

**എസ്തർ**
9 C, സെന്റ് തോമസ് എച്ച്.എസ്.എസ്. അമ്പൂരി
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# പ്രഭാതസവാരി

ഉറങ്ങിയുണർന്ന് ഉന്മേഷവാനായ്
അമ്മ പകർന്ന ചായ നുകർന്ന്
ഇറങ്ങി നടന്നു ഞാൻ
നീണ്ടുപോകുമാ ചെമ്മൺപാതയിൽ
കിളികൾ കലപിലകൂട്ടുന്നു
കുതൂഹലം ശലഭങ്ങൾ പാറുന്നു

ഉദയസൂര്യന്റെ ചെറുകിരണങ്ങൾ
മൃദുലമെൻ കവിളിൽ തലോടുന്നു
കുളിർകാറ്റിൽ തെങ്ങോലകൾ
ആമോദത്തിൽ തലയാട്ടുന്നു
വെണ്മതൂകുമൊരു തുമ്പപ്പൂവ്
എന്നെ നോക്കി ചിരിക്കുന്നു

ആഹ്ലാദത്തോടൊരണ്ണാൻകുഞ്ഞ്
ചിൽ ചിൽ ചിലച്ച് മരമേറിപ്പോയി
തിങ്ങിനിൽക്കുമീ ഇല്ലിക്കാട്ടിൽ
കുഞ്ഞിക്കുരുവികൾ തത്തിത്തിമർക്കുന്നു
പറ്റം പറ്റമായ് കരിയിലക്കിളികൾ
താഴ്ന്നിറങ്ങി കൊത്തിപ്പെറുക്കുന്നു

അടുത്തൊരു ചില്ലയിലൊരു പച്ചോന്ത്
ചിത്രത്തിലെന്നപോൽ അനങ്ങാതിരിക്കുന്നു
പാതക്കരികിലായ് മാലിന്യക്കൂനയിൽ
കാക്കകൾ എന്തോ കൊത്തിവലിക്കുന്നു
നായകൾ കൂട്ടമായ് ഒത്തുചേർന്നിട്ട്
ഗൂഢമായ് എന്തോ ചിന്തിച്ചുകൂട്ടുന്നു

പറവകൾ ഒരു പറ്റം
മോഹനക്കാഴ്ചയായ്
ആകാശമേലാപ്പിൽ പാറിയകലുന്നു
കമനീയം, രമണീയം
ജഗദീശനെന്തെല്ലാം
അണിയിച്ചൊരുക്കുന്നു പ്രകൃതിവിസ്മയം

**യൂസുഫ് ഹുസൈൻ**
XI എ
സെന്റ് എഫ്രേം എച്ച്.എസ്. എസ്. മാന്നാനം
കോട്ടയം വെസ്റ്റ് ഉപജില്ല

# കാണാമറയത്ത്

കാണാമറയത്തു
പോയ്മറഞ്ഞാലും
നീയെൻ,
ചാരത്തു മൗനമായ്
ചേർന്നിരിപ്പൂ...
വീണ്ടുമെൻ
ചിത്തത്തിലെത്ര
തുടിപ്പുകൾ നിന്നെ,
തിരഞ്ഞിന്നു
കാത്തിരിപ്പൂ.....
പറയുവാനാകാത്ത
മൊഴികളല്ലാമെന്റെ
കാണാതെ നീ പോയ
മൗനാനുരാഗം
ഇനിയുമൊരു തെന്നലായി
മാറിടുമ്പോൾ
അറിയാതെ ഞാനൊരു
അപ്പൂപ്പൻതാടിപോൽ,
ഗതിയറിയാതിന്നലഞ്ഞിടുന്നു....
വർഷങ്ങൾ മറഞ്ഞാലും
വസന്തങ്ങൾ
കൊഴിഞ്ഞാലും എന്നുമെൻ
മനസ്സിൽ തീർക്കുന്നു
നീയൊരു
മൃദുലാനുരാഗത്തിൽ
പൂവസന്തം....

**അമൃത എസ്.**
11 C
സെന്റ് തോമസ് എച്ച്.എസ്.എസ്. അമ്പൂരി
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# പ്രകൃതിയുടെ മാറ്റം

കിനാവുകണ്ടുറങ്ങുമാ രാത്രിയിൽ
കാണുന്നു ഞാനാ സുന്ദരദ്വീപിനെ
അതിശയം പൂണ്ടു ഞാൻ നില്പൂ
ആ ശോഭനമേറുമാ സുന്ദരദ്വീപിനെ

കാട്ടുപൂഞ്ചോലകൾ മന്ദമായൊഴുകി
വിടവിൻനടുവിലൂടതാ കുതിച്ചുചാടി
മനംമയക്കുമാ ഭംഗിയോടതാ പായുന്നു
ആദ്യാവസാനമില്ലാത്തൊരോട്ടം

വായുവിൽനിന്നുടലെടുത്ത ഇളംകാറ്റ്
പൂവണിയും തരുക്കളെ തഴുകിടുന്നു
ചിലയ്ക്കും പക്ഷിതൻ നാദമെൻ
കർണങ്ങൾക്ക് ഇമ്പമായ്ത്തോന്നിടുന്നു

ചേവടിരണ്ടുമാ ദ്വീപിൽ പതിച്ചുടൻ
എവിടെനിന്നോ അണയുമാനന്ദം
മറക്കാനാകില്ലാ രൂപമെൻ
പതിഞ്ഞാ ചിത്രമെൻ ഹൃത്തടങ്കൽ

കിനാവുകണ്ടുണരുമാ നേരം
അറിഞ്ഞുഞാനാ ഘോരസത്യം
യഥാർഥമല്ലാതൊരു കിനാവ്
അകലങ്ങളിരിക്കുമാ വിദൂരചിത്രം

അരുവിയില്ല കുരുവിയില്ല കാറ്റില്ലാത്തൊരു
മാനവജീവനുള്ളൊരു നരകത്തിൽ
അവിടെയാരംഭിച്ചതെൻ യാത്ര
എവിടെയണാ ദ്വീപ് എവിടെയാണ്?

**ജ്യോസ്ന എൽ.ആർ.**
9 D
സെന്റ് തോമസ് എച്ച്.എസ്.എസ്. അമ്പൂരി
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# ഓർമ്മപ്പെടുത്തലുകൾ

ജനൽച്ചില്ലയിൽ
കാറ്റായും
കിളിയായും
മണമായും
കാഴ്ചയായും
പ്രകൃതിയുടെ
ഓർമ്മപ്പെടുത്തലുകൾ
ഇറങ്ങല്ലേ,
പുറത്തേക്കു
തുരത്തണം
നമുക്ക്
കോറോണയെ

**ദേവിക പി.യു.**
4
സെന്റ് തോമസ് എൽ.പി.എസ്. കറിക്കാട്ടൂർ
കറുകച്ചാൽ ഉപജില്ല, കോട്ടയം

# മണ്ണും മനുഷ്യനും

മണ്ണിലെ മനുഷ്യനായി പിറന്നുവീണ നാൾ മുതൽ
മല്ലിടുന്നു ഭൂമിയിൽ നാളിതുവരെ
മണ്ണ് ഇതിൽ ഉയർന്നൊരീ
കൊറോണ എന്നൊരു മഹാമാരിയെ നേരിടും
തുരത്തിടും ജ്വാലയിൽ കുരുത്തവർ
മനുഷ്യനെ മനുഷ്യനായി
കാണുവാൻ സഹിക്കുവാൻ ക്ഷമിക്കുവാൻ മറക്കുവാൻ
പഠിച്ചതീവേളയിൽ

**ശ്രീനന്ദന**
5 B
സെന്റ്മേരീസ് ഗേൾസ് ഹൈസ്കൂൾ
കായംകുളം ഉപജില്ല, ആലപ്പുഴ

# മഴ

പെയ്യാൻ വിതുമ്പുന്ന മഴക്കാറുകളിൽ
ചിലപ്പോഴൊക്കെ ഞാൻ കാണാറുണ്ട്,
നഷ്ടമാകുന്ന കാഴ്ചകളുടെ
തീവ്രവേദന... എന്റെ കൈക്കുടന്നയിൽ
വീണു ചിതറുന്ന ഓരോ മഴത്തുള്ളിയിലൂടെയും
ഞാൻ അറിയുന്നുണ്ട്,
നഷ്ടപ്പെടലിന്റെ
തീരാദുഃഖം...
അനന്തമായ കാത്തിരിപ്പിനൊടുവിൽ
സ്മൃതിമണ്ഡലങ്ങളിൽ
തിരിച്ചറിയലിന്റെ
ഗദ്ഗദങ്ങളുമായി
ചിതറിവീഴുന്ന  മഴച്ചീളുകളിൽ
ഞാൻ കാണാറുണ്ട്,
സ്നേഹത്തിന്റെ നീർക്കണങ്ങൾ
മയങ്ങിക്കിടക്കുന്നത്...

**ജോസ്മിയ സി. ജോൺസ്**
6 എ
സെന്റ് തോമസ് എ.യു.പി. സ്കൂൾ
സുൽത്താൻ ബത്തേരി ഉപജില്ല, വയനാട്

# ഏട്ടനും അനിയത്തിയും

ഏട്ടാ ഏട്ടാ പോകല്ലേ
വീടിനു പുറത്തേക്കിറങ്ങല്ലേ
പേടിക്കാനുണ്ട് കൊറോണയെ
പേടിക്കാനുണ്ട് പോലീസിനെ
ഇല്ലയനിയത്തി പോകേണം
ഏട്ടന് പുറത്തേക്കോടേണം
വീട്ടിലിരുന്നു മടുത്തല്ലോ
കൂട്ടരെയൊക്കെ കാണേണം
വേണ്ട ഏട്ടൻ പോകേണ്ട
പുറത്തേക്കിറങ്ങാൻ പാടില്ല
വാർത്തകൾ എല്ലാം കണ്ടൂടേ
ഏട്ടനൊന്നും അറിഞ്ഞൂടേ
വീട്ടിലിരിക്കാൻ പാടില്ലേ
നിയമം നമ്മൾ പാലിക്കേണ്ടേ
ഏട്ടൻ തന്നെ പറഞ്ഞിട്ടില്ലേ.
മോളും പറഞ്ഞാൽ പിന്നെന്താ
ഏട്ടൻ എവിടെയും പോണില്ല
മോളുടെ കൂടെ ഇരിക്കാല്ലോ
പാട്ടും കളിയും ആവാല്ലോ
ഏട്ടൻ ഏട്ടൻ നല്ലേട്ടൻ
ഏട്ടന് കളിക്കാൻ മോളില്ലേ
കളിയും പാട്ടും ആവാല്ലോ
കഥകൾകൂടെ പറയാല്ലോ
കോറോണയെല്ലാം പോയിട്ട്
പുറത്തുപോയി കളിക്കാല്ലോ

**സാൽവിൻ സാജു**
3 A
സെൻറ് ലിററിൽ തെരേസാസ് എൽ.പി.എസ്. വാഴക്കുളം
കല്ലൂർക്കാട്, എറണാകുളം

# പുഴയൊഴുകുന്നു വീണ്ടും

പുഴയലിഞ്ഞൊഴുകുന്ന വീണ്ടും മന്ദമായ്
പ്രളയകാഹളം തീർത്തോരിടങ്ങളിൽ
മഴയുതിർക്കട്ടെ ഭൂമി നനയട്ടെ
നദി നിറഞ്ഞപ്പോൾ ഹർഷം മുഴക്കി നാം
മഴതിമർക്കട്ടെ ഭൂതലം കുളിരട്ടെ
കരയടർന്നപ്പോൾ കൈത്തലം കൊട്ടി നാം
മഴ പെരുക്കുമോ പേമാരിയാകുമോ
കരയുടഞ്ഞപ്പോൾ ചകിതരായി നാം
ഉരുളുപൊട്ടലിൽ ഉള്ളം കിടുങ്ങിയും
മഴകനത്തതും പുഴകൾ നിറഞ്ഞതും
ഇരവുപകലുകൾ ഒന്നായിനിന്നതും
പതിവുതാളം ക്രമം തെറ്റി വീണതും
മരണതാളം പ്രകമ്പനം കൊണ്ടതും

അരവിനാഴികയ്ക്കെല്ലാം തകർന്നതും
അസുരതാണ്ഡവം മഴയായി വന്നതും
മഴയിഴഞ്ഞു പെരുമ്പാമ്പുപോലവേ
ഞൊടിയിടയ്ക്കതു കൊണ്ടുപോയി നാടിനെ
നഗരമുറ്റം ചെളിക്കളമാക്കിയും
മതിലുകല്ലുകൾ മറയല്ലെന്നോതിയും
കാട്ടുമക്കളും നഗരപ്രഭുക്കളും
ഒരുമയോടന്നു ഒന്നായ് കഴിഞ്ഞതും
കതിരുവിളയുന്നോരറകൾ പതിച്ചതും
ഇരുനിലകൾ നിലംപൊത്തി വീണതും
അരുമബാല്യത്തിൻ ആന്ദോളനത്തിനായ്
അരികിലാടിയ നൂലിൽ പിടിച്ചതും
കാറ്റിലാടിക്കയറുന്ന നേരമാ
പെരിയ സൈന്യത്തിൽ കണ്ടു ഞാൻ ദൈവത്തെ
കടലിനക്കരെ കാണാത്തുരുത്തിൽ നിന്നൊരുവനെത്തി
പുറം കാട്ടി നിൽക്കുവാൻ
കൊന്തപൂണൂലുകൾ വെള്ളത്തിലാഴ്ന്നനാൾ
പുഴുവരിച്ച മൃഗങ്ങൾ പക്ഷികൾ
മനുഷ്യരോദനം നീളുന്ന നാടുകൾ

എന്റെ നിന്റെ യും രമ്യഹർമ്മ്യങ്ങളും
എല്ലാം ഒന്നായ് അമർന്നമരുന്നതും
ഉറ്റതെല്ലാം കൈവിട്ടുപോയിനി
കഷ്ടമെണ്ണി കഴിഞ്ഞൊരാ നാളുകൾ
അതിരുകൾ തീർത്ത മർത്ത്യമനസ്സുകൾ
അതിരുണ്ടെന്നറിഞ്ഞൊരാ നാളുകൾ
പെരിയ വെള്ളത്തിലാഴുന്ന കൂരകൾ
ഇനിയുമെന്തെന്ന് തിക്കും തിടുക്കവും
ഒടുവിൽ മൃത്യുതൻ അഭയക്കളങ്ങളിൽ
തൃണസമം ജീവനെന്നറിയുമ്പോഴും
ഒരുതരിച്ചോറിനണിയണി നിരക്കുവാൻ
ഹിന്ദുക്രിസ്ത്യനും കൈപിടിക്കുന്നതും
ഇവിടെ നാം തീർത്ത വർണവ്യത്യാസങ്ങൾ
ഇനിയുമെന്തിനണിഞ്ഞു ജീവിക്കണം
കടലുകാക്കുവോർ കാത്തോരിടമിത്
കരുണയുള്ളവർ കാവലായീടുവോർ
ഇവിടെ ഞങ്ങൾക്കു മതമില്ല ജാതിയും
ഇവിടെയുള്ളതോ നന്മതൻ മന്ത്രണം
ചോരതൻ നിറം ഒന്നെന്നതോർക്കണം
ജീവവായുവും ഒന്നെന്നറിയണം
പരമസത്യം മനുഷ്യത്വമോർക്കണം
പ്രകൃതി പാഠം പഠിപ്പിച്ചതോർക്കണം

**കൃഷ്ണപ്രിയ**
10 എ
സെന്റ് ജോൺസ് എച്ച്.എസ്.എസ്. ഉണ്ടൻകോട്
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# അതിജീവനത്തിനായി...

ഇതൾപോൽ കൊഴിയുന്ന
ദിനരാത്രങ്ങളിൽ
ഓർമ്മകൾ ആഴ്ന്നിറങ്ങുന്നു...
സ്കൂളിൽ പോകാനായി
രാവിലെ ഉണർന്നതും
കൂട്ടുകാരുമായി ഓടിക്കളിച്ചതും
ഇന്ന് ഞാൻ ഓർത്തിടുന്നു
അമ്മ ഉണ്ടാക്കിയ ചോറ്
രുചിയോടെ ഉണ്ണിടുമ്പോൾ
ഫാസ്റ്റ്ഫുഡിന് ക്യൂനിന്നത്
ഓർമ്മകൾ മാത്രമായിടുന്നു.
നന്മകൾ തിന്മകൾ
ചികയാതെ ചെയ്തപ്പോൾ
കാലം തിരിച്ച്
ചോദിച്ചീടുന്നു...
കൂട്ടിലടച്ച കിളിക്കുഞ്ഞിനെപോൽ
എല്ലാരും വീട്ടിലടച്ചീടുന്നു...
കൊറോണയിൽ
കുരുതിക്കളമായി മാറിടുന്ന ലോകത്തെ
രക്ഷിച്ചീടണമേ ദൈവമേ...
ഈ കാലത്തെ മാറ്റിടണമേ...
അതിജീവിക്കാൻ
കെൽപ്പുതന്നീടണമേ...
കൊറോണ എന്ന മഹാമാരിയെ തച്ചുടച്ചീടണമേ...

**ഫാത്തിമ എ.എൻ.**
3 സി
സെൻറ് ഫിലോമിനാസ് ഗേൾസ് എച്ച്.എസ്. പൂന്തുറ
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# രോഗം

മാനവകുലമിന്നു നാശത്തിന്റെ -
പാതയിലാകുന്നു കൊറോണയാൽ.
വായുവിലൂടെ പകർന്നിടുന്ന -
കൊറോണരോഗം മഹാമാരിയായ്.
ലോകത്തെ എങ്ങും നിശ്ചലമാക്കി-
പൊട്ടിപ്പുറപ്പെട്ടു വൻമാരിയായ്.
ജാതിമതത്തിന്റെ ഭേദമെന്യേ
ലോകത്തിലോട്ടാകെ പകർന്നിടുന്നു.
പണ്ഡിതൻമാർക്കും പാമരൻമാർക്കും
കുബേരൻമാർക്കുമെല്ലാം
വയസ്സിൻ വ്യത്യാസമൊന്നുമില്ലാതെ-
ഒന്നുപോൽ വന്നുഭവിച്ചിടുന്നു.
കല്യാണമില്ല ചടങ്ങുകളില്ല-
ആഡംബരങ്ങളിന്നൊന്നുമില്ല.
വിപണിയിലൊട്ടു സാധനങ്ങളില്ല
രോഗത്തിനോ, മരുന്നുമില്ല.
ടീവി തുറന്നാൽ കൊറോണ-
പത്രം തുറന്നാൽ കൊറോണ.
മനുഷ്യജീവനിന്നെന്തു വില
ലോകാവസാനമിന്നിങ്ങെത്തിയോ?

**സുൽത്താന**
4 ബി
സെൻറ് ഫിലോമിനാസ് ഗേൾസ് എച്ച്.എസ്. പൂന്തുറ
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# ഹോയ്!

കൊറോണയോ, ഏയ്
അതങ്ങ് ചൈനയിലല്ലേ
നമുക്കെന്ത്, ഹാ, ആടാം
പാടാം ആർത്തുല്ലസിച്ചീടാം.
പെട്ടെന്നതാ മലവെള്ളപ്പാച്ചിലുപോൽ
ഇരച്ചെത്തി ഹിമാലയമേരുവും കടന്ന്
പടവലം പോൽ നീണ്ടിരിക്കും
ഇങ്ങീ കൊച്ചുകേരളത്തിലും
ഓടടാ ചാടെടാ മനുഷ്യാ
പോയി ഒളിക്കെടാ എങ്ങാണ്ടും
കൊറോണയുണ്ടോ വിടുന്നു, പിന്നാലെ
വിടില്ല ഞാൻ മഹാമാരിപോൽ മൂടിടും
പേടികൊണ്ട് ഹാ മനുഷ്യകുലം
കേട്ടു കൊറോണതൻ ഉഗ്രശാസനം
പെട്ടെന്നിതാ കേട്ടിട്ടുടനെ വിളി -
പ്പാടകലെ ജനതാകർഫ്യൂവെത്തി.
പിന്നെയും വന്നിതേ ലോക്ഡൗൺ
മനുഷ്യർ അടച്ചിരിപ്പൂ വീട്ടിനുള്ളിൽ
എത്ര മനോഹരകാഴ്ചകൾ
രസകരമത്രേ അതിശയമത്രേ
അല്ല ഇതാര്, അമ്മയോ അച്ഛനോ
സോദരരോ അത്ഭുതമെത്രയീ കാഴ്ചകൾ.
തൊടിയിലിറങ്ങി പാടത്തേക്കിറങ്ങി കാൺമൂ
ചേന, ചേമ്പ്, കാച്ചിൽ ഇത്യാദി കനികളാദ്യമായ്
രുചിയേറും കറികൾ നാവിലലി -
ഞ്ഞത്രേ ഓരോന്നായി, വേണ്ട
ടിൻഫുഡ്, ഫാസ്റ്റ്ഫുഡ് ഒന്നുമേ
തിരിച്ചറിവിനായ് കൊറോണ വരേണ്ടിവന്നത്രേ
ഹേയ് കൊറോണ, തുരത്തും നിന്നെ ഞങ്ങൾ
ജാഗ്രതയാൽ ശുചിത്വത്താൽ പോരാടും
ഞങ്ങൾ നിന്നെ തുരത്തും!

**ഡൊമിതാ മോൾ**
7
സെൻറ് ഹെലൻസ് ഗേൾസ് എച്ച്.എസ്. ലൂർദുപുരം
നെയ്യാറ്റിൻകര ഉപജില്ല, തിരുവനന്തപുരം

# മാരി

നാടിനെ നടുക്കുവാൻ
വന്നിടും കോറോണയെ
നാടിനൊപ്പം നിന്ന് നാം
തളയ്ക്കണം തളയ്ക്കണം

ഓഖിയെ തളർത്തിയ
നിപ്പയെ തുരത്തിയ
പ്രളയകാലം താണ്ടിയ
വിശ്വദീപമാണു നാം

കേളികേട്ട കേരള
മണ്ണിൽ നാം പണിയണം
അന്യനാടിനൊക്കെയും
നല്ലനല്ല മാതൃക

പേടി വേണ്ട ഒട്ടുമേ
വേണം നമുക്ക് ജാഗ്രത
നാടിനൊപ്പം നിൽക്കുക
വൃത്തിയോടെ നിൽക്കുക

കാവലുണ്ട് നായകർ
വേവലാതി എന്തിന്
അതിജീവനത്തിൻ
ഗാഥകൾ രചിച്ചു നാം

കുതി കുതിച്ചു പോവുക
വിജയം നേരിടും വരെ

**നജ ഫാത്തിമ**
6 A
ശങ്കരവിലാസം യു.പി. സകൂൾ
കൂത്തുപറമ്പ് ഉപജില്ല, കണ്ണൂർ

# പരിവർത്തനകാലം

ഈശ്വരൻ സംതൃപ്തൻ
കറുത്ത പുക ശ്വസിക്കേണ്ട
തെളിഞ്ഞ അന്തരീക്ഷത്തിൽ
സുഗമസഞ്ചാരം...
തുളവീണ മുറിവെല്ലാം ഉണങ്ങി
സഹനശക്തിയെ ചോദ്യം
ചെയ്തവർ സഹിക്കുന്നു
ഇന്നിന്റെ നിയമങ്ങളെ
തിരുത്തലിനുള്ള അവസരം
തരത്തിലുപയോഗിക്കുമോ ഇനിയവൻ?
പുതിയ ബോധങ്ങളുടെ
കിരീടധാരണമാവട്ടെ
ഈ കൊറോണക്കാലം

**ആര്യ**
8 L
സി.എച്ച്.എസ്.എസ്. പോത്തുകല്ല്
നിലമ്പൂർ ഉപജില്ല, മലപ്പുറം

# പേടി വേണ്ട

പേടി വേണ്ട
പേടി വേണ്ട
കൊറോണയെ
പേടി വേണ്ട
മാസ്ക്കുകൾ
ധരിച്ചിടാം
സുരക്ഷിതരായ്
വീട്ടിലിരിക്കാം.

**ശബരിനാഥ് എൻ എസ്**
1 എസ് എൻ എൽ. പി. എസ്. കൊടുവഴങ്ങ
ആലുവ ഉപജില്ല, എറണാകുളം

# മഹാമാരി

കൊറോണയെ തുരത്തിടാം
ഒരുമയോടെ നിന്നിടാം
ലോകഭീതി അകറ്റിടാം
ഭയപ്പെടാതെ നീങ്ങിടാം

വീട്ടിൽത്തന്നെ നിന്നിടാം
പ്രകൃതിയോടിണങ്ങിടാം
കൃഷികളൊക്കെ നോക്കിടാം
യാത്രയൊക്കെ നിർത്തിടാം

മുഖപടം അണിഞ്ഞിടാം
കൈകൾ രണ്ടും കഴുകിടാം
സോപ്പ് കൊണ്ട് കഴുകിടാം
അണുവിമുക്തമാക്കിടാം

മുന്നിൽ നിന്നു പൊരുതിടാം
മാനവരെ കാത്തിടാം
ഐക്യത്തോടെ നിന്നിടാം
വിപത്തിനെ ചെറുത്തിടാം

ഒരുമയോടെ കരുതലോടെ
തകർത്തിടാം തുരത്തിടാം
നാട്ടിൽ നിന്നകറ്റിടാം
കൊറോണയെന്ന മാരിയെ....

**ഐശ്വര്യ പ്രസാദ്**
7 A
ശാലേം യു.പി.എസ്. കൊഴുവല്ലൂർ
ചെങ്ങന്നൂർ ഉപജില്ല, ആലപ്പുഴ

# വൈറസ് എന്ന ഇരുട്ട്

ഇതുപോലെ നാം തമ്മിൽ അകലാതിരിക്കാനായ്
നിമിഷങ്ങൾ വിരിയാതിരിക്കാനായ്
അതിജീവിക്കണം.
ഇന്നു നാം അകലത്തിൽ നിന്നിടണം.
ഇന്ന് ഒറ്റപ്പെടൽ ദുഃഖമാണെന്നിരുന്നാലും
വാഴേണ്ടതല്ലേ ഇനിയും?
മനസ്സുകൊണ്ടിന്ന് ഒരുമിച്ചു നാം
നിന്റെയുള്ളിൽ ഉറങ്ങിക്കിടക്കുന്നൊരീ
ഇരുട്ടിനെ നീക്കി വെളിച്ചമേകിടണം.
ചിന്തകളാകുന്ന പുഷ്പങ്ങൾ ഇനിയങ്ങു വിടരട്ടെ.
രോഗം അതെന്നും മനുഷ്യനാണ്.
മഹാമാരിയെ എന്നേക്കുമായ് തുരത്താം.
മനസ്സാണു നമ്മുടെ പടച്ചട്ടയും
പണമില്ലയിവിടെ
കൈവേണ്ട ഇന്ന് മനസ്സുകോർക്കാം
കരുതലാണായുധം എന്നോർക്ക നാം
കൈയിതും മെയ്യും ശുചിയാക്കിടാം.
കൂടെ പ്രവൃത്തിയും ചിത്തവും
ശുചിയാക്കിടാം.
കരുതൽ ഏകുന്നവർക്കായ്
അരികിലില്ലെങ്കിലും അടുക്കുവാനായ്
എന്തിനേയും
നമുക്കൊന്നിച്ചു
ഉള്ളിലെ മാറാല തുടച്ചുനീക്കി പുതുമയേറുന്ന സൃഷ്ടികൾ
പെറുക്കിവയ്ക്കൂ.
ജാതിമതമില്ല
കൈകൂപ്പിടാം
പുഞ്ചിരികൾ പുഷ്പങ്ങളായേകിടാം.
അകലേക്കു നീക്കിടാമീ അന്ധതയെ...

**കൃഷ്ണതാര കെ.ആർ.**
9 A
സി.എ.എം.എച്ച്.എസ്. കുറുമ്പകര
അടൂർ ഉപജില്ല, പത്തനംതിട്ട

# SINGLE AND ALONE

I don't know ,why other say
‘A wast combo’, for me it's a ‘yaay’ ! opportunity
Before getting mad at me,
Take a moment to listen.

In this busy buzzing world,
I wonder why, nobody taking a pause,
To look into ourself, deep into the soul,
Indeed we keep on choosing the soul
Instead we keep on others to satisfy.

Hey! I promise you this, I swear,
If you can't happy yourself, no people can help you
So I say being single and alone is a place,
Where you explore yourself day by day.

AKASH BLESSON
12 B MTHSS VENMONY
ചെങ്ങന്നൂർ ഉപജില്ല, ആലപ്പുഴ

# കാറ്റ്

മുല്ലപ്പൂ തല്ലിക്കൊഴിച്ച കാറ്റേ
കള്ളനെപ്പോലെ മറഞ്ഞകാറ്റേ
നിൻമുഖം കാണുവാനെത്ര നാളായ്
ഉമ്മറത്തിണ്ണയിൽ ഞാനിരുപ്പൂ
എങ്ങുമേ കാണുവാനായില്ല! പക്ഷെ
ഉമ്മവയ്ക്കുന്നു നീയെൻ കവിളിൽ
ഒന്നെന്റെ കൺമുന്നിൽ വന്നുകൂടെ
ഒന്നിച്ചൊരല്പം കളിച്ചുകൂടെ

**ദേവിക**
3 എ എം.ഡി.എൽ.പി.സ്കൂൾ പുത്തൻകാവ്
ചെങ്ങന്നൂർ ഉപജില്ല, ആലപ്പുഴ

# ഹരിത വിദ്യാലയം

മാവുകൾ പൂത്തു മണം പരന്നു
പച്ചക്കുടയായ് ബദാം മരങ്ങൾ
അണ്ണാറക്കണ്ണന്മാർ കാക്കകളും
വിദ്യാലയത്തിൽ വിരുന്നു വന്നു
ടീച്ചറും കുട്ട്യോളും മാന്തണലിൽ
പാടിപഠിക്കുവാനൊത്തുകൂടി
ചക്കപ്പഴത്തിൻ മധുരഗന്ധം
ദിക്കെല്ലാം വാരിവിളമ്പി തെന്നൽ
അണ്ണാനും കാക്ക കുയിലുകളും
തമ്മിൽ കലഹമായ് ചക്കയുണ്ണാൻ
താലോലമാടും മുരിങ്ങകളും
താളം പിടിക്കുന്ന നെല്ലികളും
കാണുവോർക്കെല്ലാം രസം പകരും
ഹായ് !നല്ല സുന്ദരം വിദ്യാലയം!

**അമൃത എസ്**
3 എം,എസ്.സി.എൽ.പി.എസ്. ചെറിയകൊല്ല കുടയാൽ
പാറശ്ശാല ഉപജില്ല
തിരുവനന്തപുരം

# WIPE OUT

Oh my World...!
Never expected...
Oh...! My world your brink is going to fall down.
I know you hears the whimper of your people.
Solemnly.....!

Your people's high pitch cry makes you cry!
Just because of a tiny shaped crown....
Your people suffer a lot with a fearful eyes.
Break the chain....!

Only to an end with precautions and faith!
To fight it and whacked the tiny one..!
To pursue the happiness with hygiene and clean.
Cure the illness.....!

With hygiene and precaution to kill the germs...
We can wipe out by holding our hands together.
To heal sickness and sense happiness again..

**മുഹമ്മദ് ജംഷീർ**
5 A, എം.എ.എം.യു.പി.എസ് അറക്കൽ
വേങ്ങര ഉപജില്ല
മലപ്പുറം

# ആനക്കുട്ടനും കൊറോണയും

കാടും മേടും കടന്നിട്ടങ്ങനെ
ആനക്കുട്ടൻ വരണുണ്ടേ
മഴയത്തങ്ങനെ തുള്ളിത്തുള്ളി
നാട്ടിലങ്ങനെ എത്തിപ്പോയ്
ആളൊഴിഞ്ഞ അങ്ങാടികളിൽ
ആനക്കുട്ടൻ സവാരിയായ്
കടയിലെങ്ങോ പഴക്കുല കണ്ട്
ആനക്കുട്ടന് കൊതിയായി
പെട്ടെന്നതാ സൈറൺ മുഴക്കി
പോലീസ് വണ്ടി വരവായി
ആനയെക്കണ്ട് പോലീസ് ഏമാൻ
ആദ്യമൊന്ന് ഞെട്ടിപ്പോയ്
ലാത്തി കണ്ട് ആനക്കുട്ടനും
ഓടിപ്പോവാൻ തോന്നിപ്പോയ്
പേടിക്കേണ്ടത് കൊറോണയെയെന്ന്
പോലീസ് ഏമാൻ ചൊല്ലിപ്പോയ്
കൊറോണയെന്ന് കേട്ടയുടനെ
ആനക്കുട്ടൻ ഓടിപ്പോയ്

**അബ്ഷർ റഹ്മാൻ കെ**
4 അ എം എ എൽ പി സ്കൂൾ വാലില്ലാപുഴ
അരീക്കോട് ഉപജില്ല
മലപ്പുറം

# വിജയം നമ്മുടേത്

കോറോണയെന്നൊരു മാരക വൈറസ്
ലോകം മുഴുവൻ പടർന്നു നിറഞ്ഞു .
ലോകം മുഴുവൻ ലോക്ഡൗണായി
മരണപ്പെട്ടവർ ലക്ഷമതായി .
മരുന്നുകളില്ല മന്ത്രവുമില്ല
പ്രതിരോധം തൻ പോംവഴി മാത്രം .
സോപ്പ്കളിട്ട് കൈകൾ കഴുകൂ
മാസ്ക് ധരിക്കൂ അകലം തേടൂ.
റോഡിൽ ചുറ്റി തിരിയരുതാരും.
വികസിതരാജ്യം നിന്ന് വിറച്ചു
ആയുധ ശക്തികൾ ഒന്നും പോരാ
ലോകത്താകെ അഭിമാനവുമായി
'കേരളമോഡൽ 'നിന്നീടുന്നു .
ആരോഗ്യത്തിൻ സുരക്ഷയൊരുക്കി
വിജയം നമ്മൾ നേടുക ചെയ്യും

**ശ്രീഹരി.എം**
4 ആ എം.എൽ.പി.സ്കൂൾ പാലക്കൽ
ചവറ ഉപജില്ല

# കാലം കുറിച്ചു വെച്ചത്

തളരാതെ പൊരുതുക, പൊരുതി മുന്നേറുക
ഇടറില്ല പതറില്ല നമ്മൾ
ഓർത്തു വെക്കേണ്ടതായുണ്ട് നാം തീർത്തൊരീ
അതിജീവനത്തിന്റെ മന്ത്രം
ഒരോരോ യാമങ്ങൾ തീരുന്ന നേരവും
ആരോ പഠിപ്പിച്ച കാര്യം
ദൂരത്ത് നിന്നു കൊണ്ടോരത്തു നിൽക്കാമെ
ന്നാദ്യം പഠിച്ചോരു പാഠം
നിൽക്കാതിരിക്കാതെയുച്ചയ്ക്കു ചൂടത്ത്
നാടിനെ കാത്തോരെ ത്യാഗം
കണ്ണിമ വെട്ടാതെ കാവലായ് തീർന്നൊരു
മാലാഖമാരെ നമിക്കാം
കൈയകലെ നിന്നു കൈത്തലം ചേർത്തിട്ട്
കാലത്തെ വന്ദിച്ചു നമ്മൾ
കൂടെ നിൽക്കുന്നോരെ, കൂട്ടിരിക്കുന്നോരെ
ജാതി ചോദിച്ചില്ല നമ്മൾ
റേഷനരികൊണ്ടു കഞ്ഞിവെച്ചുണ്ടുകൊ
ണ്ടെത്ര ദിനങ്ങൾ കഴിച്ചു നമ്മൾ
ഞാനില്ല നീയില്ല നമ്മളെയുള്ളുവെ
ന്നുള്ളോരു ലോകൈക തത്വം
നെഞ്ചൊടു ചേർക്കുകിപ്പാഠങ്ങളൊക്കെയും
ലോകാവസാനം വരേയ്കും
ദൂരങ്ങൾ താണ്ടി നാം തീരമണയുമ്പോഴും
കരുതലിൻ കവചങ്ങൾ കരുതാം

**നിസ്മ മറിയം**
10 എം.ജെ എച്ച് എസ് എസ്, എളേറ്റിൽ
കൊടുവള്ളി ഉപജില്ല
കോഴിക്കോട്